# Dr. Ayathan Gopalan Memorial English Medium High School

KOZHIKODE - 673 004 ▪ PHONE: 0495-2723287

# SOUVENIR 2009-2010

# ഉള്ളടക്കം


- പാരമ്പര്യധന്യമായ ഒരു കുടുംബം
- ബേബിയേട്ടൻ എന്ന സ്നേഹസമ്പന്നൻ
- എ.ബാലഗോപാൽ: തളരാത്ത ജനസേവകൻ
- ഞാൻ അറിയുന്ന ബേബിയേട്ടൻ
- റാവു സാഹിബ് ഡോ. അയ്യത്താൻ ഗോപാലൻ
- Do you want to be Happy?
- The way to Success
- Role of Students for a better Society
- The Lazy Lion
- Value of Time
- A spider in the web
- Morning Comes up Again
- The story of English
- White Swan
- Examination fever
- The Omnipresent
- Troubling of Nandu
- War of Worlds
- Friend in my life
- Our Gardener
- Flowers
- Spring
- Simple Psychology
- നവോത്ഥാനത്തിന്റെ നായകൻ
- ഞാൻ കണ്ട ജാംബൂരി
- വ്യവസായ നഗരത്തിലേക്കൊരു യാത്ര
- മൈസൂരിലേക്ക് ഒരു യാത്ര
- പരസ്യങ്ങളുടെ ലോകം
- ജലം ഒരമൂല്യവസ്തു
- ചെറുശ്ശേരിഗാഥ ഒരു ആസ്വാദനം
- ശ്രീനാരായണഗുരു
- സ്ത്രീ ഒരു പഠനം
- ഭക്തിഗാനങ്ങൾ
- അമ്പിളി
- കണ്ണന്റെ ഓടക്കുഴൽവിളി
- പരിസ്ഥിതി മലിനീകരണം
- ഉണ്ണിയേട്ടന്റെ വരവ്
- നിശാഗന്ധിയുടെ അന്ധത
- തെരുവ്പുത്രി
- അമ്പിളിമാമൻ തന്നെ ഓർക്കുമ്പോൾ!
- മഴ കൊണ്ടുവന്ന ബാരിശ്
- തയ്യാർ: സ്കൗട്ടിംഗ്– സാധ്യതകൾ
- കേഴുന്ന പക്ഷി
- കാണാതെ പോയവൾ
- ഒത്തൊരുമിച്ചാൽ
- അമ്മു
- ഉപഭോഗ സംസ്കാരവും പരിസ്ഥിതിയും
- യഥാർത്ഥ അവകാശി
- ഓർമ്മയുടെ അഴിക്കൂട്ടിൽ
- മഴ വന്നപ്പോൾ
- കൂടില്ലാത്തണ്ണാൻ
- ആനക്കാഴ്ച
- സ്വപ്നം
- എന്റെ ജീവിതം
- മാനവ സമുദായവും ലോക സമാധാനവും
- സഹോദരങ്ങൾ
- ആലിലക്കണ്ണൻ
- പൂന്തോട്ടം
- നമ്മുടെ ഭാഷ
- മലയാളികളിൽ വായനാശീലം കുറയുന്നു



നന്മ നിറഞ്ഞ ചരിത്രപാരമ്പര്യങ്ങളുടെ
വിളനിലമായ കുന്നത്തലക്കോന്റെ
കുലനഗരിയിലെ രാജവീഥികളിൽ
കാലാതിവർത്തിയായി നിലനിൽക്കുന്ന
കാൽപാടുകൾ പതിച്ച് നടന്നുപോയ
മഹാമനുഷ്യസ്നേഹിയായ
ബേബിയേട്ടന്റെ
ജന്മശതാബ്ദിയോടനുബന്ധിച്ച്
പ്രസിദ്ധീകരിക്കുന്ന
ഈ സ്മരണിക
അദ്ദേഹത്തിന്റെ
ദീപ്തസ്മരണയ്ക്ക് മുന്നിൽ
സാഭിമാനം സമർപ്പിക്കുന്നു.

# *Our former Manager*



**ANANDALAKSHMI**

# Our Manager



**A. SUJANAPAL**



**KABIR DAS**
(President, Brahma Samaj, Calicut)



**PRABHAKUMAR**
(Secretary, Brahma Samaj, Calicut)

# EDITORIAL DESK

*The human mind is the seed ground where ideas germinates, ideas that can lead to a happy and prosperous world. In this context, the temple of learning has a vital role to play to nurture the young minds, nourish and cultivate them so that they stand on the there hold of adulthood and adopt the creative path.*

*A child's creativity is latent, yearning to burst forth and to be recognized. The power of the mind is such that it trans for us ideas into reality, the abstract into concrete. God has blessed all the children with talents. School Magazine is an instrument to develop artistic, literary and imaginative qualities of the young minds.*

*The dreams and imaginations of the bubbling minds have taken the shape as poems, stories, essays, pictures etc.*

*We are all pleased to bring out this first printed school magazine which gives young minds the medium to express their creativity. This is a long cherished dream of all of us for a long time.*

*We gratefully acknowledge all those who have directly or indirectly associated with us to make this humble venture a reality.*

*It is most appropriate that the magazine is dedicated to the memory of the founder of our school Sri. A. Balagopal.* ■



**O. JAYANTHI**
(Headmistress)

# Our Pioneer



ജീവിതം ഒരു പാപമാണ് എന്ന ധാരണ തികച്ചും തെറ്റാണ്.
അത് ദൈവദത്തമായ ഒരനുഗ്രഹമാണ്.
ദിവ്യനിയമം തെറ്റിക്കുന്നതാണ് പാപം.
ആത്മാർത്ഥമായി പശ്ചാത്തപിച്ചാൽ
പാപത്തിന് പരിഹാരം ലഭിക്കും.

**രാജാറാം മോഹൻ റോയ്**




**A. BALAGOPAL MEMORIAL BUILDING**

INAUGURATED BY SRI. OOMMEN CHANDY (OPPOSITION LEADER), ON 27TH FEB. 2010

## *Editorial Board*


- Chief Editor:
  O. Jayanthi
  (Headmistress)

- Staff Editor :
  Jayanthi Kumari Teacher

- Student Editor :
  Shyam kumar

- Editorial Board members :
  Shajina. M.K,
  Shimna
  Jayanthi Kumari,
  Swapna. K
  Vasantha. P
  Sithara. M.K
  Goutham P. Sathyapal
  Amruthasree

- Layout & Cover:
  Vikas Kandoth
  IT section AGMEMHS

- Special Thanks :
  Chelavoor Venu

# എ. ബാലഗോപാൽ

## ലഘുജീവചരിത്രം

**കേ**രളത്തിലെ ബ്രഹ്മസമാജസ്ഥാപകനായ ഡോ. അയ്യത്താൻ ഗോപാലന്റെയും ശ്രീമതി കൗസല്യയുടെയും മകനായി എ. ബാലഗോപാൽ 1907 നവംബർ 1-ാം തിയ്യതി കോഴിക്കോട് ജനിച്ചു. കോഴിക്കോട് സെന്റ് ജോസഫ്സ് ഹൈസ്കൂളിലെ വിദ്യാഭ്യാസത്തിന് ശേഷം മദ്രാസിൽനിന്ന് ഓട്ടോമോബൈൽ എഞ്ചിനീയറിംഗ് കോഴ്സ് പാസ്സായി.

മലബാറിൽ സ്വാതന്ത്ര്യസമരം കൊടുമ്പിരിക്കൊണ്ട അവസരത്തിൽ ബാലഗോപാൽ സ്വാഭാവികമായും അതിൽ ആകൃഷ്ടനായി. സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട് അറസ്റ്റ് വരിക്കുകയും. കണ്ണൂർ, വെല്ലൂർ സെൻട്രൽ ജയിലുകളിൽ തടവുകാരനായി. മുൻ രാഷ്ട്രപതിമാരായ വി. വി. ഗിരി, നീലം സഞ്ജീവറെഡ്ഢി, കമ്മ്യൂണിസ്റ്റ് നേതാവായിരുന്ന എ. കെ. ഗോപാലൻ എന്നിവരുടെ സഹതടവുകാരനായിരുന്നു അദ്ദേഹം.

സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തതോടൊപ്പം മലബാറിൽ കോൺഗ്രസ്സ് പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിലും സാമൂഹ്യ സാംസ്കാരിക രംഗത്തും സ്തുത്യർഹമായ സേവനമനുഷ്ഠിച്ചു. മലബാറിലെ ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ പ്രണേതാവ് ബാലഗോപാലായിരുന്നു. കേരള ലൈബ്രറി അസോസിയേഷൻ സെക്രട്ടറി, പറയഞ്ചേരിയിലെ സെൻഗുപ്താ ലൈബ്രറി സ്ഥാപക പ്രസിഡണ്ട് എന്നിവയ്ക്കു പുറമേ മലബാർ മെഖല മുഴുവൻ ഉൾപെടുന്ന ലോക്കൽ ലൈബ്രറി അതോറിറ്റി ചെയർമാൻ പദവിയിൽ നീണ്ട 25 വർഷം സേവനമനുഷ്ഠിക്കുകയുമുണ്ടായി.

ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിലും അദ്ദേഹം ഒട്ടേറെ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ്, മൊയ്തുമൗലവി, സി. കെ. ഗോവിന്ദൻ നായർ, കേളപ്പജി, കോഴിപ്പുറത്ത് മാധവമേനോൻ, എ. വി. കുട്ടിമാളു അമ്മ തുടങ്ങിയവരോടൊന്നിച്ച് അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. കോഴിക്കോട് താലൂക്ക് കോൺഗ്രസ്സ് കമ്മിറ്റി പ്രസിഡണ്ട്, കോഴിക്കോട് ജില്ലാ കോൺഗ്രസ് കമ്മിറ്റി വൈസ് പ്രസിഡണ്ട്, ഡി. സി. സി. സെക്രട്ടറി എന്നീ ഔദ്യോഗിക സ്ഥാനങ്ങൾ വഹിച്ചിരുന്ന ബാലഗോപാൽ, സി. കെ. ഗോവിന്ദൻനായർ പ്രസിഡണ്ടായിരുന്ന കെ. പി. സി. സിയിലും മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ് പ്രസിഡണ്ടും, ഇ. എം. എസ്. നമ്പൂതിരിപ്പാട് സെക്രട്ടറിയുമായിരുന്ന കെ. പി. സി. സിയിലും എക്സിക്യൂട്ടീവ് കമ്മിറ്റി അംഗമായിരുന്നു.

മലബാർ ഡിസ്ട്രിക്ട് ബോർഡ് അംഗം, കോഴിക്കോട് മുനിസിപ്പൽ കൗൺസിൽ അംഗം, പ്രഥമ കേരള നിയമസഭയിൽ ചേവായൂരിനെ പ്രതിനിധീകരിച്ച് നിയമസഭാംഗം എന്നിവയും അദ്ദേഹത്തിന്റെ പൊതുപ്രവർത്തന മേഖലയിലെ അംഗീകാരമാണ്. കോഴിക്കോട്ടെ ഡോ. അയ്യത്താൻ ഗോപാലൻ മെമ്മോറിയൽ സ്കൂൾ സ്ഥാപകനായ ബാലഗോപാലിന്റെ സഹധർമ്മിണി ആനന്ദലക്ഷ്മി (ജീവിച്ചിരിപ്പില്ല)യാണ്. മുൻ കേരള പരിസ്ഥിതി-വനം വകുപ്പ് മന്ത്രിയും എ. ഐ. സി. സി. അംഗവുമായ എ. സുജനപാൽ, ബിസിനസുകാരനായ പ്രഭകുമാർ എന്നിവർ മക്കളാണ്. 1989 ഏപ്രിൽ 15-ന് ബാലഗോപാൽ നിര്യാതനായി.

■



# പാരമ്പര്യധന്യമായ ഒരു കുടുംബം



സുകുമാർ അഴീക്കോട്

പരേതനായ ശ്രീ. ബാലഗോപാലനെ ഓർക്കുന്നവർക്ക്-ഓർക്കുന്നവരുണ്ടെങ്കിൽ, അവർക്ക്-അദ്ദേഹത്തിന്റെ ഓർമ്മ പത്തൊമ്പതാം നൂറ്റാണ്ടിലേക്കും ഇരുപതിന്റെ അന്ത്യഭാഗത്തിലേക്കും തങ്ങളെ ആകർഷിച്ചു കൊണ്ടുപോകുന്നതായി അനുഭവപ്പെടാതിരിക്കില്ല. അതിപ്രശസ്തനായ പിതാവിന്റെയും പൊതുരംഗത്ത് പ്രവർത്തിച്ച് പരക്കെ അറിയപ്പെടുന്ന പുത്രന്റെയും നടുവിൽ ഒരു പാലമായി അദ്ദേഹത്തിന്റെ ജീവിതം നിലകൊള്ളുന്നു. വലിയ കുടുംബപരിവേഷമുള്ള ഒരു ചരിത്രമാണ് അദ്ദേഹത്തിന്റേത്.

അദ്ദേഹത്തിന്റെ പിതാവ് കേരളത്തിൽ സാംസ്കാരിക നവോത്ഥാനത്തിന്റെ യുഗം സൃഷ്ടിച്ചവരിൽ പുലർകാലത്തോർക്കേണ്ട ഡോ. അയ്യത്താൻ ഗോപാലനാണ്. നമ്മിൽനിന്ന് വളരെ അകന്ന ഒരു കാലഘട്ടത്തിൽ പിറന്ന അദ്ദേഹം നമ്മോട് വളരെയടുത്ത സ്വാതന്ത്ര്യസിദ്ധി എന്ന യുഗസംക്രമണം വരെ ജീവിച്ച ദീർഘായുസ്സായിരുന്നു-1861 മുതൽ 1948 വരെ. എന്നാൽ, ഈ സംവത്സരസംഖ്യകളിൽനിന്ന് പെട്ടെന്ന് ഒന്നും അടുത്തറിയാൻ പറ്റില്ല. നാമിന്ന് സമൂഹപരിഷ്കർത്താക്കളായി അറിയുന്ന പ്രാതഃസ്മരണീയർക്കെല്ലാം മുമ്പെ പറന്നുപോയ പരിവർത്തനപക്ഷിയായിരുന്നു അദ്ദേഹം. വി. ടി. ഭട്ടതിരിപ്പാടിനും കുമാരനാശാനും വള്ളത്തോളിനും കെ. അയ്യപ്പനും വാഗ്ഭടാനന്ദനും മുമ്പേ കേരളത്തിന് നവോത്ഥാനദീപം തെളിയിച്ച്കൊടുത്ത ആളായിരുന്നു. ശ്രീനാരായണനും ചട്ടമ്പിസ്വാമികളും ബ്രഹ്മാനന്ദസ്വാമി ശിവയോഗിയും മാത്രമേ ഈ രംഗത്ത് അദ്ദേഹത്തിന് പൂർവ്വഗാമികളായുള്ളൂ. ഗാന്ധിജി ഡോക്ടർക്ക് ശേഷമാണ് പിറന്നത് എന്നോർക്കണം.

ആയുസ്സിന്റെ ദൈർഘ്യംപോലെ ഡോ. ഗോപാ

ലന്റെ വചുസ്സും നീണ്ടതായിരുന്നു-ഉയരം കൂടിയ തായിരുന്നു. അയ്യത്താൻ കുടുംബത്തിന്റെ ബാഹ്യ മുദ്ര ഈ ഉടലിന്റെ നെടുപ്പം ആണ്. അയ്യത്താൻ എന്ന കുടുംബപ്പേര് ആയതൻ എന്ന സംസ്കൃത വാക്കിൽനിന്ന് വന്നതാണോ എന്ന് ശങ്കിച്ചുപോകും! ബാലഗോപാലന്റെയും മകൻ സുജനപാലിന്റെയും ഉയരത്തിലും കൂടിയ ഉയരം സങ്കല്പിച്ചാൽ അതാ യിരിക്കും ഡോക്ടറുടേത്.

കണ്ടിട്ടെഴുതുകയാണ്! കഴിഞ്ഞ നൂറ്റാണ്ടിന്റെ നടുക്ക് പിറന്ന വേറൊരാളെ ഇത്രയേറെ അടുത്ത് നിന്ന് ഞാൻ കണ്ടിട്ടില്ല. ഞാൻ മംഗലാപുരത്ത് പഠി ക്കുമ്പോൾ അവിടെ സന്ദർശനത്തിനു വന്ന അദ്ദേ ഹത്തെ അച്ഛൻ വിദ്വാൻ പി. ദാമോദരന്റെ കൂടെ കണ്ടിരുന്നു. പിന്നെ കോഴിക്കോട്ട്വെച്ച് ഒരു തവണ കാണാൻ ഭാഗ്യമുണ്ടായി.

കണ്ടതിലും എത്രയോ കൂടുതൽ കേട്ടിട്ടുണ്ടാ യിരുന്നു. ആത്മവിദ്യാസംഘം സ്ഥാപകനായ വാഗ്ഭ ടാനന്ദഗുരുദേവൻ ആദ്യകാലത്ത് ബ്രഹ്മസമാജത്തിൽ പ്രവർത്തിച്ചിരുന്നു. കേരളത്തിൽ ബ്രഹ്മസമാജ ത്തിന്റെ ഒരു ശാഖ ആദ്യമായി സ്ഥാപിച്ചത് കോഴി ക്കോട്ടായിരുന്നു. ഡോ. ഗോപാലനായിരുന്നു അതിന് നേതൃത്വം നൽകിയത്. ശിവയോഗിക്ക് ബ്രഹ്മാനന്ദൻ എന്ന സന്യാസനാമം കൊടുത്തത് അദ്ദേഹത്തേക്കാൾ സ്വല്പം പ്രായം ഇളയ ഗോപാ ലൻ ഡോക്ടറായിരുന്നു. ആത്മവിദ്യാസംഘത്തിന്റെ പ്രവർത്തനങ്ങൾക്ക് നല്ലൊരു മുന്നേറ്റം നടത്തുവാൻ രംഗമൊരുക്കിയത് ബ്രഹ്മസമാജമായിരുന്നു.

ഡോ. അയ്യത്താൻ ഗോപാലൻ ആകൃതിയിലും പ്രകൃതിയിലും അസാധാരണമായ പ്രൗഢി കലർന്ന വ്യക്തിയായിരുന്നു. 'മനുഷ്യാണാം സഹസ്രേഷു കശ്ചിദ്യത' എന്ന് ഗീതയിൽ സൂചിപ്പിച്ചിട്ടില്ലേ. അതു പോലൊരു പുരുഷകേസരിയായിരുന്നു അദ്ദേഹം.

ഇന്നും ഞാൻ നമ്മുടെ പൈതൃകത്തെപ്പറ്റി സംസാരിക്കുമ്പോൾ അദ്ദേഹത്തിന്റെ നാമം നാവി ന്മേൽ കയറിവരും, പലതവണ. ശ്രീ. ബാലഗോപാ ലനെ പരിചയപ്പെടുമ്പോൾ പിതാവായ ഡോക്ടർ തിരശ്ശീലയ്ക്കപ്പുറം പോയിരുന്നു. എങ്കിലും പൂർവ്വ സ്മൃതികൾ എതിരേറ്റുകൊണ്ടാണ് പുത്രനെ ഞാൻ ബന്ധപ്പെട്ടത്. അദ്ദേഹം ശാന്തനും സ്നേഹശീലനും ആയിരുന്നു. അദ്ദേഹത്തിന്റെ സഹധർമ്മിണിയെയും ഞാൻ ഓർക്കുന്നു. വളരെ സംസ്കൃതമായ ഒരു സ്വഭാവമായിരുന്നു അവരുടേത്.

ശ്രീ. ബാലഗോപാൽ അച്ഛന്റെ പാതകൾ വെടി ഞ്ഞില്ലെങ്കിലും, രാഷ്ട്രീയ പ്രവർത്തനത്തിന്റെ പാത യിലും അദ്ദേഹം കാൽവെച്ചു. കേരള അസംബ്ലിയിൽ അംഗമായിരുന്നു. അതിനെക്കാൾ സ്മരണീയം അദ്ദേ ഹത്തിന്റെ ജീവിതം കളങ്കലേശംപോലും കലരാത്ത തും തികച്ചും ഗാന്ധിജിയുടെ അനുയായിയുടെ സവിശേഷതകൾ ഉൾക്കൊണ്ടതും ആയിരുന്നു എന്നതത്രേ.

അദ്ദേഹം എന്നും സേവനരംഗത്തായിരുന്നു-ആ ത്മസേവനമല്ല, അന്യസേവനം. ഇന്ന് സേവനം എന്നാൽ സ്വസേവനമാണ്. ശ്രീ. ബാലഗോപാൽ ജീവിച്ച കാലവും അന്ന് പ്രഫുല്ലമായിരുന്ന സംസ്കാ രവും ഇനി ഈ നാട്ടിൽ തിരിച്ച്വരുമോ? സംശയ മാണ്. അത്തരക്കാർക്ക് അന്ന് വോട്ടും കിട്ടിയിരു ന്നു. ഇന്ന് അവർ തള്ളപ്പെടുമെന്ന് ഉറപ്പ്.

അദ്ദേഹത്തിന്റെ ഒരു പ്രധാന പ്രവർത്തനരംഗ മായിരുന്നു ഗ്രന്ഥശാലാരംഗം. മലബാറിൽ ആ രംഗത്ത് അദ്ദേഹം സ്തുത്യർഹമായ നേട്ടങ്ങൾ പല തും ഉണ്ടാക്കി. കോഴിക്കോട്ടെ ഗ്രന്ഥശാലാ പ്രസ്ഥാ നത്തിന് അദ്ദേഹം എന്നും രക്ഷകർത്താവായിരുന്നു. ലോക്കൽ ലൈബ്രറി അതോറിറ്റിയുടെ പ്രവർത്തന ത്തിലാണ് ശ്രീ. ബാലഗോപാൽ കൂടുതൽ ശ്രദ്ധിച്ച ത്. അതോറിറ്റിയുടെ കീഴിലുള്ള ലൈബ്രറികൾക്ക് പ്രത്യേക വ്യക്തിത്വം ഉണ്ടായിരുന്നു.

അച്ഛന്റെ രാഷ്ട്രീയപാരമ്പര്യമാണ് ശ്രീ. സുജന പാൽ പിന്തുടർന്ന്വരുന്നത്. തന്റെ മഹത്തായ പൈതൃകത്തെ അദ്ദേഹം സദാ സ്മരിച്ചുവരുന്നുണ്ടാ വണം. അദ്ദേഹത്തിന്റെ രാഷ്ട്രീയത്തിന്റെ വ്യത്യ സ്തത ഇതിൽനിന്ന് ഉറവെടുക്കുന്നു. ഭാവി അദ്ദേ ഹത്തിന് ശോഭനവും രാഷ്ട്രഭാവി ഗുണപ്രദവും ആയിത്തീരട്ടെ എന്ന് കോഴിക്കോട്ട്കാരോടൊപ്പം ഞാനും ആശംസിക്കുന്നു.

ഒരു വാക്കുകൂടി: കുടുംബമഹിമ എന്നൊന്ന് ഇന്ന് നഷ്ടപ്രായമായിത്തീർന്നില്ലേ? നമുക്കിന്ന് അതിന്റെ സ്ഫുരണങ്ങൾ തെളിഞ്ഞ് കാണാവുന്നതാണ്. ശ്രീ. സുജനപാലിന്റെ കുടുംബത്തിന്റെ ചരിത്രം ദീർഘവും മഹൽസിദ്ധികൾക്ക് സാക്ഷ്യം വഹി ച്ചതും ആണ്. കുടുംബ സംസ്കാരം വ്യക്തിയുടെ സ്വഭാവത്തിൽ ഹൃദ്യമായ ഒരു പരിമളംപോലെ പര ന്ന് കിടക്കുന്നുവെന്നതിന് എത്രയോ തെളിവുകളു ണ്ട്. മറ്റൊന്നിൽനിന്നും അത് ലഭ്യമാവില്ല. ഈ ധന്യ മായ കുടുംബവ്യക്തിത്വം അടുത്ത തലമുറയും ഏറ്റെ ടുത്ത് തുടരേണ്ടതാണ്. കാലം അനുകൂലമല്ലെങ്കിലും!

■



# ബേബിയേട്ടൻ എന്ന സ്നേഹസമ്പന്നൻ



തിക്കോടിയൻ

എന്നാണ് ബേബിയേട്ടനെ കണ്ടതെന്ന് ഓർത്ത് നോക്കി. കാലം ഏറെ ആയതുകൊണ്ട് കൃത്യമായ മാസമോ തിയ്യതിയോ കൊല്ലമോ പറയാൻ പ്രയാസം. രാഷ്ട്രീയ സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ നിറഞ്ഞ് നിൽക്കുന്ന ബേബിയേട്ടനെ ആദ്യമായി കാണുന്നത് കോഴിക്കോട് നഗരത്തിൽവെച്ചു തന്നെ. മിഠായിത്തെരുവിൽ, ഇപ്പോൾ നാഷണൽ സ്റ്റുഡിയോ നിൽക്കുന്നതിന് അടുത്ത് അന്നൊരു മലബാർ പ്രസ്സുണ്ടായിരുന്നു. മലബാർ വെസ്റ്റ് കോസ്റ്റ് സ്പെക്ടേറ്റർ പ്രസ്സ്! അതെ, അതുതന്നെ പേര്. നിരത്തിലൂടെ കടന്ന്പോകുമ്പോൾ അവിടെ വെളുത്ത് തടിച്ച് മധുരനാരങ്ങയുടെ നിറമുള്ള ഒരു യുവാവ് നിൽക്കുന്നു. ഖദർമുണ്ട്, ജുബ്ബ, പുള്ളോവർ. കാഴ്ചയിൽ ഒരു ഉത്തരേന്ത്യൻ നേതാവ് തന്നെ. ഇതാരായിരിക്കുമെന്ന് അമ്പരക്കാൻ തുടങ്ങുമ്പോൾ ഒപ്പമുള്ള സുഹൃത്ത് പറഞ്ഞു:

"അതാണ് ബേബിയേട്ടൻ!''

നേരിൽ കാണുന്നതിനെത്രയോ മുമ്പ്തന്നെ കേട്ട് പരിചയിച്ച പേരായിരുന്നു. പേരിനുടമയെ നേരിൽ കണ്ടപ്പോൾ ആദരവൊന്നിരട്ടിച്ചു. തികഞ്ഞ യൗവ്വനവും തെളിഞ്ഞ സൗന്ദര്യവും. അന്നത്തെ ചെറുപ്പക്കാർക്ക് രാഷ്ട്രീയ നേതാക്കന്മാരെക്കുറിച്ച് ചില സങ്കൽപങ്ങളെല്ലാമുണ്ടായിരുന്നു. ആ സങ്കൽപത്തിന് യോജിച്ച രൂപവും വേഷവുമായിരുന്നു ബേബിയേട്ടന്.

അടുത്ത് പരിചയിക്കാനും അദ്ദേഹത്തിന് എന്നെ ഇഷ്ടമാകാനുമുള്ള കാരണങ്ങൾ പിറകെ വരുന്നു. ഭാരത് സേവാ സംഘത്തിന്റെ ആപ്പീസ് അന്ന് ആര്യഭവൻ കെട്ടിടത്തിന് സമീപത്തുള്ള ഒരു മാളികപ്പുറത്തായിരുന്നു. കേരളം കണ്ട മനുഷ്യസ്നേഹികളിൽ പ്രമുഖനായ ശ്രീ. വി. ആർ. നായനാരുടെ ആപ്പീസ്സായിരുന്നു അത്. അവിടെ പ്യൂണായും സ്വീപ്പ

റായും ഓഫീസ് അസിസ്റ്റന്റായും പ്രവർത്തിക്കാൻ ഒരേ ഒരാൾ ഞാനായിരുന്നു. ഇത് ഏതാണ്ട് 1943 -44 കാലത്തായിരിക്കണം. അന്ന് രാഷ്ട്രീയ സാമൂഹിക-സാംസ്കാരിക പ്രവർത്തനങ്ങളിലേർപ്പെട്ട എല്ലാവരുംതന്നെ, ശ്രീ. നായനാരുടെ ആപ്പീസ്സുമായി ബന്ധപ്പെട്ടിരുന്നു. ജനനന്മയ്ക്കായുള്ള ഏത് പ്രചരണത്തിനും മടികൂടാതെ സഹകരിക്കുന്ന ആളായിരുന്നു നായനാർ. അങ്ങനെയുള്ള ഒരു വിശിഷ്ട വ്യക്തിയുമായി ബേബിയേട്ടൻ ബന്ധപ്പെട്ടിരുന്നു എന്നത് എടുത്ത് പറയേണ്ടതായിട്ടില്ല. വിശേഷിച്ച്, സ്പെക്ടേറ്റർ പ്രസ്സ്, നായനാരുടെ ആപ്പീസിൽ നിന്ന് ഒരു വിളപ്പാടകലെ നിലകൊള്ളുന്നു. ഒഴിവ് കിട്ടുമ്പോഴൊക്കെ ബേബിയേട്ടൻ നായനാരുമായി സംവദിക്കാൻ പുതിയ പദ്ധതികളുമായി വരും. എന്റെ മുമ്പിൽകൂടി നായനാരുടെ മുറിയിലേക്ക് കടന്ന്പോകുമ്പോൾ ബേബിയേട്ടൻ എനിക്കൊരു ചിരി സമ്മാനിക്കും. ക്രമേണ ആ ചിരി, സൗഹൃദത്തിന്റെ പൊൻവെളിച്ചമായി വികസിച്ചു. തന്റെ ഒരു കുടുംബാംഗത്തെപ്പോലെ അദ്ദേഹം എന്നെ സ്വീകരിച്ചു. മരണംവരെ ആ സൗഹൃദം അദ്ദേഹം സൂക്ഷിക്കുകയും ചെയ്തു. മനുഷ്യരെയെന്നപോലെ സമസ്ത ജീവജാലങ്ങളേയും സ്നേഹിക്കാൻ കഴിവുള്ള ഒരു വലിയ ഹൃദയത്തിനുടമയായിരുന്നു അദ്ദേഹം. ഒരു ചെറിയ ഉദാഹരണം ഇവിടെ കുറിയ്ക്കട്ടെ.

ഒരുനാൾ റോഡിൽനിന്ന് ആരോ വിളിക്കുന്നു:

"മോനെ.... മോനെ....."

തുടർന്ന് ഗേറ്റിന്റെ തിരിക്കുറ്റി കറങ്ങുന്ന ശബ്ദം. ഓടി വരാന്തയിലെത്തിനോക്കുമ്പോൾ ഗേറ്റിനപ്പുറം ബേബിയേട്ടൻ നിൽക്കുന്നു; പതിവ് വേഷത്തിൽ. ഞാൻ ബദ്ധപ്പെട്ട് ചെന്ന് ചോദിച്ചു. "എന്താ ബേബിയേട്ടാ?"

എന്നെ ഒട്ടും ഗൗനിക്കാതെ ഉടനെ മറുപടി വന്നു. ''തന്നെയല്ല വിളിച്ചത്. മോനെവിടെ. വേഗം വിളിച്ചാട്ടെ. തിരക്കുണ്ട് ". പറഞ്ഞ് തീരും മുമ്പ് മോൻ ഓടിയെത്തുന്നു. മുൻകാൽ രണ്ടും ഗേറ്റിൽ ഉയർത്തിവെയ്ക്കുന്നു. തകൃതിയായി വാലാട്ടുന്നു. പിന്നെ അവർ തമ്മിൽ അവർക്ക് മാത്രം മനസ്സിലാകുന്ന ഭാഷയിൽ കുശലപ്രശ്നം നടത്തുന്നു. എല്ലാം കഴിഞ്ഞ് സന്തോഷഭരിതനായി ബേബിയേട്ടൻ എന്നോട് ചോദിക്കുന്നു.

"ഇവനെ കുളിപ്പിയ്ക്കാറില്ലേ?''

"ഇടയ്ക്ക് കുളിപ്പിക്കും?''

എന്റെ മറുപടി കേൾക്കും മുമ്പേ ബേബിയേട്ടന്റെ താക്കീത്.

"പോരാ, അത് പോരാ, ആഴ്ചയിൽ രണ്ട് തവണയെങ്കിലും കുളിപ്പിക്കണം'.

ഇപ്പോൾ മനസ്സിലായില്ലേ ബേബിയേട്ടന്റെ ജീവകാരുണ്യപ്രവർത്തനത്തിന്റെ രീതി. നീ പല്ല് തേച്ചോ, കുളിച്ചോ, ഭക്ഷണം കഴിച്ചോ എന്നൊന്നും എന്നോട് ചോദിച്ചില്ല. അദ്ദേഹത്തിനറിയാം എനിക്ക് വിശക്കുമ്പോൾ ഭക്ഷണം ചോദിച്ച് വാങ്ങാനുള്ള കഴിവുണ്ടെന്ന്. അല്ലെങ്കിൽ എടുത്ത് കഴിക്കാനോ വേണ്ടിവന്നാൽ പാകം ചെയ്യാനോ കഴിയുമെന്ന്. നായ്ക്കളുടെ കാര്യം അങ്ങനെയല്ലല്ലോ. അവരെ അറിഞ്ഞ് ശുശ്രൂഷിക്കേണ്ട ചുമതല മനുഷ്യരുടേതാണെന്ന് ബേബിയേട്ടൻ സ്വന്തം പ്രവൃത്തിയിലൂടെയും ഉപദേശങ്ങളിലൂടെയും ബോധ്യപ്പെടുത്തുക പതിവായിരുന്നു.

തനിക്ക് പ്രിയപ്പെട്ട പ്രവർത്തനങ്ങളിൽ ശ്രദ്ധ പതിപ്പിക്കാൻ അനാരോഗ്യം മൂലം അസാദ്ധ്യമായ അവസാന കാലഘട്ടങ്ങളിൽ ഏറെ നേരവും ബ്രഹ്മസമാജമന്ദിരത്തിലാണദ്ദേഹം കഴിച്ച് കൂട്ടിയത്. നായ, പൂച്ച, പശുക്കുട്ടി തുടങ്ങിയ മിണ്ടാപ്രാണികളായിരുന്നു കൂട്ടിന് ഏറെയും. ചാരുകസേരയിൽ ഇരിക്കുമ്പോൾ ബേബിയേട്ടന്റെ മാറത്തിരിക്കാൻ ഒരു പൂച്ചക്കുട്ടി എപ്പോഴുമുണ്ടാകും. അത്പോലെ അംഗഭംഗം വന്നവരും അനാഥരുമായ ജന്തുക്കൾ പലതും അന്ന് ബേബിയേട്ടന്റെ അന്തേവാസികളായിരുന്നു. വൈകീട്ടാവുമ്പോൾ പുറത്തിറങ്ങി എല്ലാറ്റിനും ഭക്ഷണം ശേഖരിച്ച് കൊണ്ടുവന്ന് കൊടുക്കുന്നു. അവരുടെ സംതൃപ്തിയിൽ ആനന്ദംകൊള്ളുന്നു. ചാരുകസേരയിൽ മലർന്ന് കിടന്ന് മാറിലെ പൂച്ചക്കുട്ടിയേയും താലോലിച്ച്, തന്റെ ചുറ്റുമുള്ള പ്രജകളുടെ ക്ഷേമാന്വേഷണം നടത്തുന്ന ബേബിയേട്ടന്റെ മുമ്പിൽ നിൽക്കുന്ന നിങ്ങളുടെ മനസ്സ് ഒരു നിമിഷം പിറകോട്ട് സഞ്ചരിക്കുന്നു.

തിരക്കിട്ട ഭരണകാര്യങ്ങളിൽ മുഴുകിയ ജനപ്രതിനിധി, ലൈബ്രറി അതോറിറ്റിയുടെ നേതൃത്വം ഏറ്റെടുത്ത് വിശ്രമമില്ലാതെ ഓടി നടക്കുന്ന ഗ്രന്ഥശാലാ പ്രവർത്തകൻ, സാമൂഹ്യ നീതിക്കുവേണ്ടി നിരന്തരം പൊരുതുന്ന സത്യഗ്രഹി, പറയഞ്ചേരിയിലെ ഗവ. ഹൈസ്കൂളിന്റെ സ്ഥാപനകാര്യങ്ങളിലും പ്രവർത്തനരംഗങ്ങളിലും മാറിമാറി പ്രത്യക്ഷപ്പെട്ട് വിശ്രമജീവിതം മറന്നുപോയ ജനനേതാവ്, പറ

യഞ്ചേരിയിലെ സെൻഗുപ്ത വായനശാലയുടെ പ്രാണവായു, അങ്ങനെ എന്തൊക്കെ, എത്രയൊക്കെ രംഗങ്ങളിൽ ബേബിയേട്ടൻ തകർത്താടി. ബ്രഹ്മസമാജ മന്ദിരത്തിലെ ചാരുകസേരയിൽ, തന്റെ മിണ്ടാപ്രാണികൾക്ക് നടുവിൽ നിശ്ശബ്ദനായി, പ്രാർത്ഥനാനിരതനായി കഴിയുന്ന ബേബിയേട്ടൻ, കാറ്റകന്ന്, ഇലകളൊതുങ്ങി അപാരതയിൽ കണ്ണയച്ച് പ്രപഞ്ചരഹസ്യം തേടുന്ന അരയാൽ വൃക്ഷത്തെ, കാണുന്നവരുടെ മനസ്സിലേക്ക് ക്ഷണിച്ച്കൊണ്ടുവരുമായിരുന്നു.

മഹത്തായ ഒരു പാരമ്പര്യത്തിന് അവകാശിയായിരുന്നു ബേബിയേട്ടൻ. ഏറെ തലമുറകൾ പിറകോട്ട് ചെന്ന് അന്വേഷിക്കാതെതന്നെ നമുക്ക് ആ സത്യം മനസ്സിലാക്കാൻ കഴിയും. അദ്ദേഹത്തിന്റെ മഹാനായ പിതാവ് ഡോ. അയ്യത്താൻ ഗോപാലൻ, കോഴിക്കോട്ടെ ചിത്തരോഗാസ്പത്രിയുടെ അധിപതിയായി ആതുരശുശ്രൂഷ നിർവ്വഹിക്കുന്ന കാലത്തും നാടകരചനയിലും സംഗീത പരിശീലനത്തിലും മുഴുകിയിരുന്ന കഥ അന്ന് ഏറെ ആരും മനസ്സിലാക്കിയിരുന്നില്ല. പക്ഷേ, അറിവുള്ളവർ അറിഞ്ഞിരുന്നു. അതിന് ചരിത്രരേഖകളുണ്ട്. മലബാർ എന്ന ചുരുങ്ങിയ ദേശപരിധിക്കപ്പുറത്തും കലാകാരനായ ഡോക്ടറെ ലോകം അറിഞ്ഞിരുന്നു. പത്തൊൻപതാം നൂറ്റാണ്ടിന്റെ അന്ത്യദശകങ്ങളിൽ ഡോ. ഗോപാലന്റെ രണ്ട് പ്രശസ്തമായ നാടകങ്ങൾ -സാരഞ്ജനീ പരിണയവും സുശീലാദുഃഖവും-നാടകപ്രേമികളായ സഹൃദയർ രണ്ടു കയ്യും നീട്ടി സ്വീകരിക്കുകയും രംഗത്തവതരിപ്പിക്കുകയുമുണ്ടായി. ഇതിൽ സുശീലാദുഃഖം 1903-ൽ സ്പെക്ടേറ്റർ പ്രസ്സിൽ മുദ്രണംചെയ്ത് വിൽപനയ്ക്ക് തയ്യാറാക്കിയിരുന്നു.

ഇരുപതാം നൂറ്റാണ്ടിന്റെ അവസാനംകണ്ട് തുടങ്ങിയ ഈ കാലഘട്ടത്തിൽ ഇതിന്റെ ആരംഭദശയിൽ മുദ്രണംചെയ്തതും കഴിഞ്ഞ നൂറ്റാണ്ടിന്റെ അന്തിമഘട്ടങ്ങളിൽ പലയിടങ്ങളിലും വിജയപൂർവ്വം പ്രദർശിപ്പിച്ചതുമായ സുശീലാദുഃഖത്തിന്റെ മേന്മയ്ക്ക് തെളിവായ രണ്ട് വാക്ക് കൂടി ഇവിടെ കുറിയ്ക്കട്ടെ. കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെ അനുമോദന ശ്ലോകമിതാ:


കിറ്റ് ഇന്ത്യാസമരത്തിൽ പങ്കെടുത്തതിന് ജയിലിലായി, 1944ൽ ജയിൽ വിമുക്തനായ ശേഷം എടുത്ത ഫോട്ടോ

"ഗോപാലൻ കുശൻ ചമച്ചൊരു
സുശീലാദുഖമാം നാടകം
ഭൂപാലപ്രവരണ്ട് ഭൂരിതരമാം-
ഭക്ത്യാദരാർഷതം
വ്യാപാരാന്തരതാന്തനെങ്കിലു-
മലം പാർത്തീടിനാൻ സമ്മദാ-
കൂവാരത്തിനകത്ത് പേർത്തു മധുനാ-
കൂത്താറിനേൻ കിഞ്ചഞാൻ"

*(ഈ നാടകം സമർപ്പിച്ചത് തിരുവിതാംകൂർ മഹാരാജാവിനാണ്)*

ബഹുമതികളിനിയുമുണ്ട് എത്രയെങ്കിലും. എ. ആർ. രാജരാജവർമ്മ, പുന്നശ്ശേരി നീലകണ്ഠശർമ്മ, കടത്തനാട് പോർളാതിരി, ഉദയവർമ്മരാജ തുടങ്ങിയ പ്രഗത്ഭമതികൾ സുശീലാദുഃഖത്തെ പ്രശംസിച്ചു. സാമൂതിരി രാജവംശത്തിലെ അഞ്ചാം കൂറ് വാഴ്ചയായ വിദ്വാൻ മാനവിക്രമനടുത്രാപ്പാട് തമ്പുരാനാണ് ഈ നാടകത്തിന് മുഖവുര എഴുതിയതെന്നുകൂടി രേഖപ്പെടുത്തട്ടെ.

ഡോ. അയ്യത്താൻ ഗോപാലന്റെ ആദർശസുരഭിലമായ ജീവിതം വെളിച്ചംവിതറിയ വീഥികളിലൂടെ അടിപതറാതെ ജീവിതയാത്ര തുടർന്ന ബേബിയേട്ടന് എണ്ണമറ്റ സുഹൃത്തുക്കളും ആരാധകരുമുണ്ടായിരുന്നു. അവരുടെ ഹൃദയങ്ങളിൽ എന്നും ഒളിമങ്ങാതെ ബേബിയേട്ടൻ ജീവിക്കും. സുശീലാദുഃഖത്തിലെ ഭരതവാക്യം:

"എല്ലാ പ്രകാരവുമസൂയ നശിച്ചിടട്ടെ
വല്ലാതെയുള്ള ഗൃഹമസ്തരമേറിടട്ടെ
ചൊല്ലാർന്ന ഭക്തി ജഗദീശനിൽ വന്നിടട്ടെ
കല്യാണമൊടു ജനമൊക്കെ വസിച്ചിടട്ടെ".



# എ.ബാലഗോപാൽ
# തളരാത്ത ജനസേവകൻ

വി. പാറുക്കുട്ടിഅമ്മ

**എ.** ബാലഗോപാൽ-കോഴിക്കോട്ടെ മൂന്ന് നാല് തലമുറകൾക്ക് 'ബേബിയേട്ടനായിരുന്നു. ഇന്നത്തേതിൽനിന്നും വളരെ വ്യത്യസ്തമായിരുന്നു 1920-കളും 30-കളും. പണം വാരിയെറിഞ്ഞ്കാര്യം സാധിക്കുന്ന രീതി അന്ന് പ്രായോഗികമല്ലായിരുന്നു. സർക്കാറിന്റെ സഹായം അസാദ്ധ്യംതന്നെ. വായ്പകളും സബ്സിഡികളും കേട്ടുകേൾവി പോലുമില്ലാത്ത വസ്തുതകൾ. വായ്പ വേണോ, പണ്ടം പണയംവെച്ചാൽ കിട്ടിയെന്ന് വരും. അല്ലെങ്കിൽ പണയമെടുക്കാൻ വസ്തുവകകളുണ്ടായിരിക്കണം. ലക്ഷങ്ങൾ, വീട് പണിയാനും പൊതുസ്ഥാപനങ്ങളുടെ നടത്തിപ്പിനും പ്രദർശനങ്ങൾക്കും മറ്റും ലഭിക്കുന്ന കാലമുണ്ടാവുമെന്ന് അര നൂറ്റാണ്ട് മുൻപ് ആരും പ്രതീക്ഷിച്ചിരുന്നില്ല. ചുരുങ്ങിയ ശമ്പളം, അത്തന്നെ ലഭിക്കുന്ന ഭാഗ്യവാന്മാർ ചുരുക്കം. പൊതുപ്രവർത്തനങ്ങൾ ഒരുപക്ഷേ ഇന്നത്തെക്കാൾ ഭംഗിയായും സജീവമായും അക്കാലത്ത് നടന്നു. ഗ്രന്ഥാലയങ്ങളും നാടകസമിതികളും സാംസ്കാരിക സംഘടനകളുമുണ്ടായി. അവ തളരാതെ മുന്നോട്ട് പോയി. ആത്മാർത്ഥമായ പ്രവർത്തനം, ത്യാഗമനഃസ്ഥിതി, പൊതുകാര്യങ്ങളിലുള്ള താൽപര്യം, ലളിതമായ ജീവിതരീതി, ശക്തിയുറ്റ സൗഹൃദം, ആദർശനിഷ്ഠയിൽ ഉറച്ച വിശ്വാസം, ജനജീവിതത്തിന് മുന്നേറാൻ ഇനിയെന്ത് വേണം. സൂര്യനസ്തമിക്കാത്ത സാമ്രാജ്യശക്തിക്ക് മുമ്പിൽ, നിവർന്നുനിന്ന് കാര്യങ്ങൾ പറയുവാനും, സാമ്രാജ്യാധിപരെ വെല്ലുവിളിക്കാനുമുള്ള ശക്തി ഈ നാട്ടുകാർക്കുണ്ടായിരുന്ന കാലം. രാജാറാം മോഹൻ റോയിയുടെ പൈതൃകം. മഹാത്മജിയുടെ നേതൃത്വം. സേവനത്തിന്റെ മഹത്വമാർന്ന കുടുംബ പശ്ചാത്ത

ലമുണ്ടായിരുന്ന ബാലഗോപാലന് ജനഹൃദയങ്ങളിൽ തന്റെ നിസ്വാർത്ഥ പ്രവർത്തനങ്ങളിലൂടെ സ്ഥാനം നേടിയെടുക്കാൻ അനുകൂലമായ സാഹചര്യങ്ങളുണ്ടായിരുന്നു.

സ്കൂൾ വാർഷികാഘോഷത്തിന്റെ കലാ പരിപാടികൾക്ക് അരങ്ങ് ഒരുങ്ങുകയാണ്. വൈദ്യുതി ബന്ധം ഉണ്ടായിരുന്നില്ലെന്നാണ് ഓർമ്മ. ഉച്ചഭാഷിണി പ്രത്യക്ഷപ്പെട്ടിട്ടില്ല. പൂച്ചട്ടികൾ എടുത്ത് വെച്ചും തോരണങ്ങൾ തൂക്കിയും തിരശ്ശീലകൾ ഒപ്പിച്ചും സ്റ്റേജ് ഒരുക്കുകയാണ്. ഓടി നടക്കുന്ന അദ്ധ്യാപകർക്ക് നേതൃത്വം നൽകുന്നു 'ബേബിയേട്ടൻ'. ഞാൻ ബി. ഇ. എം. ഗേൾസ് ഹൈസ്കൂളിൽ താഴ്ന്ന ക്ലാസ്സിലെ വിദ്യാർത്ഥിനിയാണ്. ബേബിയേട്ടൻ എന്തൊക്കെയോ തന്ത്രങ്ങളുപയോഗിച്ച് തീയില്ലാതെതന്നെ ഹോമകുണ്ഡം നിർമ്മിക്കുന്നു. ബേബിയേട്ടന് സഹായിയായി എത്തിയിരുന്ന ചവിട്ടാർമ്മോണിയം വായിച്ചിരുന്ന സേഠ്ജിയെ ഓർക്കുകയാണ്. എന്തെങ്കിലും വിഷമങ്ങളുണ്ടെങ്കിൽ ഹെഡ്മിസ്ട്രസ് മിസ്സിസ് ചന്ദ്രൻ പറയും 'ബേബി'യെ വിളിക്കട്ടെ എന്ന്. പൊതുകാര്യങ്ങളിൽ താൽപര്യമുള്ളവരുടെ 'സമയമുടക്കാ'യിരുന്നു അന്നത്തെ മുതൽമുടക്ക് വിശേഷിച്ച്, പണച്ചെലവൊന്നുമില്ലാതെ കാര്യങ്ങൾ നടന്നു. ബസ്സും ബൈക്കുമില്ല. നഗരമദ്ധ്യത്തിൽ നിന്ന് കല്ലായിക്കും കുതിരവട്ടത്തേക്കും കടപ്പുറത്തേക്കും ചേവായൂരും വരക്കലേക്കും മറ്റും എത്തണമെങ്കിൽ നടക്കുകതന്നെ ഗതി. ഹോട്ടലുകൾ അപൂർവ്വം. പൊതു പ്രവർത്തകരും നേതാക്കന്മാരും ഹോട്ടലുകളിൽ താമസിക്കുന്ന പതിവില്ല. അത് അന്തസ്സിന്ന് നിരക്കാത്തതായിരുന്നു.

സുഹൃത്തുക്കളുടെ ആതിഥ്യമായിരുന്നു അഭികാമ്യം. കോഴിപ്പുറത്ത് മാധവമേനോന്റെയും കെ. എ. ദാമോദരമേനോന്റെയും മറ്റും വീടുകളിൽ എന്നും അതിഥികൾ സുലഭമായിരുന്നു. അവിടെയും ബേബിയേട്ടൻ സഹായത്തിനെത്തും. നിറഞ്ഞ ചിരിയും സൗഹൃദമാർന്ന മുഖഭാവവും-ബേബിയേട്ടന്റെ വ്യക്തിത്വം ഉറക്കെ പ്രഖ്യാപിച്ചു. 'സഹായത്തിന് ഞാൻ ഇവിടെയുണ്ട്. നിയമലംഘനങ്ങൾക്കും ജയിൽയാത്രകൾക്കുമിടയിലുണ്ടായിരുന്ന ഒഴിവുവേളകൾ രചനാത്മക പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കപ്പെട്ടു. അഖിലേന്ത്യാ പ്രശസ്തിയാർജ്ജിച്ച വ്യക്തികൾ ജനജീവിതത്തിന്റെ എല്ലാ തലങ്ങളിലും നേതൃത്വം നൽകുവാൻ അന്ന് കോഴിക്കോട്ടുണ്ടായിരുന്നുവത്രെ. മഞ്ചേരി രാമയ്യർ, ബേബിയേട്ടന്റെ പിതാവായ ഡോക്ടർ എ. ഗോപാലൻ, യുവാവായ വി. കെ. കൃഷ്ണമേനോൻ, കെ. പി. കേശവമേനോൻ, മിതവാദി കൃഷ്ണൻ, യു. ഗോപാലമേനോൻ, അപ്പു നെടുങ്ങാടി തുടങ്ങി കോഴിക്കോടിന്റെ ജനജീവിതം സമ്പന്നമാക്കുവാൻ ഏറെ പേരുണ്ടായിരുന്നു. ഇവരുടെ കീഴിൽ പ്രവർത്തിച്ച ബേബിയേട്ടന് ലഭിച്ച പരിചയവും പരിശീലനവും ഇന്നാർക്കും അവകാശപ്പെടാനില്ല.

സുപ്രസിദ്ധ ഗാന്ധിയനായിരുന്ന ജി. രാമചന്ദ്രനും പിന്നീട് അദ്ദേഹത്തിന്റെ പത്നിയും മധുരയിലെ ഗാന്ധിഗ്രാമത്തിന്റെ സ്ഥാപകയുമായിരുന്ന ഡോക്ടർ സൗന്ദരം രാമചന്ദ്രനും ബേബിയേട്ടന്റെ മാർഗ്ഗദർശകരായിരുന്നു. അവർ കോഴിക്കോട് പ്രവർത്തനരംഗമായിരുന്ന കാലവും ഉണ്ടായിരുന്നു. കമലാദേവിചതോപാദ്ധ്യായ, അവരുടെ ഭർത്താവ് ഹരിന്ദ്രനാഥ ചതോപാദ്ധ്യായ (സരോജിനി നായിഡുവിന്റെ ഇളയ സഹോദരൻ) എന്നിവരുടെ നേതൃത്വത്തിലുള്ള നാടകസമിതി ടൗൺഹാളിൽ ടാഗോറിന്റെ നാടകം അരങ്ങേറിക്കൊണ്ടിരുന്നതായി കേട്ടിട്ടുണ്ട്. നവോത്ഥാനകാലം, ഭാവിയെക്കുറിച്ചുള്ള പ്രതീക്ഷകൾ നിറഞ്ഞു വഴിഞ്ഞിരുന്ന നാളുകൾ, ബേബിയേട്ടനും ഓടിനടന്ന് പ്രവർത്തിച്ചു. വായനശാലയും കോൺഗ്രസ്സ് കമ്മിറ്റി ഓഫീസും സ്വന്തം വീട്പോലെ കരുതിയിരുന്ന കാലം.

ദശാബ്ദങ്ങൾക്ക് മുമ്പും കോഴിക്കോട് മദ്ധ്യവേനൽക്കാലത്ത് പ്രദർശനം പതിവാണ്. പലപ്പോഴും പ്രദർശനം സജ്ജീകരിച്ചിരുന്നത് ഇന്നത്തെ ഗവൺമെന്റ് ഗണപതി ഹൈസ്കൂൾ (ആൺകുട്ടികൾ) കെട്ടിടങ്ങളിലും പരിസരങ്ങളിലുമാണ്. പ്രദർശനം നടത്തിയിരുന്നത് ചിലപ്പോൾ മുനിസിപ്പൽ കൗൺസിലും പലപ്പോഴും ഗണപതി ഹൈസ്കൂളുകളുടെ മാനേജർ സർവ്വോത്തമന്മാരുമായിരുന്നു. ഇന്നത്തെപ്പോലെ സർക്കാർ ഉദ്യോഗസ്ഥന്മാരെയും വാഹനങ്ങളെയും പ്രദർശന പരിസരങ്ങളിൽ കാണുകയില്ല. തികച്ചും പൗരന്മാരുടെ സഹകരണവും സന്നദ്ധസേവനവുമായിരുന്നു പ്രദർശനത്തിന്റെ ജീവനാഡികൾ. ബേബിയേട്ടന്ന് ഈ പ്രദർശനങ്ങളെ സജ്ജീകരിക്കുന്നതിൽ വലിയൊരു പങ്കുണ്ടായിരുന്നു. പ്രദർശന വസ്തുക്കൾ തെരഞ്ഞെടുത്ത് സംഘടിപ്പിക്കുവാനും അവ പ്രദർശനഹാളുകളിൽ ആകർഷകമായ രീതിയിൽ



ശ്രീ. കെ. പി. കേശവമേനോൻ പ്രസിഡണ്ടായുള്ള കോഴിക്കോട് മെന്റൽ ഹോസ്പിറ്റൽ എമിനിറ്റീസ് കമ്മിറ്റിയുടെ ഭാരവാഹിയായി പ്രവർത്തിച്ചിരുന്ന കാലം. ഇരിക്കുന്നവർ ഇടത്തുനിന്ന്: ഡോ. എൻ. വിജയൻ, കെ.പി.കേശവമേനോൻ. നിൽക്കുന്നവർ ഇടത്തുനിന്ന്: എ. ബാലഗോപാൽ, ഡോ. എ.ബി. ദാസ്

സംഘടിപ്പിക്കുവാനും ബേബിയേട്ടനും സുഹൃത്തുക്കളും അത്യന്താപേക്ഷിതമായിരുന്നു.

രാഷ്ട്രീയ പ്രവർത്തനമായിരുന്നു ബേബിയേട്ടനെ ഏറ്റവുമേറെ ആകർഷിച്ചിരുന്നത്. തെരഞ്ഞെടുപ്പ് പ്രചാരവേലകൾ സന്നദ്ധസേവകരിലൂടെ നടന്നു. മുകളിൽനിന്ന് പണം വരുന്ന ഏർപ്പാടുകളുണ്ടായിരുന്നില്ല. താൻതന്നെ ഓടിക്കുന്ന വാഹനത്തിൽ ഇരുന്ന്കൊണ്ട് ബേബിയേട്ടൻ തന്റേത് മാത്രമല്ല, അടുത്ത നിയോജക മണ്ഡലങ്ങളുടെ മേൽനോട്ടവും വഹിച്ചിരുന്നു. മനം മടുപ്പിക്കുന്ന ഏർപ്പാടായിരുന്നില്ല ബേബിയേട്ടന് തെരഞ്ഞെടുപ്പുകൾ. പ്രാദേശിക കമ്മിറ്റികളെ ശക്തമാക്കുക, പ്രചാരണ യോഗങ്ങൾ സംഘടിപ്പിക്കുക. തുടങ്ങിയവയെല്ലാം അതാത് പ്രദേശത്തെ പ്രവർത്തകർ നിർവ്വഹിച്ചു. ബേബിയേട്ടൻ മൂന്ന് തവണ ചേവായൂരിൽ നിന്ന് നിയമസഭാ തെരഞ്ഞെടുപ്പിന് നിന്നതായി ഓർക്കുന്നു. അതിൽ രണ്ട് തവണ അദ്ദേഹമാണ് വിജയിച്ചിരുന്നത്. ഏറെക്കാലം അദ്ദേഹം ലോക്കൽ ലൈബ്രറി അതോറിറ്റിയുടെ ചെയർമാനായിരുന്നു. ഒരൊന്നാന്തരം ലൈബ്രറിയായിരുന്നു കേന്ദ്രഗ്രന്ഥാലയം. 'പഞ്ച്' തുടങ്ങിയ ഇംഗ്ലീഷ് ഭാഷയിലുള്ള ആനുകാലിക പ്രസിദ്ധീകരണങ്ങൾ പോലും ആ ഗ്രന്ഥാലയത്തിലുണ്ടായിരുന്നു. നിയമ സംവിധാനത്തിലുണ്ടായിരുന്ന വ്യവസ്ഥകളിലെ തകരാറുകൾ ബേബിയേട്ടന്റെ ഉത്സാഹത്തെപ്പോലും മന്ദീഭവിപ്പിക്കുന്നതായിരുന്നു. എന്നാലും അദ്ദേഹം തളരാതെ മുന്നോട്ട് പോയി.

ഇന്ന് കോഴിക്കോട് നഗരത്തിൽ ചണ്ടി സംസ്കരണം തുടങ്ങി പല പ്രശ്നങ്ങളും പരിഹാരമില്ലാതെ കിടക്കുകയാണ്. എ. ബാലഗോപാൽ, പി. കുമാരൻ, എ. പി. ബാലകൃഷ്ണപിള്ള തുടങ്ങിയവരുടെ അഭാവം ഇന്ന് കോഴിക്കോട്ടുകാർക്ക് അനുഭവപ്പെടുകയാണ്. പൊതുതാൽപര്യമുള്ള പ്രശ്നങ്ങളെ തേടി നടന്നിരുന്ന, അവയുടെ പരിഹാരത്തിന് എന്ത് ത്യാഗവും സഹിക്കുവാൻ സന്നദ്ധരായ പ്രവർത്തകരുണ്ടായിരുന്നു എന്നതായിരുന്നു കോഴിക്കോടിന്റെ പ്രത്യേകത. പണം അവർക്കൊരു പ്രശ്നമായിരുന്നില്ല. ആത്മത്യാഗത്തിലൂടെ സംതൃപ്തിയും മനഃശാന്തിയും നേടുവാൻ പഠിച്ച വ്യക്തിയായിരുന്നു എ. ബാലഗോപാൽ. ■



# ഞാൻ അറിയുന്ന ബേബിയേട്ടൻ



ടി. രാഘവൻ

സർവ്വാദരണീയനായ ബേബിയേട്ടൻ, പ്രായം 35 കഴിഞ്ഞിരിക്കുന്നു. ഞാൻ ബേബിയേട്ടനെ പരിചയപ്പെടുമ്പോൾ. കോഴിക്കോട് പൊറ്റമ്മൽ ഗോപാലപുരം എന്ന കുന്നിൽ ശാന്തി ഗാർഡൻസ് എന്ന വീട്ടിൽ ആൾക്കാരുടെ തിരക്കൊഴിഞ്ഞ സമയം ഉണ്ടാകാറില്ല. രാഷ്ട്രീയം, സാമൂഹികം, സാംസ്കാരികം എന്ന്വേണ്ട ബേബിയേട്ടന്റെ കയ്യെത്താത്ത ഒരു മേഖലയുമുണ്ടായിരുന്നില്ല. ശാന്തി ഗാർഡൻസ് എന്ന പേരിനെ അന്വർത്ഥമാക്കുന്ന വീട്ട്പരിസരം, വിശാലമായ പാർക്കിനെ അനുസ്മരിപ്പിക്കുന്ന പൂന്തോട്ടവും പലയിനം വൃക്ഷങ്ങളും എല്ലാം ബേബിയേട്ടൻതന്നെ പരിപാലിച്ച് പോരുന്നവയാണ്. മനുഷ്യരെ സ്നേഹിക്കുന്നത്പോലെത്തന്നെ മറ്റു ജന്തുക്കളെയും പ്രകൃതിയേയും സ്നേഹിച്ച മഹാനായിരുന്നു ബേബിയേട്ടൻ.

ബേബിയേട്ടന്റെ വീട്ടിന്റെ അയൽപക്കക്കാരായിരുന്നു ഞങ്ങൾ. ഈ വലിയ കുടുംബത്തിന്റെ സഹായങ്ങൾതന്നെയായിരുന്നു എന്റെ കുടുംബത്തിന്റെ മന്നോട്ടുള്ള ജീവിതം. എന്റെ ചെറുപ്പകാലം മുതൽക്കേ ഞാൻ ബേബിയേട്ടന്റെ വീട്ടിലെ ഒരു നിത്യസന്ദർശകനായിരുന്നു. ക്രമേണ ബേബിയേട്ടനുമായി നന്നെ അടുക്കുകയും ആ മഹാനായ മനുഷ്യനെക്കുറിച്ച് അറിയുകയും ചെയ്തുതുടങ്ങി. പിന്നീടങ്ങോട്ട് ബേബിയേട്ടന്റെ ഒരു കയ്യാളായി എപ്പോഴും ഞാൻ കൂടെ ഉണ്ടായിരുന്നു.

ആദ്യമൊക്കെ സെൻഗുപ്ത ലൈബ്രറിയിൽ ബേബിയേട്ടന് വരുന്ന കത്തുകൾ വാങ്ങിക്കൊണ്ട് വരുകയും ലൈബ്രറിക്കുവേണ്ട പത്രങ്ങൾ വാങ്ങിക്കൊടുക്കുകയും ആയിരുന്നു എന്നെ ഏൽപിച്ചിരുന്ന ജോലികൾ. ലൈബ്രറി പ്രവർത്തനങ്ങൾ അദ്ദേഹത്തിന്റെ സിരകളിൽ അലിഞ്ഞുചേർന്ന ഒന്നായിരുന്നു. അറിവ് നേടുകയും നേടുന്നവ പകർന്ന്കൊ

ടുക്കുകയും ചെയ്യുന്നതിൽ ബേബിയേട്ടൻ കാണിച്ച താൽപര്യംതന്നെയായിരുന്നു പിൽക്കാലത്ത് അദ്ദേഹത്തിന്റെ വന്ദ്യ പിതാവിന്റെ സ്മരണയ്ക്കായി ഡോ. അയ്യത്താൻ ഗോപാലൻ സ്കൂൾ സ്ഥാപിക്കാൻ കാരണമായതും.

കേരളത്തിൽ സ്വാതന്ത്ര്യസമര പ്രക്ഷോഭങ്ങൾ കൊടുമ്പിരിക്കൊണ്ട്നിൽക്കുമ്പോൾ പല പ്രക്ഷോഭങ്ങൾക്കും നെടുനായകത്വം ഏറ്റെടുക്കുകയും പ്രവർത്തനങ്ങളിൽ സജീവമാകുകയും ചെയ്തുകൊണ്ടിരുന്നു. ഇത്തരം കാര്യങ്ങളിൽ മുഴുകിയതിനാൽ ആയിരിക്കാം സ്വന്തമായി ഒരു കുടുംബത്തെക്കുറിച്ചോർക്കാൻ വൈകിപ്പോയത്. 1946 ഡിസംബർ 26-നായിരുന്നു ബേബിയേട്ടന്റെ വിവാഹം. വധു ഡോ. കുഞ്ഞിക്കണ്ണന്റെ മകളായ ആനന്ദലക്ഷ്മിയായിരുന്നു. കോഴിക്കോട് സാമൂതിരി കോളജ് ഹാളിൽ വെച്ചായിരുന്നു വിവാഹം. ബ്രഹ്മസമാജത്തിന്റെ ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ടുതന്നെ ലളിതമായ രീതിയിലായിരുന്നു ചടങ്ങുകൾ. ചടങ്ങിൽ പങ്കെടുക്കാനെത്തിയവർക്കെല്ലാം ഒരു നാരങ്ങയും പൂച്ചെണ്ടുമായിരുന്നു നൽകിയിരുന്നത്. വിവാഹശേഷം ബേബിയേട്ടന്റെ സഹധർമ്മിണികൂടി വളരെ സജീവമായി പ്രവർത്തനരംഗത്ത് പ്രത്യക്ഷപ്പെട്ട്തുടങ്ങി ഇതിൽ അത്ഭുതപ്പെടാനൊന്നുമില്ലായിരുന്നു, ബേബിയേട്ടന്റെ സാന്നിദ്ധ്യം അനുഭവിച്ചറിഞ്ഞ ഏതൊരു വ്യക്തിക്കും മറിച്ചൊന്ന് ചിന്തിക്കാൻ സാധിക്കില്ല.

വിശാലമായ വായനയും ചിന്തകളും പുസ്തകങ്ങളുമായുള്ള അഗാധമായ അടുപ്പവുംതന്നെയാണ് ബേബിയേട്ടനെ ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ സാരഥിയാക്കിത്തീർത്തത്. എന്റെ പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം എന്നെ ഗവ. ട്രെയ്നിംഗ് സ്കൂളിൽ ചേർത്ത് പുസ്തകങ്ങൾ വാങ്ങിച്ച്തരുകയും ആവശ്യമായ നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകി സഹായിച്ച ഗുരുനാഥൻകൂടിയായിരുന്നു എനിക്ക് ബേബിയേട്ടൻ. ഇതിന്ശേഷം 1952-ൽ കാലിക്കറ്റ് എംപോറിയത്തിൽ എനിക്ക് ജോലി ശരിയാക്കിത്തരുകയും ചെയ്തു. ഈ കാലത്ത്തന്നെ ലൈബ്രേറി പ്രസ്ഥാനത്തിൽ സജീവമായിരുന്ന ബേബിയേട്ടൻ എന്നെ സെൻഗുപ്ത ലൈബ്രറിയിലെ ലൈബ്രേറിയൻ എന്ന ജോലിയിൽ എത്തിച്ചു. ഇത്തരത്തിലുള്ള ജോലികൾക്കിടയിലൂടെയും കിട്ടുന്ന സമയത്തെല്ലാം ബേബിയേട്ടന്റെ ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ പ്രവർത്തനത്തിൽ കൂടെനിൽക്കാൻ സാധിച്ചതിൽ ഞാൻ ഇന്നും അങ്ങേയറ്റം സന്തോഷിക്കുന്നു. ഈ പ്രവർത്തനത്തിന്റെയെല്ലാം പരിണത ഫലമെന്നോണം ഇന്നും എന്റെ ജീവിതത്തിൽ ഞാൻ ഒരു ലൈബ്രേറിയന്റെ വേഷത്തിൽ ജീവിക്കുന്നു. ലൈബ്രറി പ്രസ്ഥാനത്തിന് കേരളത്തിൽ ഇത്രയധികം വേരോട്ടം ലഭിച്ചതിൽ പ്രധാന പങ്ക്വഹിച്ചത് ബേബിയേട്ടൻതന്നെയെന്ന് തീർത്ത് പറയാം. സെൻഗുപ്ത ലൈബ്രറിയുടെ പ്രാരംഭകാലത്ത് ലൈബ്രറിയിലെ ഒരു സാധാരണ അംഗംപോലുമല്ലായിരുന്ന ബേബിയേട്ടൻ ലൈബ്രറിയുടെ വളർച്ചക്ക് വേണ്ടി എന്തെല്ലാം ചെയ്തുവോ അതെല്ലാം ആ മഹാന്റെ ലക്ഷ്യബോധംതന്നെയായിരുന്നെന്ന് തീർച്ച.

1933 സെപ്തംബർ 15 സെൻഗുപ്ത ലൈബ്രറി പ്രവർത്തനം ആരംഭിച്ചു. പറയഞ്ചേരിയിലെ ലൈബ്രറി പ്രവർത്തകർ ഇങ്ങനെ ഒരു പേര് ലൈബ്രറിക്ക് സ്വീകരിക്കാൻ കാരണമായത് ഇതേ വർഷം മെയ്മാസത്തിൽ വടകരയിൽവെച്ച് നടന്ന കേരള സംസ്ഥാന കോൺഗ്രസ്സിന്റെ അദ്ധ്യക്ഷനായി എത്തിയത് ബഹുമാന്യനായ ജെ. എം. സെൻഗുപ്തയായിരുന്നു. കേരളത്തിലെ കോൺഗ്രസ്സിന്റെ സ്വാതന്ത്ര്യസമര പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കാൻ ഉതകിയ ഈ സമ്മേളനത്തിനു ശേഷം ജൂലായ് 23-ന് ഈ മഹത്വ്യക്തിയുടെ സേവനം കോൺഗ്രസ്സിന് എന്നന്നേക്കുമായി നഷ്ടപ്പെട്ടു. ഇദ്ദേഹത്തോടുള്ള ആദരസൂചകമായി, ആ സ്മരണ നിലനിർത്തുന്നതിനായി ലൈബ്രറിക്ക് ഈ പേര് നൽകാൻ തീരമാനിക്കുകയായിരുന്നു.

പഴയകാല മലബാറിലെ ലൈബ്രറിപ്രസ്ഥാനത്തിന് തുടക്കംകുറിച്ചത് ഈ ലൈബ്രറിയിൽനിന്ന് തന്നെയാണ് എന്ന് പറയുന്നതിൽ തെറ്റുണ്ടാവില്ല. ബേബിയേട്ടന്റെ പ്രവർത്തനമേഖല വളരെ വിശാലമായതിനാൽ സാമൂഹിക-സാംസ്കാരിക രംഗത്തും മികവേറിയ ഒട്ടുമിക്ക പ്രവർത്തനങ്ങൾക്കും നേതൃത്വം കൊടുത്തിട്ടുണ്ട്. ബേബിയേട്ടൻ ഒരു കലാകാരനോ പ്രാസംഗികനോ അല്ലാതിരുന്നിട്ടും ഏതൊരു വേദിയിലും നിറഞ്ഞുനിന്ന വ്യക്തിത്വമായിരുന്നു. കലാകാരന്മാരെ അണിയിച്ചൊരുക്കുന്നതിൽ പ്രത്യേക കരവിരുത്തന്നെ ബേബിയേട്ടൻ കാണിച്ചിരുന്നു. ഈ പ്രവൃത്തിയിൽ ബേബിയേട്ടനെ ഗുരുസ്ഥാനീയനാക്കി വിദ്യകൾ അഭ്യസിച്ച് അതൊരു തൊഴിലാക്കി മാറ്റിയവരും ഉണ്ടായിരുന്നു.

സംഘടനാ പ്രവർത്തനത്തിന്റെ ഭാഗമെന്നോണം, 1954-ൽ കോട്ടൂളി ഒരു പഞ്ചായത്ത്

പ്രദേശം പോലും അല്ലായിരുന്ന കാലത്ത് എല്ലാ ഞായറാഴ്ചയും കുതിരവട്ടം മുതൽ പുതിയറ പാലം വരെ ബേബിയേട്ടനും മറ്റ് സംഘടനാ പ്രവർത്തകരും ചേർന്ന് അടിച്ച്വാരി വൃത്തിയാക്കുക പതിവായിരുന്നു.

ലൈബ്രറി പ്രവർത്തനത്തിന്റെ പുരോഗതിയും അംഗങ്ങളുടെ വർദ്ധനവും 1956-ൽ സെൻഗുപ്ത ലൈബ്രറിക്ക് പുതിയ കെട്ടിടം ഉണ്ടാകാൻ ഇടയാക്കി. ഇതിന്‌വേണ്ട എല്ലാ നേതൃത്വവും നൽകിയത് ബേബിയേട്ടൻതന്നെയായിരുന്നു. ഇതിനുശേഷം ലൈബ്രറിക്കായി ഒരു കലാസമിതി, ബാലസംഘം, മഹിളാവിഭാഗം, ഹിന്ദി ക്ലാസ് മുതലായവ നടത്തിയത് ബേബിയേട്ടന്റെ ശ്രമഫലമായിത്തന്നെയായിരുന്നു. ഇതിൽ മഹിളാവിഭാഗത്തിന്റെ പ്രസിഡണ്ടായിരുന്നത് ആനന്ദേട്ടത്തി എന്ന് ഞാൻ വിളിച്ചിരുന്ന ബേബിയേട്ടന്റെ സഹധർമ്മിണിതന്നെയായിരുന്നു. ലൈബ്രറിക്കായി ദിവസവും ഒൻപതോളം പത്രങ്ങൾ ബേബിയേട്ടൻ എത്തിച്ച്കൊടുത്തിരുന്നു. ഈ കാലത്തെ മലബാറിലെ ഏറ്റവും മികച്ച ലൈബ്രറി തന്നെയായിരുന്നു സെൻഗുപ്ത എന്ന് ഉറപ്പിച്ച് പറയാം. അംഗബലംകൊണ്ടും കലാ-സാംസ്കാരിക പ്രവർത്തനങ്ങൾകൊണ്ടും മികവുറ്റ ഈ ഗ്രന്ഥാലയത്തിൽ ഒരു വൻ പുസ്തകശേഖരവും മറ്റ് ആനുകാലിക പ്രസിദ്ധീകരണങ്ങളും എന്നും കാണുമായിരുന്നു. ബേബിയേട്ടന്റെ താൽപര്യപ്രകാരമാണ് എല്ലാവർഷവും ലൈബ്രറി കലാസമിതി സ്വാതന്ത്ര്യദിനം, റിപ്പബ്ലിക്ദിനം, ഗാന്ധിജയന്തി, ശിശുദിനം എന്നിവ വിപുലമായിത്തന്നെ നടത്തിയിരുന്നത്.

ലൈബ്രറി പ്രവർത്തനം എന്നത് തന്റെ രക്തത്തിൽ അലിഞ്ഞുചേർന്നിരിക്കുന്നു എന്ന് തെളിയിക്കുന്ന പ്രവർത്തനങ്ങളാണ് ബേബിയേട്ടനിൽനിന്ന് കോഴിക്കോടിനും മലബാർ മേഖലയ്ക്ക് മൊത്തമായും ലഭിച്ചിരുന്നത്. ഇതിന് തെളിവാണ് 1959-ൽ മലബാർ ലോക്കൽ ലൈബ്രറി അതോറിറ്റിയുടെ ചെയർമാനായി അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടത്. ഈ അവസരത്തിൽ ലൈബ്രറിയിൽ നാൽപതോളം ദിനപത്രങ്ങളും 200ഓളം മാസികകളും എത്തിക്കുന്നതിൽ ബേബിയേട്ടൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഇതിനെല്ലാം ഒപ്പം മലബാറിലെ ഉൾനാടൻ ഗ്രാമപ്രദേശങ്ങളിലും ലൈബ്രറികളും വായനശാലകളും സ്ഥാപിക്കുന്നതിനും അതിന്റെ എല്ലാം പ്രവർത്തനങ്ങൾ ശരിയായ വിധത്തിൽ നടത്തുന്നതിനും അദ്ദേഹം നേരിട്ട് ചെന്ന് വേണ്ട നിർദ്ദേശങ്ങൾ നൽകുമായിരുന്നു. നമ്മൾ ഇന്ന് കാണുന്ന കോഴിക്കോട് സെൻട്രൽ ലൈബ്രറി സ്ഥാപിക്കുന്നതിന്‌വേണ്ടി സ്ഥലമെടുത്തത് ബേബിയേട്ടനാണെങ്കിലും അതിൽ ഒരു കെട്ടിടം നിർമ്മിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല.

ലൈബ്രറി പ്രവർത്തനത്തിൽ എന്നല്ല എല്ലാ സംഘടനാ പ്രവർത്തനത്തിലും ജീവിതത്തിൽ തന്നെയും വളരെ കർക്കശ സ്വഭാവക്കാരനായിരുന്നു ബേബിയേട്ടൻ. അന്യായത്തിനെതിരെ മുഖം നോക്കാതെ പ്രതികരിച്ചിരുന്നു, അത് സ്വന്തം സഹപ്രവർത്തകരോടും കാണിച്ചിരുന്നു. ഉറച്ച തീരുമാനങ്ങൾ എടുക്കുന്നതിൽ ഒട്ടും മടികാണിച്ചിരുന്നുമില്ല. ഒരു സംഭവം ഓർക്കുന്നു; 1952-ൽ സെൻഗുപ്ത ലൈബ്രറിയുടെ ജനറൽബോഡി യോഗത്തിൽ ചങ്കാളി രാമൻകുട്ടിനായർ ചോദ്യോത്തര സമയത്തിനുശേഷം ഒരു ചോദ്യം ഉന്നയിച്ചത് ബേബിയേട്ടന് ഇഷ്ടപ്പെട്ടില്ല. ഇതിനുള്ള ബേബിയേട്ടന്റ മറുപടി ഇങ്ങനെയായിരുന്നു: 'മീറ്റിംഗ് അലങ്കോലപ്പെടുത്തിയാൽ പുറത്ത്പോകേണ്ടിവരും'. ഇത് രാമൻകുട്ടിനായരെ ചൊടിപ്പിക്കുകയും അദ്ദേഹം 100 രൂപ മാനനഷ്ടത്തിന് കേസ് കൊടുക്കുകയും ചെയ്തു. എന്നാൽ, കേസ് വിധിപറയുന്നതിനെല്ലാം മുമ്പേ ബേബിയേട്ടൻ രാമൻകുട്ടിനായരെ കാണുമ്പോൾ ചായകുടിക്കാൻ ക്ഷണിക്കാറുണ്ട്. സ്വന്തം സംഘടനാ പ്രവർത്തനത്തിനുള്ളിൽനിന്ന്തന്നെ ഇത്തരം വേദനിപ്പിക്കുന്ന അനുഭവങ്ങൾ ആ വലിയ മനുഷ്യന് നേരിടേണ്ടിവന്നിട്ടുണ്ട്.

ബേബിയേട്ടൻ വ്യക്തിമുദ്ര പതിപ്പിച്ച മറ്റൊരു പ്രവർത്തനമേഖലയായിരുന്നു ബ്രഹ്മസമാജ പ്രസ്ഥാനം. കേരളത്തിൽ ഈ പ്രസ്ഥാനത്തിന് രൂപം നൽകിയത് അദ്ദേഹത്തിന്റെ വന്ദ്യ പിതാവായ റാവുസാഹേബ് ഡോ. അയ്യത്താൻ ഗോപാലൻ ആയിരുന്നു. 1948-ൽ പിതാവിന്റെ വേർപാടിനുശേഷം ബേബിയേട്ടൻ ബ്രഹ്മസമാജത്തിന്റെ സെക്രട്ടറിയായി സ്ഥാനമേറ്റു. ഇന്ന് കോഴിക്കോട്ട് ഡോ. അയ്യത്താൻ സ്മാരക സ്കൂൾ പ്രവർത്തിക്കുന്ന കെട്ടിടം തന്നെയായിരുന്നു അന്നത്തെ ബ്രഹ്മസമാജത്തിന്റെയും ഓഫീസ്. ഇവടെ ഞായറാഴ്ചതോറും സർവ്വമത പ്രാർത്ഥന നടത്തിപ്പോന്നു. എല്ലാ ദിവസവും തുറന്ന് പ്രവർത്തിക്കുന്ന ഒരു റീഡിംഗ് റൂമും ഇവിടെ പ്രവർത്തിച്ചിരുന്നു. ജാതി, മത, അയിത്ത, അനാചാര, അന്ധവിശ്വാസങ്ങൾക്കെതിരെ ബേബിയേട്ടനും ശക്തമായി പോരാടുകയും ഇതിനെതിരെ



രാജാജിഗവൺമെന്റിൽ മന്ത്രിയായിരുന്ന കോങ്ങാട്ടിൽ രാമൻമേനോൻ കോഴിക്കോട്ട് വന്നപ്പോൾ എടുത്ത ഫോട്ടോ: ഇരിക്കുന്നവർ ഇടത്തുനിന്ന്: യു. ഗോപാലമേനോൻ, എ.വി. കുട്ടിമാളുഅമ്മ, കോങ്ങാട്ടിൽ രാമൻമേനോൻ, മിസിസ് ഗോപാലമേനോൻ (നാരായണി അമ്മ), മിസിസ് രാമുണ്ണി മേനോൻ (സ്വർണ്ണകുമാരി മേനോൻ). നിൽക്കുന്നവർ ഇടത്തുനിന്ന്: കെ.പി. രാമുണ്ണി മേനോൻ, കോഴിപ്പുറത്ത് മാധവമേനോൻ, എ. ബാലഗോപാൽ, പി. കുമാരൻ, കുഞ്ഞിശങ്കരമേനോൻ

ശക്തമായ പ്രചരണപരിപാടികൾ സംഘടിപ്പിക്കുയുമുണ്ടായി. ഇത് സാമൂഹികമായി വളരെ ഫലവത്താകുകയും ചെയ്തു.

മിശ്രവിവാഹം കഴിച്ചതിന്റെ പേരിൽ സ്വജാതിയിൽനിന്ന് ഭ്രഷ്ട് കൽപിക്കപ്പെട്ടതിന്റെ പേരിൽ കഷ്ടതയനുഭവിക്കുന്നവരെ സഹായിച്ചുകൊണ്ട് അദ്ദേഹം സമൂഹത്തിന് മാതൃകയാവുകയായിരുന്നു.

ബേബിയേട്ടൻ ഒരു തികഞ്ഞ ഗാന്ധിയൻകൂടി ആയിരുന്നു. ഖദർവസ്ത്രം മാത്രമായിരുന്നു ധരിച്ചിരുന്നത്. ഗാന്ധിജയന്തി ദിനത്തിൽ അഖണ്ഡസൂത്രയജ്ഞം, നൂൽനൂൽപ്, സർവ്വമത പ്രാർത്ഥന, ഗാന്ധിസാഹിത്യ പ്രസംഗം എന്നിവ നടത്തിയിരുന്നു. സാമൂഹിക പ്രവർത്തനങ്ങളിൽ എണ്ണിയാൽ തീരാത്ത പ്രവർത്തനങ്ങൾ നടത്തിയിരുന്നു. ബേബിയേട്ടൻ അവയിൽ എടുത്ത് പറയാവുന്ന ചിലതിൽ ഒന്നാണ് പറയഞ്ചേരി ഗേൾസ് സ്കൂൾ ഹൈസ്കൂളായി തുടങ്ങാൻ അനുവാദം കിട്ടിയപ്പോൾ സ്ഥലമില്ലാതെ വന്നപ്പോൾ അവർക്കായ് സെൻഗുപ്ത ലൈബ്രറിയുടെ മുകൾനില സ്കൂളിന് നൽകി. പിന്നീട് സ്കൂളിനായി ഒരു ഹാൾ നിർമ്മിച്ച് കൊടുക്കുകയും ചെയ്തു. രാഷ്ട്രീയ പാർട്ടികളെ ഒരിക്കലും തരംതിരിച്ച് കാണാതെ അവരുടെ മൂല്യങ്ങളെ എന്നും ആദരിച്ചിരുന്ന ഒരു വ്യക്തികൂടിയായിരുന്നു അദ്ദേഹം. ഒരിക്കൽ 1954-ൽ കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് സമ്മേളനം നടത്തുവാൻവേണ്ടി ലേഡി ചന്ദ്രവർക്കർ സ്കൂൾ പറമ്പിലെ വീട് ചോദിക്കുകയുണ്ടായി. ഒരു എതിർപ്പും കൂടാതെ സന്തോഷത്തോടെത്തന്നെ ബേബിയേട്ടൻ സമ്മതിക്കുകയായിരുന്നു.

സ്വാതന്ത്ര്യസമര സേനാനി, മലബാർ-കാസർഗോഡ് ഗ്രന്ഥശാലാ സെക്രട്ടറി, കെ. പി. സി. സി മെമ്പർ, ചേവായൂർ പി. സി. സി. സൊസൈറ്റി സെക്രട്ടറി, സെൻഗുപ്ത ലൈബ്രറി പ്രസിഡണ്ട്, കോട്ടൂളി ഗ്രാമസേവാസംഘം സെക്രട്ടറി, മലബാർ ലോക്കൽ ലൈബ്രറി അതോറിറ്റി മെമ്പർ, കേരളാ നിയമസഭാഗം, ടാജ് ടെക്സ്റ്റൈൽ പ്രസിഡണ്ട്, ബ്രഹ്മസമാജം സെക്രട്ടറി, അഖിലേന്ത്യാ ക്ഷയരോഗ നിർമ്മാർജ്ജന അസോസിയേഷൻ മെമ്പർ, ലൈബ്രറി ഉപദേശക സമിതി മെമ്പർ തുടങ്ങിയ ഒട്ടനവധി നിലകളിൽ പ്രവർത്തിച്ച അദ്ദേഹം നമ്മെ വിട്ട്പിരിഞ്ഞിട്ട് പതിനെട്ട് വർഷം കഴിഞ്ഞുപോയെങ്കിലും ആ ശബ്ദവും രൂപവും ഇന്നും എന്റെ ഓർമ്മയിൽ ജീവിക്കുന്നു.

■

# റാവു സാഹിബ് ഡോ. അയ്യത്താൻ ഗോപാലൻ

**കെ. പി. കേശവമേനോൻ**

**സ്വാതന്ത്ര്യസമര സേനാനിയും എഴുത്തുകാരനും മാതൃഭൂമി പത്രത്തിന്റെ പത്രാധിപനുമായിരുന്ന പരേതനായ കെ. പി. കേശവമേനോൻ എഴുതിയ 'സമകാലീനമായ ചില കേരളീയർ' എന്ന ഗ്രന്ഥത്തിൽ ഡോ. അയ്യത്താൻ ഗോപാലനെക്കുറിച്ച് എഴുതിയ ലേഖനം. ഗ്രന്ഥം 1974-ൽ പ്രസിദ്ധീകരിച്ചത്.**



അര നൂറ്റാണ്ടുകാലം അനാചാരങ്ങളോടും അന്ധവിശ്വാസങ്ങളോടും മല്ലിട്ടുകൊണ്ട് ആതുരസേവനത്തിലും സമുദായ പരിഷ്കരണത്തിലും നിമഗ്നനായിരുന്ന ഡോക്ടർ അയ്യത്താൻ ഗോപാലൻ മലബാറിലെ പല പ്രസ്ഥാനങ്ങൾക്കും നേതൃത്വംകൊടുക്കുകയും പല സ്ഥാപനങ്ങൾ ആരംഭിക്കുകയും ചെയ്തിരുന്നു. മലബാറിന് പുറത്തുള്ളവർകൂടി ഡോക്ടർ അയ്യത്താൻ ഗോപാലന്റെ സമുദായ പരിഷ്കാരങ്ങളെപ്പറ്റി കേട്ട് അദ്ദേഹത്തിന്റെ ഉപദേശങ്ങൾ തേടുവാനായി വന്നിരുന്നു. ഡോക്ടർ ഗോപാലന്റെ താൽപര്യങ്ങൾ വളരെ വിശാലമായിരുന്നതുകൊണ്ട് അദ്ദേഹത്തിന്റെ സുഹൃദ്‌വലയവും വിശാലമായിരുന്നു. പൊതുരംഗത്ത് പ്രവർത്തിച്ചിരുന്നവർ താരതമ്യേന കുറവായ ആ കാലത്ത്, ബന്ധുക്കളുടെയും യാഥാസ്ഥിതികരുടെയും എതിർപ്പുകൾ അവഗണിച്ച് സ്വന്തം ആദർശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നതിന് നല്ല ധീരതയും മനക്കരുത്തും ആവശ്യമായിരുന്നു. ഡോക്ടർ ഗോപാലന് അത് വേണ്ടുവോളം ഉണ്ടായിരുന്നുതാനും. തലശ്ശേരിക്കടുത്തുള്ള അഞ്ചരക്കണ്ടിയിൽ പ്രസിദ്ധിയാർജ്ജിച്ച ഒരു തറവാടാണ് കല്ലാട്ട്. അതിലെ കാരണവരായ രാമുണ്ണി ഒരു വ്യവസായിയാണ്. മാണിക്കം എന്നാണ് അദ്ദേഹത്തിന്റെ പത്നിയുടെ പേര്. അയ്യത്താൻ ചന്തന്റെയും കല്ലാട്ട് ചിരുതമ്മാളുടെയും രണ്ടാമത്തെ മകനായി 1861 മാർച്ച് 3-ാം തിയ്യതി തലശ്ശേരിയിൽ ഗോപാലൻ ജനിച്ചു. അഞ്ച് വയസ്സുമുതൽ പന്ത്രണ്ട് വയസ്സ്വരെ അവിടത്തെ ചെറിയ ഒരു സ്കൂളിലായിരുന്നു ഗോപാലൻ പഠിച്ചത്. അതിനുശേഷം തലശ്ശേരിയിലെ ബ്രണ്ണൻ സ്കൂളിലും മിഷൻ ഹൈസ്കൂളിലും വിദ്യാഭ്യാസം തുടർന്നു. ആ കാലത്ത് കുടുമ സാധാരണയായിരുന്നു. കുടുമ ഇല്ലാതിരിക്കുകയോ കെട്ടിവെയ്ക്കാതിരിക്കുകയോ ചെയ്യുന്നത് വലിയ പോരായ്മയായിട്ടാണ് കരുതിവന്നിരുന്നത്. ഹൈസ്കൂളിൽ പഠിച്ചിരുന്ന കാലത്ത് കാരണവരുടെ സമ്മതം കൂടാതെ കുടുമ മുറിച്ചത് വലിയ ധിക്കാരമായി അദ്ദേഹം കരുതി. കൂടാതെ തന്റെ സഹപാഠിയും സുഹൃത്തുമായ ഒരു മുക്കുവന്റെ വീട്ടിൽ കല്യാണത്തിന് പോയത് കാരണവരെ ക്ഷോഭിപ്പിച്ചു.

അങ്ങനെ തെമ്മാടിത്തം കാണിക്കുന്ന മരുമകനെ തറവാട്ടിൽ പാർക്കുവാൻ അദ്ദേഹം അനുവദിച്ചില്ല. അവിടെനിന്ന് പുറത്തുപോകാൻ അദ്ദേഹം ആജ്ഞാപിച്ചു. ആ കാരണത്താൽ ഗോപാലൻ അവിടംവിട്ട് അഞ്ചരക്കണ്ടിയിൽ അച്ഛന്റെ ഒന്നിച്ച് പാർക്കുവാൻ തുടങ്ങി. അച്ഛൻ അന്ന് ഒരു വെള്ളക്കാരന്റെ കറുപ്പുതോട്ടത്തിൽ ഒരു ഗുമസ്തനായിരുന്നു. പിന്നെ, മദിരാശിയിൽ പോയി മെഡിക്കൽസ്കൂളിൽ ചേർന്നു. അവിടെ നിന്നു വൈദ്യപരീക്ഷ പാസ്സായി. 1888-ൽ ഗവണ്മെന്റ് സർവ്വീസിൽ ചേർന്നു. അദ്ദേഹത്തിന് ഇരുപത്തിയേഴ് വയസ്സ് പ്രായമുണ്ടായിരുന്നു. 1888 മുതൽ 1924 വരെ അദ്ദേഹം ഗവണ്മെന്റ് സർവ്വീസിലായിരുന്നു. ആ കാലത്ത് പല സ്ഥലങ്ങളിലും ഡോക്ടർ ഗോപാലൻ ആസ്പത്രികളുടെ ചാർജ് ഏറ്റെടുത്തിരുന്നു. അദ്ദേഹം ആലത്തൂർ ആസ്പത്രിയിൽ ഒരു അസിസ്റ്റന്റായി ജോലിചെയ്തിരുന്ന കാലത്താണ് ഞാൻ ഗോപാലനെ ആദ്യമായി കണ്ടത്. പ്രൈമറി പരീക്ഷ പാസ്സായാൽ മെഡിക്കൽ സർട്ടിഫിക്കറ്റ് വാങ്ങുക അന്നത്തെ പതിവായിരുന്നു. ഞാൻ അതിന്നായി അദ്ദേഹത്തെ സമീപിച്ചിരുന്നു. എനിക്കന്ന് പത്ത്വയസ്സ് പ്രായമായിരുന്നു. ഡോക്ടർ ഗോപാലന്റെ ദീർഘകായവും പ്രസന്നവദനവും സന്തോഷമുളവാക്കുന്ന സംസാരവും ആകർഷകമായ പെരുമാറ്റവും ഞാനിപ്പോഴും ഓർക്കുന്നുണ്ട്. രോഗികളെ നോക്കുന്നതിന്നായി അടുത്തുള്ള പ്രദേശങ്ങളിലേക്ക് കാളവണ്ടിയിൽ പോകുന്നത് അദ്ദേഹത്തിന്റെ പതിവായിരുന്നു. വഴിയിൽ പ്രാവുകളെയും മുയലുകളെയും കാണുമ്പോൾ അദ്ദേഹം കൈയിലുണ്ടായിരുന്ന തോക്ക്കൊണ്ട് വെടിവെയ്ക്കും. പിന്നീട് അദ്ദേഹം നല്ലൊരു നായാട്ടുകാരനാകുകയും ചെയ്തു. പൊതുവെ ആ പ്രദേശത്തുകാരെല്ലാം ഇഷ്ടപ്പെട്ടിരുന്ന ഒരു ഡോക്ടറായിരുന്നു ഗോപാലൻ. ഉദ്യോഗകാലത്ത് പല സ്ഥലങ്ങളിലിരിക്കുകയും പല ആളുകളുമായി ഇടപഴകുകയും ചെയ്ത ഗോപാലന് ലോകപരിചയം ധാരാളം സമ്പാദിക്കുന്നതിന് കഴിഞ്ഞു.

1897 ലാണ്, അതുവരെ മദിരാശി സംസ്ഥാനത്തിലെ പല ജില്ലകളിലും ജോലിനോക്കിയശേഷം കോഴിക്കോട്ടെ ചിത്തരോഗാസ്പത്രിയിൽ ഡോക്ടറായി നിയമിതനായത്. അദ്ദേഹം ആലത്തൂരാസ്പത്രിയിൽ ഉണ്ടായിരുന്ന കാലത്ത് തലരശ്ശേരിയിൽ വക്കീലായി പ്രാക്ടീസ്ചെയ്തിരുന്ന രാമശാസ്ത്രികൾ അവിടെ മുൻസിഫ് ആയിരുന്നു. സത്യസന്ധതയും കൃത്യനിഷ്ടയുമുള്ള ഒരു മുൻസിഫ് മാത്രമായിരുന്നില്ല അദ്ദേഹം; ഒരു ഈശ്വരവിശ്വാസിയും വൈദികനുമായിരുന്നു. തലശ്ശേരിയിൽവെച്ച് പരിചയമുണ്ടായിരുന്ന അദ്ദേഹത്തെ ഗോപാലൻ പലപ്പോഴും ചെന്ന് കണ്ടിരുന്നു. ആ സമ്പർക്കമാണ് മതകാര്യങ്ങളിൽ അദ്ദേഹത്തിന് താൽപര്യമുളവാകുന്നതിന് അവസരമുണ്ടാക്കിയത്. ബ്രഹ്മസമാജത്തെക്കുറിച്ച് അദ്ദേഹം ആദ്യമായറിഞ്ഞതും രാമശാസ്ത്രികളിൽനിന്നായിരുന്നു.

അതിന്മുൻപ് 1894 ഡിസംബർ 30-ാം തിയ്യതി തന്റെ അമ്മാവൻ രാമുണ്ണിയുടെ മകളായ കൗസല്യയെ വിവാഹംചെയ്തു. മദിരാശിയിൽവെച്ച് ബ്രഹ്മസമാജാചാരങ്ങളനുസരിച്ചാണ് വിവാഹകർമ്മം നടന്നത്. പ്രസിദ്ധനായ സംസ്കൃതപണ്ഡിതൻ ഡോക്ടർ രാമകൃഷ്ണഭണ്ഡർക്കർ ആയിരുന്നു പുരോഹിതൻ. ഇന്ത്യയിലെ പലഭാഗത്ത് നിന്നും പ്രധാനികളായ ചില ബ്രഹ്മസമാജം അംഗങ്ങൾ ആ അവസരത്തിൽ സന്നിഹിതരായിരുന്നു. ബ്രഹ്മസമാജാചാരങ്ങളനുസരിച്ചുള്ള മദിരാശി സംസ്ഥാനത്തിലെ ആദ്യത്തെ വിവാഹമാണിതെന്ന് പറയപ്പെടുന്നു.

കോഴിക്കോട്ട സ്ഥിരതാമസം തുടങ്ങിയതിന്ശേഷമാണ് ഡോക്ടർ ഗോപാലന്റെ പൊതുസേവനം ശരിയായി ആരംഭിച്ചത്. ബ്രഹ്മസമാജാദർശങ്ങളേയും തത്ത്വങ്ങളേയും അതിന്റെ സ്ഥാപകനായ രാജാറാം മോഹൻ റോയിയുടെ ജീവചരിത്രത്തേയും ഗാഢമായി പഠിച്ച് അതനുസരിച്ച് സ്വയം ജീവിതം രൂപപ്പെടുത്താൻ നിശ്ചയിച്ച ഡോക്ടർ ഗോപാലന് ജനസമ്മതനായ ഒരു സമുദായ പരിഷ്കർത്താവിന്റെ നിലയിൽ പേരെടുക്കുന്നതിന്ന് അധികം താമസം വേണ്ടിവന്നില്ല. 1898 ജനുവരി 14-ാം തിയ്യതി അദ്ദേഹം ബ്രഹ്മസമാജത്തിന്റെ ഒരു ശാഖ കോഴിക്കോട്ട് സ്ഥാപിച്ചു. അന്ന് കേരള വിദ്യാശാലയിലെ (ഇന്നത്തെ ഗുരുവായൂരപ്പൻ കോളജ്) ഒരു പ്രധാന അദ്ധ്യാപകനായിരുന്ന ജി. സുബ്ബറാവുവും ബ്രഹ്മസമാജത്തിൽ ചേർന്ന് ഡോക്ടർ ഗോപാലനോടൊപ്പം സമാജത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിന്ന് ശ്രമിച്ചുവന്നു. 1900-ൽ ഡോക്ടർ ഗോപാലന്റെ പരിശ്രമഫലമായി ഒരു ബ്രഹ്മസമാജമന്ദിരം പണിചെയ്യുന്നതിനുള്ള സ്ഥലം രാരിച്ചൻ മൂപ്പരിൽനിന്ന് ചാർത്തിവാങ്ങി. ആ കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത് വിദ്വാൻ മാനവിക്രമൻ ഏട്ടൻ തമ്പുരാനായിരുന്നു. അദ്ദേഹം പിന്നീട് സാമൂതിരിപ്പാടു

മായി. സമാജാംഗങ്ങളുടെ ആവശ്യത്തിന്നായി ഡോക്ടർ ഗോപാലൻ തന്നെ പല പ്രാർത്ഥനാഗാനങ്ങളും രചിച്ചിരുന്നു. അവ പിന്നീട് പുസ്തകമായി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. ആ പുസ്തകത്തിന്റെ ഒരു കോപ്പി അന്ന് വിദ്യാർത്ഥിയായിരുന്ന ഈ ലേഖകന് ഡോ. ഗോപാലൻ സമ്മാനിച്ചത് അഭിമാനപൂർവ്വം അനുസ്മരിച്ചുകൊള്ളുന്നു. ഡോ. ഗോപാലന്റെ പരിശ്രമത്തിന്റെ ഫലമായി കോഴിക്കോട്ടും അടുത്ത പ്രദേശങ്ങളിലും പല മിശ്രവിവാഹങ്ങളും നടക്കുകയുണ്ടായി. ഗോപാലന്റെ മൂത്തമകനും ഏക പുത്രിയും വിവാഹംകഴിച്ചതും ജാതിക്കു പുറത്തുനിന്നാണ്. താൻ ചെയ്യുന്ന ഉപദേശങ്ങൾക്കനുസരിച്ച് ഡോക്ടർ ഗോപാലൻ പ്രവർത്തിക്കുകയും ചെയ്തിരുന്നു-മിശ്രവിവാഹ കാര്യത്തിലാവട്ടെ, മറ്റു കാര്യങ്ങളിലാവട്ടെ, വിവാഹത്തിന് മുമ്പ് വിവാഹബന്ധത്തിലേർപ്പെടാൻ പോകുന്ന വധൂവരന്മാരുടെ സ്വഭാവത്തേയും അവരുടെ കുടുംബത്തിന്റെ സ്ഥിതിയേയും പറ്റി സൂക്ഷ്മമായി അന്വേഷണം നടത്തിയതിന് ശേഷമേ ഡോക്ടർ ഗോപാലൻ ആ വിവാഹത്തിന് ബ്രഹ്മസമാജത്തിന്റെ പ്രസിഡണ്ട് എന്ന നിലയിൽ അനുവാദം കൊടുത്തിരുന്നുള്ളൂ. ആഴ്ച തോറും നടന്നിരുന്ന പ്രർത്ഥനായോഗങ്ങളിൽ അദ്ദേഹം സന്നിഹിതനാകുക മാത്രമല്ല, പ്രസംഗിക്കുകയും സമാജാംഗങ്ങൾ ഒന്നിച്ച് പ്രാർത്ഥനാഗാനങ്ങൾ പാടുകയും ചെയ്തിരുന്നു.

ബ്രഹ്മസമാജം കേന്ദ്രമാക്കിക്കൊണ്ടാണ് അയിത്തോച്ചാടനം, അധഃകൃതവിദ്യാഭ്യാസം, മിശ്രഭോജനം, മിശ്രവിവാഹം മുതലായ പ്രവർത്തനങ്ങൾ ഡോക്ടർ തുടർന്ന് നടത്തിയത്. ജാതിവ്യത്യാസവും മറ്റ് അനാചാരങ്ങളും നാട്ടിൽ നടമാടിക്കൊണ്ടിരുന്ന കാലമായിരുന്നു അത്. രാഷ്ട്രീയ സ്വാതന്ത്ര്യത്തിന്നായി കോൺഗ്രസ്സ് സംഘടിതമായ ശബ്ദം ഉയർത്തുവാൻ തുടങ്ങിയ കാലം, എന്നാൽ, രാഷ്ട്രീയത്തിൽ പങ്കെടുക്കാൻ ഗവണ്മെന്റുദ്യോഗസ്ഥനായിരുന്ന ഡോക്ടർ ഗോപാലന് സൗകര്യമുണ്ടായിരുന്നില്ല. ഇഷ്ടവുമുണ്ടായിരുന്നില്ലെന്ന് വേണം പറയുവാൻ. സമുദായപരിഷ്കാരരംഗത്ത് പണിയെടുക്കുന്ന ഒരാൾക്ക് അന്ന് രഷ്ട്രീയരംഗത്തു പ്രവർത്തിക്കുന്നവരേക്കാൾ ധൈര്യവും ആത്മവിശ്വാസവും ആവശ്യമായിരുന്നു. ഗോപലന്ന് അത് വേണ്ടുവോളമുണ്ടായിരുന്നുതാനും.

ഡോക്ടർ ഗോപാലൻ ബ്രഹ്മസമാജപ്രവർത്തകനും സേവനതൽപരനായ ദീനബന്ധുവും മാത്രമായിരുന്നില്ല. നല്ലൊരു സാഹിത്യകാരനും കലാപ്രേമിയുംകൂടിയായിരുന്നു. കീർത്തനങ്ങൾക്കു പുറമെ ബ്രഹ്മസമാജത്തെപ്പറ്റി പല ലേഖനങ്ങളും ചെറുപുസ്തകങ്ങളും അദ്ദേഹം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. സാരഞ്ജിനീ പരിണയം എന്ന സംഗീത നാടകത്തിന്റെ കർത്താവുമാണ് അദ്ദേഹം. സുശീലാദുഃഖം എന്ന മറ്റൊരു നാടകവും അദ്ദേഹം എഴുതിയിട്ടുണ്ട്. സാരഞ്ജിനീ പരിണയം കോട്ടയ്ക്കൽ പി. എസ്. വാര്യരുടെ നാടകസംഘം പല പ്രാവശ്യവും കളിക്കുകയുണ്ടായിട്ടുണ്ട്. ഇത് കൂടാതെ രോഗം ഏതാണ്ട് മാറിയ ചിത്തരോഗാസ്പത്രിയിലെ അന്തേവാസികളേയും സുഗുണവർദ്ധിനി സംഘടനയുടെ അംഗങ്ങളേയും ചേർത്ത് ബെഡ് ആന്റണി, ഹൈദ്രാലി എന്നീ നാടകങ്ങളും ആദ്ദേഹം അരങ്ങേറുകയുണ്ടായി. നാടകമെഴുതുന്നതിലെന്നപോലെ സംവിധാനം ചെയ്യുന്നതിലും അദ്ദേഹം തന്റെ കലാപാടവം പ്രകടമാക്കിയിരുന്നു. കോഴിക്കോട് ടൗൺഹാളിൽ ഒരു നിറഞ്ഞ സദസ്സിനു മുൻപിൽ ആ നാടകം അരങ്ങേറിയപ്പോൾ അത് കാണുവാനായി ഞാനും അവിടെ പോയിരുന്നു.

ഡോക്ടർ ഗോപാലന്റെ പ്രവർത്തനരംഗം വിശാലമായിരുന്നു. ബ്രഹ്മസമാജതത്വങ്ങളും ആദർശങ്ങളും പ്രചരിപ്പിക്കുന്നതിന്നായി കേരളത്തിൽ പലേടത്തും അദ്ദേഹം സഞ്ചരിച്ചിട്ടുണ്ട്. ചില സ്ഥലങ്ങളിൽ സമാജത്തിന്റെ ശാഖ സ്ഥാപിക്കുന്നതിന്നായി അദ്ദേഹം മുൻകൈയെടുത്ത് പ്രവർത്തിച്ചിട്ടുണ്ട്. ഇപ്പോൾ ആലപ്പുഴയിൽ നല്ല നിലയിൽ നടന്നുവരുന്നതും 1924-ൽ സ്ഥാപിച്ചതുമായ ആലപ്പുഴ ബ്രഹ്മസമാജത്തിന്റെ ചരിത്രത്തിൽ ഡോക്ടർക്ക് നിസ്തുലമായ ഒരു സ്ഥാനമുണ്ട്. മാത്രമല്ല, നാല് കൊല്ലം കഴിഞ്ഞതിന്ശേഷം 1928-ൽ അവിടെ ബ്രഹ്മസമാജമന്ദിരത്തിന്റെ ആവശ്യത്തിനായി ഒരു കെട്ടിടം നിർമ്മിക്കുകയും ചെയ്തു. അതും ഡോക്ടർ ഗോപാലന്റെ പ്രവർത്തനഫലമാണ്.

ഡോക്ടർ ഗോപാലന്റെ ആദർശനിഷ്ഠയും സംഭാഷണ ചാതുര്യവും പെരുമാറ്റത്തിന്റെ ആകർഷകതയുംകൊണ്ട് അദ്ദേഹത്തിന്റെ ഏതൊരു സംരംഭത്തിനും സഹായികളെ ലഭിക്കുവാൻ പ്രയാസമുണ്ടായിരുന്നില്ല. പൊതുപ്രവർത്തനത്തിൽ അദ്ദേഹത്തെ സഹായിച്ചവരുടെ കൂട്ടത്തിൽ ശ്രീ. വി. കുഞ്ഞിക്കണ്ണൻ ഗുരുക്കൾ, ബ്രഹ്മവാദി പി. കുഞ്ഞിരാമൻ, സാധു ശിവപ്രസാദ്, കെ. പത്മനാഭപ്പണിക്കർ എന്നിവരുടെ പേര് എടുത്ത്പറയേണ്ടതുണ്ട്.

കോഴിക്കോട് ചിത്തരോഗാസ്പത്രി ഡോക്ടറായി നിയമിതനായി എത്തിയ ഉടനെ അതിന്റെ വികസനത്തിനായി അദ്ദേഹം ശ്രദ്ധ മുഴുവൻ കേന്ദ്രീകരിച്ചു. രോഗികളുടെ എണ്ണം എത്രയോ അധികം വർദ്ധിച്ചിരുന്നു. അപ്പോൾ നിലവിലുള്ള കെട്ടിടങ്ങൾ അവരെ പാർപ്പിക്കുന്നതിനും മതിയായില്ലതാനും. മാത്രമല്ല, രോഗം കുറേയെല്ലാം ഭേദപ്പെട്ട അന്തേവാസികൾക്ക് പറ്റിയ ജോലി കണ്ട്പിടിക്കുന്നതിനും അവരുടെ തൊഴിൽകൊണ്ട് ആസ്പത്രിയുടെ ചെലവിനുള്ള പണം കുറേയെങ്കിലും ഉണ്ടാക്കുന്നതിനും അദ്ദേഹത്തിന് കഴിഞ്ഞു. 18 കൊല്ലം കഴിഞ്ഞ് പെൻഷൻ വാങ്ങി പിരിയുമ്പോഴേക്കും ആസ്പത്രിയുടെ സ്ഥിതി വളരെയെല്ലാം മെച്ചപ്പെടുത്തുന്നതിന് അദ്ദേഹത്തിന് സാധിച്ചു. ആസ്പത്രിയുടെ അഭിവൃദ്ധിക്കായി അദ്ദേഹംചെയ്ത സേവനത്തെ പരിഗണിച്ചാണ് അന്നത്തെ ഗവൺമെന്റ് അദ്ദേഹത്തിന് റാവു സാഹിബ് എന്ന ബഹുമതി നൽകിയത്.

ചിത്തരോഗാസ്പത്രി സൂപ്രണ്ടിന്റെ നിലയിൽ രോഗികളുടെ സൗകര്യങ്ങൾ ഓർത്ത് പ്രവർത്തിക്കുന്നതിലും ആസ്പത്രി മാനേജ്മെന്റ് തൃപ്തികരമായി നടത്തുന്നതിലും ഡോക്ടർ ഗോപാലൻ പ്രകടമാക്കിയ പാടവം പൊതുജനങ്ങളുടെയും കീഴുദ്യോഗസ്ഥന്മാരുടെയും പ്രശംസ നേടി. ആ ആസ്പത്രിയുടെ ചരിത്രത്തിൽ ഒരു പ്രധാന സ്ഥാനമാണ് അദ്ദേഹം നേടിയിട്ടുള്ളത്. എന്നിരിക്കിലും, അയ്യത്താൻ ഗോപാലനെ ഇന്നും ജനങ്ങൾ ഓർക്കുന്നത് അദ്ദേഹത്തിന്റെ നാനാമുഖമായ പൊതുസേവനംകൊണ്ടാണ്. അക്കാര്യത്തിൽ അദ്ദേഹത്തിന്റെ പ്രവർത്തനസമ്പ്രദായവും സംഘടനാ സാമർത്ഥ്യവും പ്രതിബന്ധങ്ങളെ നേരിട്ടിരുന്ന മട്ടും പൊതുരംഗത്ത് പ്രവർത്തിക്കുന്ന ആർക്കും മാതൃകയായിത്തീരേണ്ടതാണ്. ജാതിസ്പർദ്ധകൊണ്ട് ഭിന്നിച്ച് പല ദ്വീപുകൾ പോലെ വിട്ട്വിട്ട്നിൽക്കുന്ന സമുദായങ്ങളെ അടുപ്പിക്കാവാനുള്ള അദ്ദേഹത്തിന്റെ ശ്രമം എത്ര പ്രശംസിച്ചാലും അധികമാവില്ല. ജതിയും തൊഴിലും എന്തുതന്നെയായിരുന്നാലും നാമെല്ലാവരും ഒരു ദൈവത്തിന്റെ സന്താനങ്ങളാണെന്നും ഒത്തൊരുമിച്ച് ജീവിക്കേണ്ടവരാണെന്നും അന്യോന്യം സഹായിക്കേണ്ടവരാണെന്നും അദ്ദേഹം ജനങ്ങളെ വിടാതെ ഉദ്ബോധിപ്പിച്ചു. അനാചാരങ്ങളോട് നിരന്തരസമരമാണ് നടത്തിയിരുന്നതെങ്കിലും അദ്ദേഹത്തിന് ശത്രുക്കൾ കുറവായിരുന്നു. അദ്ദേഹത്തിന്റെ ചില പരിഷ്കാരങ്ങളെ കർശനമായി എതിർത്തിരുന്നവർപോലും ഗോപാലനെ വ്യക്തിപരമായി ഇഷ്ടപ്പെട്ടിരുന്നു.

ഗവൺമെന്റ് ജോലിയിൽനിന്ന് വിരമിച്ചതിന് ശേഷം പുതിയറയിലെ സ്വവസതിയിലായിരുന്നു അദ്ദേഹം പാർത്തിരുന്നത്. വാർദ്ധക്യസഹജമായ അനാരോഗ്യം ബാധിക്കുവാൻ തുടങ്ങിയപ്പോൾ പുറത്തേക്ക് പോകുന്നതും അദ്ധ്വാനിച്ചു പ്രവർത്തിക്കുന്നതും നിർത്തി, വീട്ടിലിരുന്നുകൊണ്ട് ഉപദേശം നൽകുകയും നിർദ്ദേശങ്ങൾ കൊടുക്കുകയുമാണ് ചെയ്തിരുന്നത്. സ്വന്തം കുടുംബത്തെ നോക്കി രക്ഷിക്കേണ്ടത് ഏതൊരാളുടെയും കടമയാണെന്നതുപോലെ സ്വന്തം സമുദായത്തിന്റെ ഉന്നമനത്തിനും നന്മയ്ക്കും വേണ്ടത് ചെയ്യേണ്ടത് ഒരു പൗരന്റെ ഒഴിച്ചുകൂടാത്ത ധർമ്മമാണെന്ന് അദ്ദേഹം വിശ്വസിച്ചു. തന്റെ സമയത്തിന്റെ ഒരു ഭാഗവും വരുമാനത്തിന്റെ ഒരംശവും അതിനായി നീക്കിവെക്കേണ്ടത് പൗരധർമ്മമാണെന്ന് അദ്ദേഹം കരുതി. സുഹൃത്തുക്കളേയും സഹപ്രവർത്തകരേയും അപ്രകാരം ചെയ്യാൻ ഉദ്ബോധിപ്പിക്കുകയും ചെയ്തു.

ഡോക്ടർ രോഗശയ്യയിൽ കിടക്കുന്ന കാലത്താണ്, 1946-ൽ, ഞാൻ അദ്ദേഹത്തെ അവസാനമായി കണ്ടത്. ക്ഷീണിച്ച് അവശനായിരുന്നുവെങ്കിലും കുറേ നേരം ഞങ്ങൾ പഴയ കാലത്തെപ്പറ്റിയും സുഹൃത്തുക്കളെപ്പറ്റിയും സംസാരിക്കുകയുണ്ടായി. അന്നും മുഖത്തിന്റെ പ്രസന്നതയ്ക്കോ സംസാരത്തിന്റെ രീതിക്കോ വലിയ മാറ്റമൊന്നും കണ്ടില്ല. പിന്നെ അദ്ദേഹം രോഗശയ്യയിൽനിന്ന് എഴുന്നേൽക്കുകയുണ്ടായിട്ടില്ല. 1948 മെയ് 2-ാം തീയതി അദ്ദേഹം അന്തരിച്ചു. മരിക്കുമ്പോൾ അദ്ദേഹത്തിന് 87 വയസ്സ് പ്രായമായിരുന്നു. തന്റെ പരിശ്രമത്തിന്റ ഫലങ്ങൾ സാമൂഹ്യമണ്ഡലത്തിൽ വന്നുകൊണ്ടിരിക്കുന്നത് കണ്ടുകൊണ്ട് മരിക്കുവാനുള്ള ഭാഗ്യം അദ്ദേഹത്തിനുണ്ടായി. ഡോക്ടർ ഗോപാലന് നാല് ആൺമക്കളും ഒരു മകളുമാണ്. ഡോക്ടർ ചന്ദ്രമോഹൻ, ഡോക്ടർ എ. ബി. ദാസ്, ശ്രീ. എ. ബാലഗോപാൽ, ദേവദത്തൻ എന്നിവരായിരുന്നു ഇവർ. ഏകപുത്രിയുടെ പേര് ശ്രീമതി സരോജഭായ് നിവാസ് എന്നാണ്. "ഗോപാലന്റെ പേരിൽ ഒരു ഹൈസ്കൂ( നഴ്സറി മുതൽ)ളും ഇപ്പോൾ നടത്തിവരുന്നുണ്ട്. സാമൂഹ്യപരിഷ്കരണത്തിനും അനാചാരങ്ങൾ നീക്കം ചെയ്യുന്നതിനും വഴി വെട്ടിത്തുറന്ന ഒരു നേതാവെന്ന നിലയിൽ ഡോക്ടർ അയ്യത്താൻ ഗോപാലന്റെ സ്മരണ ദീർഘകാലം നിലനിൽക്കാതിരിക്കയില്ല.

■




ജന്മശതാബ്ദി ആഘോഷത്തിന്റെയും സ്കൂൾ ഡേയുടെയും ഉദ്ഘാടനം
ബഹു. കേന്ദ്ര പ്രവാസികാര്യമന്ത്രി ശ്രീ. വയലാർ രവി നിർവ്വഹിക്കുന്നു.



എ. ബാലഗോപാൽ ജന്മശതാബ്ദി ആഘോഷ പരിപാടിയുടെ സമാപന ചടങ്ങ് ഉദ്ഘാടനം
മുഖ്യാതിഥിയായ ഡോ. സുകുമാർ അഴീക്കോട് നിർവ്വഹിക്കുന്നു.

**എ. ബാലഗോപാൽ ജന്മശതാബ്ദി ആഘോഷ പരിപാടിയിൽനിന്ന്**







# *A. Balagopal Birth Centenary Celebration & School Day*







**എ. ബാലഗോപാൽ ജന്മശതാബ്ദി ആഘോഷ പരിപാടിയിൽനിന്ന്**








Staff of Dr. A.G.M.E.M.H.School 2009-10



എ. ബാലഗോപാൽ സ്മാര കെട്ടിടോത്ഘാടനം പ്രതിപക്ഷ നേതാവ്
ശ്രീ. ഉമ്മൻചാണ്ടി നിർവ്വഹിക്കുന്നു.



എ. ബാലഗോപാൽ സ്മാര കെട്ടിടത്തിന്റെ ശിലാസ്ഥാപനം നിർവ്വഹിച്ച ശേഷം വിദ്യാർത്ഥികൾക്കൊപ്പം.

Akhil Gobind

# Do you want to be Happy?

'What a silly question', you may think, 'who doesn't? Yes, it is true that almost all of us want to be happy. then why aren't we happy? who is stopping us? Surprisingly the answer is we ourselves!

A famous philosopher has stated, 'Happiness doesn't depend on outward conditions. It depend on inner conditions. It isn't what you have or what you are or where you are or what you are doing that makes you happy, or unhappy. It is what you think about it'.

Why is it that the only person who seems to be so important to us, is the big "I"? However much we may care for others, and want their welfare, we often cannot go beyond the purely selfish interest of what, makes us happy or unhappy. Many of us may not be very enamoured about material things. We may say that we are willing to make sacrifices for the sake of others, particularly those who we love. Yet when it comes to sacrificing or emotions for the sake of others, we find it difficult to look beyond our own heart. If I am unhappy with something, I refuse to consider the joy or sadness of others. It is such a strong inbuilt mechanism, with in each one of us that forces us like a drowning person to struggle towards the fresh air of satisfaction and happiness; we fail to even understand what causes distress or disharmony to others, leave alone actually trying to fulfill their needs.




One cannot always do what one likes, but one can certainly like what one does. It is difficult but certainly not impossible. And because it is difficult, it is challenging. When you overcome this challenge, you will be proud of yourself and that itself will be a source of happiness.

We have seen people enjoying their life when it flows like a song as though the melody is immortal. And when something goes wrong, they break into pieces and can't face reality the people to be admired are those who smile through difficult times and it is the smile of such people that is truly a meaningful smile. Keep smiling and the world will become a place, worth smiling at. Remember that true happiness is like a butterfly try to chase it and it will fly off; grow flowers for it and it will come and sit on your shoulders!

■

Sarath Babu. K



# The way to Success

ആവശ്യത്തിന്വേണ്ട അലങ്കാരപ്രയോഗങ്ങൾകൊണ്ട് ഒരു കവിതയെ ഭംഗിപ്പെടുത്തുന്ന ചെറുശ്ശേരി ഈ ഭാഗത്ത് പ്രത്യേകമായ ഒരു ആലങ്കാരിക പ്രയോഗവും ഉപയോഗിച്ചില്ല. മഞ്ജരി വൃത്തത്തിൽ രചിച്ച ഈ കവിതയുടെ പ്രത്യേകത അത് നൂറ്ശതമാനം കലയാണ് എന്നതാണ്. നമ്പ്യാരെപ്പോലെത്തന്നെ അദ്ദേഹവും കിട്ടുന്നസന്ദർഭങ്ങളിൽ മലയാളികളെയും മലയാളനാടിനെയും പരാമർശിക്കുന്നുണ്ട്.

മനോധർമ്മ പ്രയോഗങ്ങൾകൊണ്ടും അലങ്കാര പ്രയോഗങ്ങൾകൊണ്ടും സുലളിത കോമള പദങ്ങളുടെ മേളനംകൊണ്ടും പ്രകൃതിവർണ്ണനകൾകൊണ്ടും മറ്റും സഹൃദയരുടെ മുക്തകണ്ഠമായ പ്രശംസയ്ക്ക് പാത്രിഭൂതമായ കൃഷ്ണഗാഥയും അതിന്റെ കർത്താവായ ചെറുശ്ശേരിയും മലയാളികളും മലയാളഭാഷയും ഉള്ളിടത്തോളം കാലം വിസ്മരിക്കപ്പെടുകയില്ല. ■



അനുശ്രീ രാജീവ്

# ശ്രീനാരായണഗുരു

കേരളത്തിന്റെ ചരിത്രത്തിൽ ഏറ്റവും ഇരുളടഞ്ഞ കാലഘട്ടമായിരുന്നു പതിനെട്ടാം നൂറ്റാണ്ട്. ഹിന്ദുക്കളിൽ ഒരു വലിയ വിഭാഗത്തെ അവർണ്ണരെന്നും താണജാതിയെന്നും മുദ്രകുത്തി അവർക്ക് വിദ്യാഭ്യാസവും സ്വാതന്ത്ര്യവും നിഷേധിക്കപ്പെട്ട കാലം. അവശത അനുഭവിച്ച ജനങ്ങളെ കൈപിടിച്ചുയർത്തി സ്വാതന്ത്ര്യത്തിന്റെ വഴിത്താരയിലേക്ക് നയിച്ച സന്യാസിയായിരുന്നു ശ്രീനാരായണ ഗുരുദേവൻ. തിരുവനന്തപുരം ജില്ലയിൽ ചെമ്പഴന്തി ഗ്രാമത്തിൽ 1030 ചിങ്ങമാസത്തിൽ ചതയം നാളിലാണ് ശ്രീനാരായണ ഗുരു ജനിച്ചത്. 1032-ലെ എന്നും ഒരു അഭിപ്രായമുണ്ട്. അച്ഛൻ മാടനാശാൻ സംസ്കൃത പണ്ഡിതനായിരുന്നു. അമ്മ കുട്ടിയമ്മ മഹാഭക്തയായിരുന്നു. അച്ഛനമ്മമാരും ബന്ധുക്കളും കുട്ടിയെ നാണു എന്ന് വിളിച്ചു. അഞ്ചാം വയസ്സിൽ ചെമ്പഴന്തിപ്പിള്ള ആശാൻ നിലത്തെഴുത്ത് പഠിപ്പിച്ചു. മലയാളം എഴുതാനും വായിക്കാനും പഠിച്ചശേഷം കണങ്കര മുത്തുപ്പിള്ള ആശാന്റെ കീഴിൽ സംസ്കൃതം പഠിച്ചു. കുമ്മൻപിള്ളി ആശാന്റെ കീഴിൽ ഉപരിപഠനം നടത്തി. നാണു വേദശാസ്ത്രാദികളിൽ തികഞ്ഞ പാണ്ഡിത്യം നേടി. പിന്നീട് തൈക്കാട്ട് അയ്യാവുവിൽ നിന്ന് യോഗവിദ്യയും അഭ്യസിച്ചു.

നാണുവിനെ ഒരു ഗൃഹസ്ഥനാക്കാൻ വേണ്ടി ബന്ധുക്കൾ നിർബ്ബന്ധിച്ച് വിവാഹം കഴിപ്പിച്ചെങ്കിലും അദ്ദേഹം അത് സ്വീകരിച്ചില്ല. വീട്വിട്ടിറങ്ങിയ അദ്ദേഹം പല ദിക്കിലും ചുറ്റി സഞ്ചരിച്ചു. ജനങ്ങൾ അദ്ദേഹത്തെ നാണുഭക്തനെന്ന് വിളിച്ചു. പിന്നീട് അദ്ദേഹം മരുത്വാമലയിൽ ചെന്ന് തപസ്സ്ചെയ്തു. തപസ്സിലൂടെ ആത്മാനുഭൂതി ലഭിച്ച ഗുരു അവധൂതനായി നടന്നു. നാട്ടിലെ അധഃസ്ഥിതരുടെ അവശതകളെല്ലാം ഗുരു നേരിൽ കണ്ടു. അതിനുള്ള പരിഹാരത്തെപ്പറ്റി ചിന്തിച്ചു. അരുവിപ്പുറത്തെ ഗുഹയിൽ താമസിക്കുന്ന കാലത്ത് ഭക്തന്മാർ സ്വാമിയെ ചെന്ന് കണ്ടു. അവരുടെ ദു:ഖങ്ങൾക്ക് അറുതിവരുത്താൻ വേണ്ട പരിപാടികൾ സ്വാമികൾ ആരംഭിച്ചു.

ക്ഷേത്രപ്രവേശനം നിഷേധിക്കപ്പെട്ട ഒരു വലിയ വിഭാഗം ഹിന്ദുക്കൾക്കുവേണ്ടി ഒരു ക്ഷേത്രം സ്ഥാപിക്കുവാൻ ഗുരു തീരുമാനിച്ചു. 1888 ശിവരാത്രി നാളിൽ അരുവിപ്പുറത്ത് ആദ്യത്തെ ശിവപ്രതിഷ്ഠ നടത്തി. ഹൈന്ദവ സംസ്കാരത്തിന്റെ വിശാലാശയം വിളംബരംചെയ്യുന്ന ഒരു സൂക്തം അവിടെ എഴുതിവപ്പിച്ചു. "ജാതിഭേദം, മതദ്വേഷം ഏതുമില്ലാതെ സർവരും സോദരത്വേന വാഴുന്ന മാതൃകാസ്ഥാനമാണിത്."

ജനങ്ങൾക്ക് വളരെ ആശ്വാസവും ആവേശവുമായി. അവരുടെ ആവശ്യപ്രകാരം നിരവധി ക്ഷേത്രങ്ങൾ ഗുരു സ്ഥാപിച്ചു. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഒഴിവാക്കാനും വിദ്യ അഭ്യസിക്കാനും ഗുരു ജനങ്ങളെ ഉപദേശിച്ചു. ഗുരുവിന്റെ കീഴിൽ ജനങ്ങൾ ഒന്നിച്ച് പ്രവർത്തിച്ചു. ജാതിക്കോട്ടകൾ തകർന്നു. അയിത്തം മാറി. ജനങ്ങൾ സ്വതന്ത്രരായി.

സംസ്കൃതത്തിലും മലയാളത്തിലും തമിഴിലും ഗുരുവിന് നല്ല പാണ്ഡിത്യമുണ്ടായിരുന്നു. നിരവധി സ്തോത്രകൃതികളും വേദാന്തകൃതികളും ഗുരു രചിച്ചിട്ടുണ്ട്.

1928 സെപ്തംബർ മാസം 20-നാണ് ഗുരു സമാധിയടഞ്ഞത്. ആണ്ടുതോറും വർക്കലയിലെ സമാധിമന്ദിരത്തിലേക്ക് ഗുരുഭക്തർ തീർത്ഥാടനം ചെയ്തുവരുന്നുണ്ട്. ■

സുമിത. എം.



# സ്ത്രീ ഒരു പഠനം

സ്ത്രീ അമ്മയാണ്, ജഗൻമാതാവാണ് എന്നെല്ലാം വിശേഷിപ്പിക്കുന്ന നമ്മൾ ഇപ്പോൾ സ്ത്രീകളെ ബഹുമാനിക്കുന്നുണ്ടോ സംരക്ഷിക്കുന്നുണ്ടോ എന്നൊരു സംശയം. എങ്കിലും സ്ത്രീ, പുരുഷനേക്കാൽ ഒട്ടും താഴെയല്ല എന്ന് കാണിക്കുന്ന എത്രയെത്ര സംഭവങ്ങൾ നമ്മുടെയിടയിൽ നടന്നിരിക്കുന്നു. രാഷ്ട്രീയത്തിലും കലാകായിക ലോകത്തും ശൂന്യാകാശയാത്രയിലും എന്തിന്ന് എവറസ്റ്റ് കൊടുമുടി കീഴടക്കാൻ വരെ സ്ത്രീകൾ മുൻകൈയെടുത്തിട്ടുണ്ട്. അതിനാൽ എന്തുകൊണ്ടും സ്ത്രീകൾ പുരുഷന്മാർക്കൊപ്പംതന്നെ എന്ന് ഞാൻ കരുതുന്നു. എങ്കിലും സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ, പീഡനങ്ങൾ വർദ്ധിക്കുന്നതായി കാണാം. ഇപ്പോൾതന്നെ ഒരു പത്രം എടുത്ത്നോക്കുകയാണെങ്കിൽ സ്ത്രീകളുടെ ആത്മഹത്യകളും സ്ത്രീകൾ അനുഭവിച്ച പീഡനങ്ങളുടെ വാർത്തകളും എത്രമാത്രമാണുള്ളത്. ചെറുപ്പംമുതലേ സ്ത്രീകളെ ആദരിക്കാനും സംരക്ഷിക്കാനും സ്നേഹിക്കാനുമുള്ള ശീലം വളർത്തിയെടുത്താൽ സ്ത്രീകൾക്ക് സമൂഹത്തിൽ കൂടുതൽ സുരക്ഷിതത്വമുള്ള സ്ഥാനം കൈവരിക്കാം. അത് ഒരു മാതാവിന്റെ കടമയാണ്. മാതാവ് അവരുടെ കടമ വളരെ നന്നായി ചെയ്താൽ അവരുടെ മക്കൾ സ്ത്രീ സ്നേഹികളും സ്ത്രീകളെ ആദരിക്കുന്നവരും ആയിത്തീരും. അമ്മ, സഹോദരി, ഭാര്യ എന്നിങ്ങനെ സ്ത്രീക്ക് സമൂഹത്തിൽ പല സ്ഥാനങ്ങളുണ്ട്. അവയെല്ലാം ശരിയായ രീതിയിൽ ഉപയോഗിച്ചാൽ അവിടെ സ്ത്രീപീഡനങ്ങളും സ്ത്രീകൾക്കെതിരെയുള്ള ആക്രമണങ്ങളും ഉണ്ടാകുകയില്ല. ബാല്യത്തിൽ പിതാവും കൗമാരത്തിൽ ഭർത്താവും വാർദ്ധക്യത്തിൽ മകനും സ്ത്രീയെ സംരക്ഷിക്കണമെന്ന് മനുസ്മൃതിയിൽ പറയുന്നു. പുരാണങ്ങളിൽ സ്ത്രീകളെ ദേവതയെപ്പോലെ പൂജിക്കണമെന്നും ഉദ്ബോധിപ്പിക്കുന്നു. ഇപ്പോൾ നമ്മുടെ ഭരണഘടനയിൽപോലും സ്ത്രീകളെ സംരക്ഷിക്കാനുള്ള എത്രയോ നിയമങ്ങളുണ്ട്. ഇതെല്ലാം സ്വീകരിച്ച് സ്ത്രീകൾ കൂടുതൽ കരുത്തരാവുകയാണ് വേണ്ടത്. പെൺകുട്ടികൾക്ക് സ്വന്തം കാലിൽ നിൽക്കാനുള്ള ആത്മവിശ്വാസം നൽകാൻ അമ്മമാർക്കകഴിയണം. അങ്ങനെ ഒരു സ്ത്രീ മാതാവിന്റെ, സാഹോദരിയുടെ, ഭാര്യയുടെ, കടമ നന്നായി ചെയ്താൽ നമ്മുടെ സമൂഹം എത്ര സുന്ദരമായിരിക്കും. ■

*With best compliments from*

**M.P. Tex**

**K.V. Complex**
**Calicut-2**

ആതിര പ്രകാശൻ

# ഭക്തിഗാനങ്ങൾ

തൊഴുതാലും തൊഴുതാലും തീരുകില്ല
നിന്റെ തിരുവുടൽപൂവിന്റെ മധുരഗന്ധം (2)
കണ്ടാലും കണ്ടാലും മതിവരില്ല നിന്റെ
മാലേയ തിലകത്തിൽ മതിമധുരം (2)
കൃഷ്ണഹരേ (3)
ജയ കൃഷ്ണഹരേ
പാഴ്മുളം തണ്ടിനെ മുരളിയായ് മാറ്റുന്ന
പവനേശ്വരാ നിന്റെ രാഗജാലം (2)
ഒരു മണിയവിൽപോലും നീ തലോടുമ്പോൾ
ധനധാന്യകേദാരമായിടുന്നു (2)
കുടമണിയാടുന്ന പൈക്കൾക്ക് പോലും നീ
പുനരപി ദുഃഖങ്ങൾ തീർത്തിടുന്നു.
ജപമണിയെണ്ണുന്ന മഞ്ജുളാൽ ചില്ലയ്ക്കും
ഋതുസുഖ നിർവൃതി ചാർത്തുന്നു നീ (2)
നൊന്തു വിളിക്കുമ്പോൾ വിളി കേൾക്കുമമ്മ നീ
കാടാമ്പുഴവാഴും ജഗദീശ്വരി
പിരതിൽ ഭക്തരെ പാലനം ചെയ്ത് നീ
കരുണാകടാക്ഷങ്ങൾ ചൊരിഞ്ഞു നിൽക്കും
ആയിരമായിരം മന്ത്രങ്ങളുരുവിട്ട്
നിന്റെ തൃപ്പാദത്തിൽ വണങ്ങീടുമ്പോൾ
ക്ലേശങ്ങളെത്രയോ കുറയ്ക്കുന്നൊരീശ്വരീ
പൊൻപ്രഭ തൂകി നീ മനസ്സിൽ നിൽക്കും
മുട്ടിറക്കീടുവാൻ കേരമുടച്ചു നിൻ
മുന്നിൽ വന്നെത്രയോ നിന്നിടുമ്പോൾ
വിനകളെല്ലാം മാറ്റി വരമേകുമീശ്വരീ
പൊൻവിളക്കായ നീ തെളിഞ്ഞ് നിൽക്കും. ■



ആതിര വി.

# അമ്പിളി

രാവിൻ മാലാഖയെപ്പോൽ
ഒറ്റയ്ക്ക് നീ തിളങ്ങുന്നു മാനത്ത്,
ജീവജാലങ്ങൾക്കെല്ലാം
ഇരുട്ടിൽ വെളിച്ചമേകാൻ
ചിലപ്പോൾ മുക്കുവന്റെ തോണിപോൽ,
ചിലപ്പോൾ രാമന്റെ വില്ലുപോൽ,
ചിലപ്പോൾ വട്ടക്കണ്ണാടിപോൽ,
ഉദിക്കുന്നു നീ പൂർണ്ണചന്ദ്രനായ്.
പക്ഷികൾക്ക് രാപ്പാർക്കാൻ
മൃഗങ്ങൾക്ക് ഇരതേടാൻ
കുഞ്ഞുങ്ങൾക്ക് കളിപ്പാട്ടമാകാൻ
എന്നും നീ വന്നിടേണം മാനത്ത്.
മേഘങ്ങളാൽ മൂടപ്പെടുമ്പോൾ
തോന്നുന്നു നീ മങ്ങുന്നതുപോൽ
ശൂന്യമായീടുന്നു ആകാശം
നീയില്ലാത്ത രാത്രികളിൽ.
അമ്പിളയമ്മാവാ!
എന്നും നീ വന്നീടു മാനത്ത്
ജീവജാലങ്ങൾക്ക് വെളിച്ചമേകാൻ. ■

ഇ. എസ്. അനീഷ്

# കണ്ണന്റെ ഓടക്കുഴൽവിളി

വൃന്ദാവനത്തിൽ ഇരിക്കും കണ്ണൻ,
ഓടക്കുഴൽ വായിക്കും കണ്ണൻ,
കണ്ണന്റെ ഓടക്കുഴൽവിളിയിൽ,
മേയുന്നു അമ്പാടിതൻ കന്നുകാലികൾ
ഓടക്കുഴൽവിളി കേട്ട ചന്ദ്രൻ,
മേഘങ്ങൾക്കിടയിലൂടൊളിഞ്ഞു നോക്കി,
പാട്ടങ്ങു കേട്ടപ്പോൾ ചരാചരങ്ങൾ
നിശ്ചലമായല്ലോ നിന്നുപോയീ
പാട്ടു കേട്ടൊഴുകീടുന്നിതാ
യമുനാ നദിയും മെല്ലെ മെല്ലെ. ■



സലീന ഫാത്തിമ

# പരിസ്ഥിതി മലിനീകരണം

നമുക്കറിയാമല്ലോ, നമ്മുടെ നാട് ഇന്ന് മലിനമാക്കപ്പെട്ട ഒരു നാടാണെന്ന്. 'മലിനീകരണം' എല്ലാ ജീവജാലങ്ങളും നേരിടു ന്ന ഒരു ദുരിതമാണ്. ഈ പ്രകൃതിമലിനീകരണത്തിന് കാരണം ഭൂമിയുടെ മക്കളായ നാം ഓരോരുത്തരുമാണ്. ഏതെല്ലാം വഴികളിലൂടെയാണ് നമ്മുടെ പ്രകൃതി മലിനമാകുന്നത്. ജലത്തിലൂടെയും വായുവിലൂടെയും പരിസ്ഥിതിയിലൂടെയും നമ്മൾ ആവശ്യമില്ലാത്ത എല്ലാ പാഴ്‌വസ്തുക്കളും റോഡരികിലും വഴിയോരങ്ങളിലും വീട്ട്മുറ്റത്തും എല്ലാം കൊണ്ടിടുന്നു. നമ്മുടെ കേരളീയരുടെ സ്ഥിരം പതിവാണ്, പാഴ്‌വസ്തുക്കൾ അവനവന്റെ പറമ്പിലിടാതെ ആരാന്റെ പറമ്പിലിടുക. അതുകൊണ്ടും അനുഭവിക്കുന്നത് നമ്മൾ ഓരോരുത്തരുമാണ്. ഇങ്ങനെ കൊണ്ടിടുന്ന ചപ്പ്ചവറുകൾ കുന്നുകൂടികിടക്കും. അതിൽ പലതരം ഈച്ചകളും കൊതുകുകകളും പ്രാണികളും നിറയുന്നു. ഇത് മനുഷ്യനിൽ ധാരാളം രോഗങ്ങൾ ഉടലെടുക്കാൻ കാരണമാകുന്നു.

നാമങ്ങളിൽ ചിക്കുൻഗുനിയ, ഡെങ്കിപ്പനി, മലമ്പനി തുടങ്ങിയ രോഗങ്ങൾ ഉണ്ടാകുകയും ചെയ്യുന്നു. ഇനി ചപ്പുചവറുകൾ അങ്ങനെത്തന്നെ ഇട്ടാലോ? അത് മണ്ണിൽ ലയിക്കാതെ കിടക്കും. ഇത്മൂലം പ്രകൃതിക്കുണ്ടാകുന്ന നഷ്ടം വളരെ വലുതാണ്. ഇങ്ങനെ പ്ലാസ്റ്റിക്കുകൾ കിടക്കുന്ന സ്ഥലത്ത് ഒരു ചെടിപോലും വളരുകയില്ല. പ്ലാസ്റ്റിക് കവറുകൾ കത്തിക്കുന്നത് പരിസരം മലിനമാക്കുന്ന മറ്റൊരു ഘടകമാണ്. അത് കൂടാതെ ഇത് നമുക്ക് രോഗം പരത്തുകയും ചെയ്യും. നാമങ്ങളിൽ കാൻസർ എന്നിങ്ങനെ ഇത്മൂലം. പ്രകൃതിയിൽ ശുദ്ധവായു തന്നെ ഇല്ലാതാകുന്നു.

പിന്നെ നമുക്ക് എടുത്ത്പറയാൻ മറ്റൊരവസ്ഥകൂടിയുണ്ട്. 'വനനശീകരണം'. വനനശീകരണത്തിന് കാരണക്കാരും നമ്മൾതന്നെയാണ്. പ്രകൃതിതന്നെ മരങ്ങളില്ല മഴ ലഭിക്കാനും മണ്ണൊലിപ്പ് തടയാനും സഹായിക്കുന്നു. എന്നാൽ, ഇന്ന് നമ്മൾ അത് നശിപ്പിക്കുകയാണ് ചെയ്യുന്നത്. ഈ കാലത്ത് മഴ ലഭിക്കുക വളരെ അത്ഭുതമാണ്. നമുക്ക് മരം മുറിക്കാം, പക്ഷേ, ആ സ്ഥാനത്ത് രണ്ട് മരത്തൈകൾ നടാൻ. വരും തലമുറയ്ക്ക് അത് ഉപയോഗമാകും. ആ പരമ്പര അങ്ങനെ നീണ്ടുപോകും. പക്ഷേ നമ്മൾ മനുഷ്യന്മാർ അതുചെയ്യില്ല. മരങ്ങൾ സംരക്ഷിക്കാൻ വേണ്ടി കുറേ ആളുകൾ ചുമതല ഏറ്റെടുത്തതാണെങ്കിലും അവരും രഹസ്യമായി ഇന്ന് മരങ്ങൾ വെട്ടി നശിപ്പിക്കുന്നു.

അതിനാൽ, ഇനിയെങ്കിലും വരും തലമുറ ഇങ്ങനെ പ്രകൃതിയെ നശിപ്പിക്കാതിരിക്കട്ടെ എന്ന് നമുക്ക് പ്രത്യാശിക്കാം. ■

# ഉണ്ണിയേട്ടന്റെ വരവ്

റൂബി പർവീൺ



അങ്ങനെ വേനലവധിക്കാലം എത്തി. ഉണ്ണിയുടെ സ്കൂൾ പൂട്ടി. അവൻ വീട്ടിലേക്ക് പോകുവാനുള്ള തയ്യാറെടുപ്പിലാണ്. ഉണ്ണിയുടെ വീട് ഒരു ഗ്രാമത്തിലാണ്. ഗ്രാമത്തിൽ പഠിക്കുവാനുള്ള സൗകര്യമില്ലാത്തതുകൊണ്ട് ഉണ്ണി ഗ്രാമത്തിൽനിന്ന് ദൂരെയുള്ള പട്ടണത്തിൽ വന്നാണ് പഠിക്കുന്നത്. ഉണ്ണി ഗ്രാമത്തിലേക്ക് യാത്രതിരിച്ചു. ഒരു ദിവസത്തിന്റെ പകുതിയോളം ബസ്സിൽ യാത്രചെയ്യണം. യാത്രയിൽ അവൻ പലതും ഓർത്തു. വീട്ടിൽ തന്നെ കാത്തിരിക്കുന്ന അമ്മയും കുഞ്ഞുപെങ്ങളായ ഉമയും കൂടാതെ തന്റെ പ്രിയപ്പെട്ട ടിക്കുപ്പൂച്ചയും. അമ്മ വേല ചെയ്താണ് വീട്ട്കാര്യം നോക്കുന്നത്. ഉണ്ണിയുടെ പഠനചെലവ് പട്ടണത്തിലുള്ള അമ്മാവൻ നോക്കിക്കൊള്ളും.

വീട്ടിൽ അമ്മയും ഉമയും സന്തോഷത്തിലാണ്. കത്തിലൂടെ ഉണ്ണി വരുന്ന കാര്യം അറിയിച്ചിരുന്നു. ഉമ തന്റെ കൂട്ടുകാരികളോടെല്ലാം ഏട്ടൻ വരുമെന്നും പട്ടണത്തിൽനിന്ന് തനിക്ക് സമ്മാനങ്ങൾ കൊണ്ടുവരുമെന്നും പറഞ്ഞു. ശരിയാണ്. തന്റെ മുഷിഞ്ഞ വസ്ത്രങ്ങളും പുസ്തകങ്ങളും മാറ്റിവെച്ചാൽ നിറയെ ഉമയ്ക്കുള്ള സമ്മാനങ്ങളും അമ്മയ്ക്കുള്ള ഒരു ചെറിയ പൊതിയുമാണ് ഉണ്ണിയുടെ പെട്ടിയിൽ. സ്കൂളിൽനിന്ന് സമ്മാനമായി കിട്ടിയ പണമെല്ലാം അവൻ സ്വരുക്കൂട്ടി വാങ്ങിച്ചതാണ്. തീർച്ചയായും അവർക്കിത് ഇഷ്ടപ്പെടും. ബസ്സിറങ്ങി ഒരു ഫർലോങ്ങ് നടക്കണം വീട്ടിലേക്ക്. ഉണ്ണി സ്വപ്നങ്ങളുമായി ഒന്ന് മിഴിയടച്ചതേയുള്ളൂ. സഹയാത്രികരുടെ ബഹളം കേട്ടാണ് അവൻ ഉണർന്നത്. അവൻ തിരിച്ചിരുന്നുപോയി തങ്ങളുടെ ബസ് നിയന്ത്രണാതീതമായി മാറിയിരിക്കുന്നു. ബസ് അടുത്തുള്ള മരത്തിൽ ചെന്നിടിച്ച്നിന്നു, എന്നിട്ട് അഗാധമായ താഴ്ചയിലേക്ക് മറിഞ്ഞു. ആ അപകടത്തിൽ ബസ്സിലുള്ള ആരും രക്ഷപ്പെട്ടില്ല.

ഉണ്ണി ആശുപത്രിയിലേക്കുള്ള വഴി മദ്ധ്യേയാണ് കണ്ണടച്ചത്. തന്നെ ദൈവത്തിന് നൽകുന്നതിന് മുമ്പ് അവൻ തന്റെ പെട്ടി രക്ഷാപ്രവർത്തകരിൽ ഒരാളെ ഏൽപിച്ചുകൊണ്ട് പറഞ്ഞു: “ഞാൻ തിരിച്ചു പോവാ; എന്റെ അച്ഛന്റെ അടുത്തേക്ക്. ഇതിൽ എന്റെ വിലാസമുണ്ട്. ഈ പെട്ടി അവിടെ.... എത്തി...ക്കണം’’ അവൻ ഒന്ന് പിടഞ്ഞു. ഒന്ന് വെപ്രാളപ്പെട്ടു കണ്ണുകൾ തുറിച്ച് വന്നു. പതിയെ നിശ്ചലമായി. രക്ഷാപ്രവർത്തകർ അവന്റെ അന്ത്യാഭിലാഷം നിറവേറ്റി. ആ അമ്മയും കുഞ്ഞുപെങ്ങളും തകർന്നുപോയി. അവർ വിശ്വസിച്ചില്ല. അവർ ആ പെട്ടി ഭദ്രമായി എടുത്ത്വെച്ചു ‘‘വരും, നമ്മുടെ ഉണ്ണിയേട്ടൻ വരും, നമ്മളെ വിട്ട് ഈ ഉമമോൾടെ ഏട്ടൻ ഏടെയും പോകില്ല’’. ഇത്രയും പറഞ്ഞ് ഉമ വാതിൽക്കൽചെന്ന് വിദൂരതയിലേക്ക് നോക്കിനിന്നു. തന്റെ ഉണ്ണിയേട്ടന്റെ വരവ് പ്രതീക്ഷിച്ചെന്നവണ്ണം.

■

# CHEVAYUR SERVICE CO-OPERATIVE BANK LTD.

No. F. 1245

**NELLIKODE, P.O. CHEVARAMBALAM, CALICUT-17**

**(Class I special grade)**

PHONE : 2741015
H.O. NELLIKODE
CALICUT-17

PHONE : 2370875
BR. PAROPPADY
CALICUT-12

PHONE : 2742038
BR. PUTHIYAPALAM
CALICUT-16

PHONE : 2351328
BR. KOVOOR
CALICUT-08

PHONE : 2744605
BR. KOTTOLI
CALICUT-16

| | | |
|---|---|---|
| Number of members | - | 39626 |
| Paid up share capital | - | 13490056 |
| Working capital-exceeds | - | 696199591 |
| Deposits | - | 671630284 |
| Loan outstanding | - | 575830313 |
| Investments | - | 184901019 |

Classification as per section 80 -Class 1 special grade

Dealing all banking business

Interest on deposits 1 to 11.75%

Issuing agricultural and non-agricultural loans

Dealers of chemical fertilizers

Consumer store and Neethi store at head office & Chevarambalam

Safe deposit locker available

Auditorium with stage at 3rd floor

**Sri. P. PAVITHRAN**
**Secretary**

**Adv. G. C. PRASANTHKUMAR**
**President**

പ്രഭാത്. പി




# നിശാഗന്ധിയുടെ അന്ധത

ഒരു രാത്രി. അന്ധകാരത്തെ ഭേദിച്ചുകൊണ്ട് ഒരു കാർ ചീറിപ്പായുന്നു. പെട്ടെന്ന്തന്നെ മരണമെന്ന ജീവിതലക്ഷ്യത്തിൽ ആ വാഹനത്തിനുള്ള രണ്ട് പേർ എത്തിച്ചേർന്നു. ദൈവകടാക്ഷത്താൽ മറ്റു രണ്ട് പേർ ലക്ഷ്യത്തിൽ നിന്ന് എത്രയോ അകലെയായിരുന്നു. അതേ ദൈവംതന്നെ അവരെ തമ്മിൽ വേർതിരിച്ചു. വെറും ആറ്മാസം മാത്രം ലോകം കണ്ട ആ പിഞ്ചുകുഞ്ഞ് തന്റെ അച്ഛന്റെയടുത്ത് നിന്നും തെറിച്ച്വീണു. ആ വീഴ്ച അവളുടെ അച്ഛൻ അറിഞ്ഞിരുന്നില്ല. ബോധമില്ലാതെ കിടന്ന ആ മനുഷ്യനെ ആരൊക്കെയോ ചേർന്ന് ആസ്പത്രിയിലെത്തിച്ചു. എങ്കിലും, വേർപെട്ടുപോയ പിഞ്ചുകുഞ്ഞ് അവിടെത്തന്നെകിടന്നു.

പിറ്റേന്ന് അവളെ ആരൊക്കെയോ കണ്ടെടുത്തപ്പോൾ കടംകൂടി മാതാപിതാക്കൾ ഉപേക്ഷിച്ച കുട്ടികളുടെ എണ്ണത്തിൽ ഒരാൾകൂടി എന്ന് മാത്രമേ അവർ വിചാരിച്ചുള്ളൂ. കുട്ടികളില്ലാത്ത ഒരു ഗൃഹനാഥൻ ദയകൊണ്ട് ആ കുഞ്ഞിനെ തന്റെ കുടുംബത്തിലേക്ക് ഏറ്റെടുത്തു. അങ്ങനെ അവളുടെ ഭാവി അവിടെ അഭയം തേടി.

കാലങ്ങൾ കുറേ പിന്നിട്ടു. അവൾ വളർന്നവന്നു. അവൾ സുന്ദരിയായിരുന്നു. അവളുടെ മുഖം എപ്പോഴും ശോഭനമായിരുന്നു. താൻ മറ്റുള്ളവരിൽ നിന്നും വ്യത്യസ്തയാണെന്ന് അവൾ മറ്റുള്ളവരുടെ പെരുമാറ്റത്തിൽ നിന്നും മനസ്സിലാക്കിയിരുന്നു. പക്ഷേ, അത് എങ്ങനെയെന്നത് അവൾക്കറിയില്ലായിരുന്നു. അങ്ങനെ കാലചക്രത്തിന്റെ നീക്കത്തോടൊപ്പം അവൾ ആ രഹസ്യവും കണ്ടുപിടിച്ചു. താൻ ഒരന്ധയാണെന്ന നഗ്നമായ സത്യം. ഒരു നിശാഗന്ധിയുടെ എല്ലാ സവിശേഷതകളും അവളുടെ കണ്ണുകൾക്കുണ്ടായിരുന്നു. അവളുടെ കണ്ണുകൾ മനോഹരമായിരുന്നു. എങ്കിലും നിശാഗന്ധിയെപ്പോലെത്തന്നെ ഇരുട്ടിൽ തന്റെ ആയുസ്സ് കഴിച്ച്കൂട്ടാനായിരുന്നു ആ നയനങ്ങളുടെയും വിധി.

അവൾ എല്ലാ വിധത്തിലും സമ്പന്നയായിരുന്നു. കാഴ്ചയിലൊഴിച്ച്. ശ്രവണശക്തിയിലൂടെയും കഠി

ന പ്രവൃത്തിയിലൂടെയും അവൾ വിധിയെ തരണംചെയ്തു. ഇങ്ങനെയുള്ള തന്റെ ജീവിതത്തിനിടയിൽ അവളൊരു സുഹൃത്തിനെയും സമ്പാദിച്ചു. സൗഹൃദത്തിന്റെയും പ്രണയത്തിന്റെയും നേർത്ത അതിർവരമ്പുകളിലൂടെ യാത്രചെയ്തിരുന്ന അവർ പെട്ടെന്ന് അതിർത്തികടന്നു. ഈ പ്രണയത്തിനിടയിൽ അന്ധത ഒരു ചോദ്യചിഹ്നമായി അവളുടെ ഉള്ളിൽ തറച്ചു.

ഈ പ്രണയത്തെക്കുറിച്ച് മറ്റുള്ളവരുടെ അഭിപ്രായമെന്തായിരിക്കുമെന്ന് ചിന്തിച്ച് അവൾ ദുഃഖമെന്ന കടലിലേയ്ക്കിറങ്ങാൻ പോയപ്പോൾ അവളുടെ കാമുകൻ അവളെ കരയിലേയ്ക്കടുപ്പിച്ചു. പുറംകാഴ്ചയേക്കാൾ താൻ വിശ്വസിക്കുന്നത് ഉൾകാഴ്ചയിലാണെന്നും അത് നിന്നിൽ ഉള്ളതുകൊണ്ട് നീ പൂർണ്ണസുന്ദരിയാണെന്നും പറഞ്ഞ് അവൻ അവൾക്ക് ധൈര്യം പകർന്നു. എങ്കിലും ഭയത്തിന്റെ ഒരു ചെറിയ അംശം അവളിൽ നിഴലിച്ചിരുന്നു. എങ്കിലും ആ പ്രേമത്തിന് ഒരു തടസ്സവും അവർക്ക് നേരിടേണ്ടിവന്നില്ല. രണ്ട് കുടുംബങ്ങളും അവരുടെ പ്രേമത്തിൽ അവർക്കനുകൂലമായിരുന്നു.

അങ്ങനെ അവൻ തന്റെ ജീവിതം ഒരു താലിച്ചരടിൽ കെട്ടി അവൾക്ക് സമ്മാനിച്ചു. അവർ ഒരു നല്ല കുടുംബജീവിതത്തിന് വഴി തെളിയിച്ചു. ഇങ്ങനെ ഇണങ്ങിയും പിണങ്ങിയുമുള്ള തങ്ങളുടെ ജീവിതത്തിനിടയിൽ അവൾ തന്നിൽ ഒളിച്ചുകിടന്ന ഗായികയെ കണ്ടുപിടിച്ചു. ആദ്യമാദ്യം വിദ്യാലയങ്ങളിലും മറ്റും പാടിത്തുടങ്ങിയ അവൾ പിന്നീട് മത്സരവേദികൾക്ക് സുപരിചിതയായി. അരങ്ങുകൾ പലതും അവൾ കയറിയിറങ്ങി. ഒരു ഓട്ടോ ഡ്രൈവറായ തന്റെ ഭർത്താവിന്റെ കഷ്ടത അവൾ കുറച്ചു. സംഗീത ക്ലാസിലടെ നല്ല ഒരു തുക അവൾ സമ്പാദിച്ചു.

അങ്ങനെ അവൾ പ്രശസ്തിയാർജ്ജിച്ചു. അവളുടെ പ്രശസ്തി മറ്റു നാടുകളിലേക്കും പടർന്നു. അങ്ങനെ അവളുടെ പേരും വിവരങ്ങളും മിക്ക പത്രങ്ങളിലും പ്രത്യക്ഷപ്പെട്ടു. ഈ സമയം ലോകത്തിന്റെ മറ്റൊരു കോണിൽ നിന്ന ഒരാളിനെ ഈ വാർത്ത അതിശയിപ്പിച്ചു. 25 വർഷമായി താൻ പത്രങ്ങളിൽ തെരഞ്ഞ വിവരം ഈ നിമിഷം തന്നെ തെരഞ്ഞുവന്നിരിക്കുന്നു. അയാൾ പത്രക്കാരുമായി ബന്ധപ്പെട്ടു. അങ്ങനെ അവളെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ അയാൾ ശേഖരിച്ചു. അയാൾ അവളുമായി ഫോണിൽ സംസാരിച്ചു. തന്റെ മകളുടെ ശബ്ദം അയാൾ ആദ്യമായി കേട്ടു. അപ്പോൾ അവൾ തന്റെ ജീവിതത്തിൽ ഉടലെടുത്ത രണ്ടാമത്തെ രഹസ്യത്തിന്റെയും കെട്ടുകളഴിച്ചു. ആ രഹസ്യം അവളെ ഞെട്ടിപ്പിക്കുന്നതായിരുന്നു. തന്റെ മാതാപിതാക്കൾ എന്തിനീ രഹസ്യം തന്നോട് മറച്ചുവെച്ചു, എന്നവൾ ആലോചിച്ചു.

പതിവുപോലെ സൂര്യൻ അന്നും ആ ദിനത്തിനതിര് കല്പിച്ചു. എന്തുകൊണ്ടോ ഒരു അസ്തമയം അവൾക്കനുഭവപ്പെട്ടു. വൈദ്യുതി വിഛേദിക്കപ്പെട്ട ആ രാത്രിയിൽ അവൾ തന്റെ വേലക്കാരിയോടൊപ്പം ഉമ്മറപ്പടിയിൽ തന്റെ ഭർത്താവിനുവേണ്ടി കാത്തിരുന്നു. വെളിച്ചത്തെ തിരിച്ചറിയുന്ന ആ വേലക്കാരി അവിടെ ഒരു മെഴുകുതിരി കത്തിച്ചു. കാഴ്ചയില്ലെങ്കിലും ആ മെഴുകുതിരിയുടെ സാമീപ്യം അവളറിഞ്ഞു. സത്യത്തിൽ ആ മെഴുകുതിരിയോടൊപ്പം അവളുടെ ആയുസ്സും കത്തിത്തീരുകയായിരുന്നു. ഒടുവിൽ ആ മെഴുകുതിരിയണഞ്ഞു. ആ നിശാഗന്ധി അവിടെ വാടിവീണു.

■

AIRTRAVEL ENTERPRISES INDIA LIMITED ™

ATE GROUP 30 YEARS OF EXCELLENCE ISO 9001 : 2000

Bldg. #5/3424, Noor Complex, Indira Gandhi Road, Calicut - 673 004
Tel. 0495-3043300, 3048321, 3048322, Fax : 0495 2723477

IATA · TAAI · ACAAI · TAFI · IATA CARGO

ബിബിൻ രാജ്

# തെരുവ് പുത്രി

തെരുവിന്റെ മകളെന്ന പേരിലെൻ ജീവിതം
നാശമാം തീരത്തിലെത്തിയല്ലോ
കണ്ണുനീർ കാണുവാൻ ആരുമില്ലാതെ യെൻ
ജീവിതത്താളവും തെറ്റിയല്ലോ
കൊഴിയുന്ന ചിറകുകൾ പോലെയെൻ ജീവിതം
തെരുവിന്റെ മകളെന്ന പേരും സ്വന്തം.
അച്ഛനാരമ്മയാരെന്നൊരു ചോദ്യത്തി-
നുത്തരം തേടുന്നു ഞാനുമിപ്പോൾ
ഇന്നെന്റെ കണ്ണിലോ സ്വപ്നങ്ങളില്ല
ദുഃഖമാണിന്നെന്റെ സ്വത്ത്
ചിരിയോ മറന്നുപോയെന്റെ ദുഃഖം
സങ്കടം മാത്രമെനിക്ക് സ്വന്തം.
ദുഃഖഭാരം ചുമലിലേറ്റി ഞാൻ ചെന്ന-
തൊരമ്പലത്തിന്റെ തിരുനടയിൽ
കൈകൂപ്പി തൊഴുതൊരാ ദേവന്റെ-
നടയിലിരുന്നു നാമം ജപിച്ചു.
ഇനിയെന്റെ ജീവിതം അമ്പലനടയിലെ
ദേവനെ ധ്യാനിച്ചുകൊണ്ട്
തെരുവിന്റെ മകളെന്ന പേരും മാഞ്ഞുപോയ്
ഇനിയെന്റെ ജീവിതം സഫലമായി.

■



അരവിന്ദ് കെ.പി.

# അമ്പിളിമാമൻ തന്നെ ഓർക്കുമ്പോൾ!

ബഹിരാകാശത്ത് നിങ്ങൾക്ക് ഏറ്റവും അടുത്ത കൂട്ടുകാരനാണ് ഞാൻ! രാത്രിയിൽ പലപ്പോഴും നിങ്ങളെന്നെ നോക്കി "ഹായ്" എന്ന് പറയാറുണ്ട്. ഇനിയും മനസ്സിലാകാത്ത കൂട്ടുകാർക്കായി എന്നെപ്പറ്റിയുള്ള ചില വിവരങ്ങൾ പറഞ്ഞ്തരാം. ഭൂമിയിൽനിന്ന് എന്നിലേക്കുള്ള ശരാശരി ദൂരം 384400 കിലോമീറ്ററാണ്. എന്റെ ഉപരിതല താപനില രാവിലെ $110^{0}$C യും രാത്രി- $1400^{0}$C യുംമാണ്. എന്റെ വ്യാസം 3476 കിലോമീറ്റർ. നിങ്ങൾ എന്നെ ഓമനത്തിങ്കൾ എന്നും, അമ്പിളിമാമൻ എന്നും വിളിക്കുന്നു. ഇപ്പോൾ എല്ലാവർക്കും എന്നെ മനസ്സിലായിക്കാണും. അതെ ഞാനണ് ചന്ദ്രൻ. ഭൂമിയുടെ ഒരേയൊരു ഉപഗ്രഹം! എന്റെ ഉപരിതലം കുന്നുകളും താഴ്വരകളും ഗർത്തങ്ങളും നിറഞ്ഞതാണെന്ന് ഗലീലിയോയാണ് കണ്ടെത്തിയത്. എന്റെ ഉപരിതലത്തിലുള്ള കറുത്ത പാടുകൾ സമുദ്രമായി പലരും വ്യാഖ്യാനിച്ചു. എന്നിട്ട്, അതിന് മരിയാ എന്ന പേര് നൽകി. എനിക്ക് സ്വന്തമായി പ്രകാശമില്ല. സൂര്യന്റെ പ്രകാശം പ്രതിഫലിപ്പിക്കുകയാണ് ഞാൻ ചെയ്യുന്നത്. എന്നാൽ, എന്റെ പ്രകാശത്തിൽ നിങ്ങൾക്ക് നിറവ്യത്യാസം തിരിച്ചറിയാൻ സാധിക്കുന്നില്ല. പിന്നെ, ഭൂമിയിൽ സമുദ്രത്തിൽ നടക്കുന്ന വേലിയേറ്റത്തിലും, വേലിയിറക്കത്തിലും ഞാൻ പ്രധാന പങ്ക് വഹിക്കുന്നുണ്ട്. എന്നെപറ്റി പഠിക്കാൻ ഇന്ത്യയും 'ചന്ദ്രയാൻ' എന്ന ബഹിരാകാശപേടകം ഇറക്കുന്നുണ്ട്. മലയാള സാഹിത്യത്തിലെ പല കവികളും എന്നെപ്പറ്റി കവിതകൾ എഴുതിയിട്ടുണ്ട്. ഇരയിമ്മൻ തമ്പിയുടെ ഒരു പ്രധാന താരാട്ടുപാട്ട് തുടങ്ങുന്നത് 'ഓമനത്തിങ്കൾ' എന്ന വാക്കോടെയാണ്. ഇത്രയും വലിയ സ്വാധീനം ഞാൻ നിങ്ങളുടെ ജീവിതത്തിൽ ചെലുത്തുന്നു എന്ന് നിങ്ങളോട്തന്നെ പറയുമ്പോൾ ഞാൻ ഉള്ളാലെ പുളകമണിയുകയാണ്.

■

# 'മഴ' കൊണ്ടുവന്ന 'ബാരിശ്'



നല്ല നിലാവെളിച്ചവും ഇളം കാറ്റും തഴുകിയെത്തുന്നു. വയൽ വരമ്പിലൂടെ ഗോപി ഓടി. മഴ യെത്തും മുമ്പുള്ള പാച്ചിൽ. ഗോപി വീട്ടിലെത്തിയപ്പോഴേക്കും മഴകുറേശ്ശെ പൊടിഞ്ഞിരുന്നു. ഗോപി അത്ഭുതപ്പെട്ടു. തന്റെ മുമ്പിൽ ഒരു പട്ടിക്കുട്ടി. ഗോപി യുടെ അച്ഛൻ ടൗണിലാണ് ജോലിചെയ്യുന്നത്. ആഴ്ചയിലൊ രിക്കൽ അച്ഛൻ വരുമ്പോൾ ഗോപിക്ക് ഓരോ സമ്മാനമുണ്ടാ കും. പന്തും ചെസ്സ്ബോർഡു മൊക്കെ അച്ഛൻ അങ്ങനെ കൊണ്ടുവന്നതാണ്. എന്നാൽ ഇത് തീർത്തും പ്രതീ ക്ഷിക്കാത്ത ഒരു സമ്മാനമായിരുന്നു. നല്ല ഓമനത്തമുള്ള ഒരു പട്ടിക്കുട്ടി. അവനതിനെ സൂക്ഷിച്ച് നോക്കി. കാപ്പി കലർന്ന ചെമന്ന നിറമാണ് ദേഹമാസകലം. ഒരു കറുത്ത ബെൽറ്റ് കഴുത്തിലും. "അവൻ... അവനൊന്നും മിണ്ടുന്നില്ലല്ലോ. അച്ഛാ ഗോപി ചോദിച്ചു. "അത് പെട്ടെന്ന് സ്ഥലം മാറിയില്ലേ അതുകൊണ്ടാ.." അച്ഛന്റെ മറുപടി ശരിയല്ലെന്ന് അവന് തോന്നി. അവൻ അതിനെ സൂക്ഷിച്ചുനോക്കി. അതിന്റെ ബെൽറ്റ് വളരെ മുറുക്കി കെട്ടിയിരുന്നു. ചെറുതായി ചോരയും പൊടിയുന്നുണ്ട്. അവൻ ആ ബെൽറ്റഴിച്ചു. നേരത്തേ പൊടിഞ്ഞുകൊണ്ടിരുന്ന മഴ ഇപ്പോൾ കനത്തു. ഗോപി അവനൊരു പേരിടാൻ നോക്കി. എന്താണ് പേരിടുക. അവൻ കുഴങ്ങി. പല പേരുകളും അവന്റെ മനസ്സിലൂടെ കടന്നുപോയി. ടൈഗർ, ബ്രൗണി, ജിമ്മി.... എന്താണിടുക? വേണ്ട, ഇതൊന്നും വേണ്ട. അവൻ തീരുമാനിച്ചു. ഒരു മഴയുള്ള ദിവസമല്ലെ ഇവനെ കിട്ടിയത്. എന്നാൽ മഴ എന്നുതന്നെയാവട്ടെ പേര്.

"ഒൻപതരയായെടാ ചെക്കാ, വന്നുകിടക്ക്", അവൻ വേഗം അകത്ത് കയറി ഭക്ഷണംകഴിച്ചു കിടന്നു. ഫാൻ ഫുൾസ്പീഡിലായിരുന്നു. പോരാത്തതിന് മഴ പെയ്ത പ്പോഴുള്ള കുളിരും. പക്ഷേ, എന്നിട്ടും ഗോപിക്ക് ഉറക്കം വന്നില്ല. അവനാലോചിച്ചു, ആരെങ്കിലും മഴയെന്ന് ഒരു പട്ടിക്ക് പേരിടുമോ. വേണ്ട 'മഴ' വേണ്ട ഞാൻ പള്ളി ക്കൂടത്തിൽ പോയി ഇംഗ്ലീഷും ഹിന്ദിയും പഠിക്കുന്നുണ്ടല്ലോ! അവന് അതുവെച്ച് എന്തെങ്കിലും പേരിടാം. "റെയ്ൻ"എയ് അത് വേണ്ട. ''ബാരിശ്" അത്കൊള്ളാം. ഒരു പുതുമയു ള്ളപേര്. "ബാരിശ്" ''ബാരിശ്" അവന്റെ മനസ്സ് മന്ത്രിച്ചു.

വർഷങ്ങൾ പലതും കൊഴി ഞ്ഞുപോയി. ഗോപി ഇന്ന് പഴയ പത്ത് വയസ്സുകാരനല്ല. നല്ല ഉശിരും കരുത്തുമുള്ള ഒരു പതി നെട്ട്കാരനാണ്. "ബാരിശും'' അതുപോലെത്തന്നെ, നല്ല കരു ത്തുറ്റ ഒരു പട്ടി. വർഷം കഴിയും തോറും അവരുടെ ബന്ധം സുദൃ ഢമായി തുടരുന്നു.

വീടിനടുത്ത് തന്നെ ഒരു 15 സെന്റ് സ്ഥലം ഗോപിയുടെ അച്ഛന്റെ പേരിലുണ്ട്. ഉപയോഗിക്കാതെ വെച്ചിരുന്ന ആ തുണ്ട്ഭൂമി കാടുപിടിച്ച് കിടന്നിരുന്നു.

"നമുക്കത് വെട്ടി നിരത്താം ബാരിശ്". "ബൗ. ബൗ" ബാരിശ് സമ്മതം മൂളി. അവർ അത് വെട്ടി നിരത്താൻ തുടങ്ങി. പെട്ടന്നതാ കുഴിയിലൊരിളക്കം. ഗോപി കണ്ടി ല്ല. പക്ഷേ, "ബാരിശ്'' കണ്ടു. ഒരു പാമ്പ്. അസ്സൽ മൂർഖൻതന്നെ. അതിന്റെ അടുത്തേക്ക് ബാരിശ് ചാടി വീണു. 'നിർത്ത്, ബാരിശ് നിർത്ത്'' ഗോപി പറഞ്ഞു. ബാരിശ് നിർത്തിയില്ല. പൊരിഞ്ഞ യുദ്ധംതന്നെ...

"ബൗ,.......... ബൗ"

പാമ്പ് ബാരിശിനെ കൊത്തി.

"ബാരിശ്"....

ഗോപി നീട്ടിവിളിച്ചു. ബാരിശ് ആ പാമ്പിനെ ഞെക്കി പിഴിഞ്ഞു കൊന്നു. എന്നാൽ പാമ്പിന്റെ കൊത്ത് ബാരി ശിനെ തളർത്തിയിരുന്നു.

മഴ തിമർത്തുപെയ്യാൻ തുടങ്ങിയപ്പോൾ ബാരിശ് പിട യാൻ തുടങ്ങി. പിടഞ്ഞ് പിടഞ്ഞ് ബാരിശിന്റെ ജീവൻ മഴയെടുത്തു.

മഴ തന്നെ ബാരിശിനെ കൊണ്ടുവന്നു.

മഴതന്നെ കൊണ്ടുപോയി.

അവൻ വളരെയധികം വിഷമിച്ചു. ഇന്നും മരിക്കാത്ത ഓർമ്മകളുമായി ബാരിശ് ഗോപിയുടെ മനസ്സിലുണ്ട്. മരി ക്കാതെ... ഒരിക്കലും.... ■



ശശീന്ദ്രൻ സി.കെ.



# തയ്യാർ സ്കൗട്ടിംങ്ങ്– സാധ്യതകൾ

'വിളയും പയിർ മുളയിലെ തെരിയും' എന്ന് തമിഴിൽ ഒരു ചൊല്ലുണ്ട്. വിത്തുമുളച്ച് ഇലകൾ വരുമ്പോൾതന്നെ ആ സസ്യത്തിൽ നിന്നും ലഭിക്കാവുന്ന ഫലമെന്തെന്ന് അറിയാൻ സാധിക്കും. അത് മനസ്സിലാക്കാൻ പ്രസ്തുത സസ്യം വളർന്ന് വരുന്നത്വരെ കാക്കേണ്ടതില്ല. അത്പോലെ, ഒരു മനുഷ്യൻ വളർന്ന് കഴിഞ്ഞാൽ ഏത് തരക്കാരനായിരിക്കുമെന്നുള്ളത് അയാളുടെ കുട്ടിക്കാലത്തെ ചെയ്തികളിൽനിന്ന് മനസ്സിലാക്കാവുന്നതേയുള്ളൂ എന്നുള്ളതാണ് ഈ ചൊല്ലിന്റെ പൊരുൾ.

ഇത്തരത്തിലുള്ള ഒരു പ്രവചനം സ്കൗട്ട് മൂവ്മെന്റിന് തുടക്കം കുറിച്ച സർ റോബർട്ട് സ്റ്റീഫൺസൺ സ്മിത്ത് ബേഡൻ പൗവലിന്റെ കാര്യത്തിൽ പ്രാവർത്തികമായി എങ്കിൽ ഇപ്പോഴത്തെ സ്കൗട്ടുകളും ആ പാത പിന്തുടരുന്നു. എന്നാൽ, പലപ്പോഴും യഥാർത്ഥ സ്കൗട്ടിങ്ങിൽ നിന്നും വ്യതിചലിച്ച് പോവുന്നതായി കാണുന്നു. ഇതിന് കാരണം ഇപ്പോഴത്തെ സൈബർ ജീവിതരീതിയാണെന്ന് കാണാം. ചെറുപ്പത്തിൽ സ്റ്റെഫി എന്ന വിളിപ്പേരിൽ അറിയപ്പെട്ടിരുന്ന ബേഡൻ പൗവൽ (ചുരുക്കപ്പേര് ബി.പി.) 1907 ജൂലൈ 29-ാം തീയതി ബ്രിട്ടനിലെ ചരിത്രമുറങ്ങുന്ന ബ്രൗൺസി ഐലന്റിൽവെച്ച് നടന്ന 21 പേർ പങ്കെടുത്ത ആദ്യ ക്യാമ്പ് മുതൽ സ്കൗട്ട് ഗൈഡുകൾ വളരെ ആവേശപൂർവ്വം സെഞ്ചറി പൂർത്തിയാക്കി പ്രസ്ഥാനത്തെ ചരിത്രമാക്കുകയാണ്. ഇപ്പോഴത്തെ മാറിയ വിദ്യാഭ്യാസ രീതി ബേഡൻ പൗവൽ വർഷങ്ങൾക്ക് മുമ്പ്തന്നെ സ്കൗട്ടിൽ നടപ്പാക്കി എന്നറിയുമ്പോഴാണ് ബി.പി.യുടെ പ്രാധാന്യവും ദീർഘവീക്ഷണവും നമുക്ക് ഒരത്ഭുതമാകുന്നത്. അതിന്റെ ചുവട്പിടിച്ചാണ് ഇപ്പോഴത്തെ പരിഷ്കാരം എന്ന് പ്രസ്ഥാനവുമായി ബന്ധമുള്ളവർ കരുതുന്നു.

തത്വാധിഷ്ഠിതമായ ഉദ്ദേശ്യലക്ഷ്യങ്ങളെ പ്രാവർത്തികമാക്കാനുള്ള പരിപാടികളുമായി മുന്നോട്ടുപോകുന്ന പ്രസ്ഥാനമാണ് ഇത്.

ലോകത്തിലെ ഏറ്റവും വലിയ യൂനിഫോം പ്രസ്ഥാനമായ World organization of Scout movement ഇപ്പോൾ 220-ൽ കൂടുതൽ രാജ്യങ്ങളിലായി വ്യാപിച്ചിരിക്കുന്നു.

''സ്കൗട്ടിംഗ് ഒരു കളിയാണ്'' കുട്ടികളുടെ വ്യക്തിത്വ വികാസത്തിന് സഹായിക്കുന്ന ഒരു കളിയാണിത്. നേട്ടങ്ങൾ കൈവരിക്കുക, അംഗീകാരം നേടുക എന്നിവ മനുഷ്യന്റെ അടിസ്ഥാന അഭിലാഷങ്ങൾ ആണെന്നതുകൊണ്ടുതന്നെയാണ് ബേഡൻ പൗവൽ സ്കൗട്ടിങ്ങിൽ ബാഡ്ജ് സമ്പ്രദായം സ്ഥാപിച്ച് നടപ്പിലാക്കിയത്. സ്കൗട്ട് പ്രായത്തിലുള്ള യുവാക്കളുടെയും സംഘാംഗങ്ങളുടെയും അഭിപ്രായങ്ങൾക്ക് വളരെയധികം പ്രാധാന്യം നൽകുന്ന അവരുടെ പ്രകൃത്യായുള്ള സംഘത്തിന്റെയും ആവശ്യങ്ങൾ, അഭിലാഷങ്ങൾ, താത്പര്യങ്ങൾ എന്നിവയുമായി ഘടിപ്പിക്കപ്പെട്ട തരത്തിലാണ് സ്കൗട്ടിംഗിൽ നിലവാരം കൈവരിക്കുന്നതിനുള്ള രീതികൾ നിശ്ചയിക്ക

പ്പെട്ടിരിക്കുന്നത്. ഒരു കളി എന്ന നിലയിലും അവന്റെ വ്യക്തിത്വ വികസന പ്രക്രിയയിൽ അനുകൂലമായി പ്രതികരിക്കുന്ന ഒരു ഘടകം എന്ന നിലയിലുമാണ് ഒരു കുട്ടി സ്കൗട്ടിംഗ് ആസ്വദിക്കുന്നത്.

ഒരു കുട്ടിയുടെ സംഘത്തിലേക്ക് ആദ്യം കടന്ന് വരുന്ന കണ്ണിയാണ് അമ്മ. ക്രമേണ സഹോദരീ സഹോദരങ്ങൾ, കുടുംബാംഗങ്ങൾ, സ്കൂൾ, സമൂഹം എന്നിവ കടന്ന്വരുന്നു. ഏത് സംഘത്തിലായാലും ഒരു വ്യക്തിക്ക് തന്നെപ്പറ്റിത്തന്നെ പൂർണ ബോധ്യവും മതിപ്പും ഉണ്ടെങ്കിൽ മാത്രമേ അവന്റെ വ്യക്തിത്വ വികസനം സാധ്യമാവുകയുള്ളൂ.

ക്യാമ്പിലെ അനുഭവം കുട്ടികളെ വളരെയേറെ സ്വാധീനിക്കുന്നതായി അവരിൽനിന്ന് മനസ്സിലാക്കാം. ഇവർ ഏറ്റവും കൂടുതൽ സന്തോഷം പങ്കുവെയ്ക്കുന്നത് ക്യാമ്പിലെ ജീവിതത്തിനിടയിലാണ്.

**പ്രത്യേകതകൾ:**

- വ്യക്തിത്വ വികാസത്തിനും സമൂഹ നന്മയ്ക്കും ഉതകുന്നു.
- കുട്ടികൾക്ക് നേതൃത്വ പരിശീലനം നൽകുന്നു.
- സജീവ പൗരത്വ പരിശീലനത്തിന് സഹായകമാകുന്നു.
- ആരോഗ്യമുള്ള യുവജനതയെ വാർത്തെടുക്കുന്നു.
- കുട്ടികളെ സത്സ്വഭാവമുള്ളവരായി വളർത്തുന്നു.
- മതസൗഹാർദ്ദവും മതസഹിഷ്ണുതയും പുലർത്തുന്നു.
- ജാതി മത വർഗ്ഗ ചിന്തകളില്ലാതെ പ്രവർത്തിക്കുന്നു.
- ആതുര ശുശ്രൂഷാരംഗത്ത് സേവനം നൽകുന്നു.
- സ്വാശ്രയത്വും ആത്മവിശ്വാസവും വളർത്തുന്നു.
- മിതവ്യയശീലം പരിശീലിപ്പിക്കുന്നു.
- പ്രകൃതി സംരക്ഷണത്തിന് നേതൃത്വം നൽകുന്നു.
- പൊതുമുതൽ സംരക്ഷിക്കുന്നതിന് സഹായിക്കുന്നു.

സ്കൗട്ടിംഗിലെ നിയമവും പ്രതിജ്ഞയും ജീവിതത്തിന്റെ ഭാഗമായികൊണ്ട്നടക്കുന്ന സ്കൗട്ടുകൾക്ക് ജീവിതത്തിൽ ഒരിക്കലും പരാജയപ്പെടേണ്ടതായി വരുന്നില്ല എന്നതാണ് ഇതിന്റെ പ്രാധാന്യം. മൂന്ന് വയസ്സ്മുതൽ മരിക്കുന്നത് വരെ പ്രവർത്തിക്കാൻ അവസരം നൽകുന്ന മഹൽപ്രസ്ഥാനമാണ് സ്കൗട്ടിംഗ്. കുട്ടികൾ ആദ്യമായി പ്രസ്ഥാനത്തിൽ ചേരുമ്പോൾ അവർക്ക് നൽകുന്ന ലക്ഷ്യം രാജ്യപുരസ്കാർ രാഷ്ട്രപതി അവാർഡുകൾ ആണ്. എന്നാൽ, സ്കൗട്ടിംഗിന്റെ ലക്ഷ്യം ഉത്തമ പൗരത്വ പരിശീലനമാണ്. യുവജനങ്ങളുടെ കായികവും ബൗദ്ധികവും സാമൂഹികവും ആത്മീയവുമായ അന്തഃശക്തികളെ പൂർണ്ണമായും വികസിപ്പിച്ച് അവരെ വ്യക്തികളെന്ന നിലയിലും ഉത്തരവാദിത്വമുള്ള പൗരന്മാർ എന്ന നിലയിലും പ്രാദേശികവും അന്തർദേശീയവുമായ സമൂഹങ്ങളിലെ അംഗങ്ങളെന്ന നിലയിലും വളർത്തിയെടുക്കുന്നതിൽ സംഭാവന നൽകുകയുമാണ് സ്കൗട്ട് ഗൈഡ് പ്രസ്ഥാനം ചെയ്യുന്നത്. എല്ലാംതന്നെ സുന്ദരവും രസകരവുമായ കാര്യങ്ങളാണ്. രാജ്യപുരസ്കാർ രാഷ്ട്രപതി അവാർഡുകൾ അവർക്ക് കിട്ടുന്ന അംഗീകാരങ്ങൾ മാത്രമാണ്.

മൂന്ന് വയസ്സിൽ ആൺകുട്ടിയും പെൺകുട്ടിയും പ്രസ്ഥാനത്തിൽ കണ്ണിയായി ചേർന്ന് പ്രവർത്തിക്കുന്നു. പിന്നീട് അവരുടെ ലക്ഷ്യം ആൺകുട്ടി ക്ലബ്, പെൺകുട്ടി ബുൾബുൾ ആകുക എന്നുള്ളതും തുടർ പ്രവർത്തനത്തിന് സ്കൗട്ട്, ഗൈഡ് ആവുക എന്നതും അതിന് ശേഷം റോവർ, റെയ്ഞ്ചർ ആയിത്തീരുക എന്നതായിരിക്കും യഥാർത്ഥ ലക്ഷ്യത്തിലേക്കുള്ള പ്രവർത്തന രീതി.

ഗാന്ധിജി സ്വപ്നം കണ്ട ഇന്ത്യയെ വാർത്തെടുക്കാൻ ഓരോ സ്കൗട്ട്, ഗൈഡുകൾക്ക് കഴിയണം. ഓരോ ഇന്ത്യക്കാരനും ജീവശ്വാസം പോലെ മാതൃരാജ്യത്തെ സ്നേഹിക്കണം. വലിയവനെന്നോ ചെറിയവനെന്നോ വ്യത്യാസമില്ലാതെ എല്ലാ സമുദായക്കാരെയും ഒരമ്മ പെറ്റ മക്കളെപ്പോലെ കണ്ട് ഐക്യത്തിൽ കഴിയണം. ആരോഗ്യമുള്ള ഒരു ജനതയാണ് ഒരു രാജ്യത്തിന്റെ ഏറ്റവും വലിയ സമ്പത്ത്. നിത്യജീവിതത്തിന്റെ വേഗതയിൽ മനുഷ്യസ്നേഹം പോലും മറന്ന്, സ്വന്തം ആരോഗ്യം പോലും വകവെയ്ക്കാതെ സമ്പത്തിനെ ലക്ഷ്യമാക്കി പായുന്ന ജനതയെ ഗാന്ധിജിയുടെ ജീവിതം പഠിപ്പിക്കേണ്ട ഉത്തരവാദിത്വം പോലും സ്കൗട്ട് -ഗൈഡുകൾ ഇന്ന് ഏറ്റെടുക്കേണ്ടതായിവരുന്നു.

**രക്ഷിതാക്കൾ എന്തുകൊണ്ട് ഇഷ്ടപ്പെടുന്നു?**

- കുട്ടികളിലുള്ള നന്മയിലും സ്നേഹ, വിശ്വാസങ്ങളിലും അധിഷ്ഠിതമായ പ്രസ്ഥാനം.
- കുട്ടികളുടെ ഒഴിവുസമയം ആരോഗ്യകരമായ ചുറ്റുപാടിൽ വ്യക്തിത്വ വികാസത്തിനും സമൂഹ നന്മക്കും ഉതകുന്ന രീതിയിൽ ഉപയോഗിക്കുന്നു.
- നല്ലവരായി വളർന്ന്കാണാൻ എല്ലാ രക്ഷിതാക്കളും ആഗ്രഹിക്കുന്നു.
- കുട്ടികൾക്ക് ചെറുപ്രായത്തിൽതന്നെ നേതൃത്വ പരിശീലനവും മാനേജ്മെന്റ് പരിശീലനവും ലഭിക്കുന്നു.
- 'തയ്യാർ' എന്ന മുദ്രാവാക്യം പ്രാവർത്തികമാക്കാൻ ശ്രമിക്കുമ്പോൾ കുട്ടികൾക്ക് അസാധ്യം എന്ന വാക്ക് ഒഴിവായി മാറുന്നു.

പുതിയ വിദ്യാഭ്യാസ പരിഷ്കരണത്തിൽ സ്കൗട്ടിംഗിനുള്ള പ്രാധാന്യം ഉൾക്കൊണ്ട്, മുൻവിധിയോടെയുള്ള പ്രവർത്തനത്തിൽ 'തയ്യാർ' ഒരു ഘടകമായിമാറട്ടെ.

■

ബിബിൻ രാജ്

# കേഴുന്ന പക്ഷി

കൈരളിയമ്മതൻ മാധുര്യമെങ്ങ്പോയ്
പുഴകളും പാടവുമെങ്ങ്പോയി...
താരാട്ട്പാട്ടിന്റെ ഈണവുമെങ്ങ്പോയ്
വീണതൻ കമ്പികളെങ്ങ്പോയി...
പ്രാണികൾക്കും വേണ്ടേ പക്ഷികൾക്കും വേണ്ടേ
എന്നമ്മതന്നുടെ സ്നേഹമാം നാദവും
പുതിയ പുലരികൾ വന്നെങ്കിലെന്നുടെ
മലയാള മാധുര്യം വേറെതന്നെ
ആരാണ് നമ്മുടെ അമ്മയെ വിറ്റത്
വിറ്റവർക്കുണ്ടായ ലാഭമെന്ത്?
പൊട്ടിച്ചിതറിയ കൺകളാൽ നോക്കുന്നൊ-
രജ്ഞാത ഭാഷയെ വേണ്ട വേണ്ടാ...
നമ്മൾക്കൊരായുധമായ മലയാള-
മെങ്ങോട്ട് പോയിയൊളിച്ചെന്ന് ചൊല്ലുക.
അന്യമായ് പോവുകയാണെൻ മലയാള-
മോർക്കുക നഷ്ടം നമുക്ക്തന്നെ!
പരമഗീതം പാടും വീണതൻ കമ്പിക-
ളമ്മയ്ക്കുവേണ്ടി മുഴങ്ങിയല്ലോ.
അമ്മേ മടങ്ങുക എന്നടുത്തെത്തുക
ഭൂമിയിലമ്മ വിളങ്ങീടുവിൻ...

■

അമിന ഡി.വി

# കാണാതെ പോയവൾ

എണ്ണിയാൽ തീരാത്ത
കണ്ണുകളുള്ളൊരെ-
ന്നാകാശമേ ചൊല്ലു...
എങ്ങാനും കണ്ടുവോ
കാണാതെ പോയൊരെൻ
കൊച്ചനിയത്തിയെ നീ?

നീലയുടുപ്പിലെ
തൂവെള്ളപ്പുള്ളികൾ
താരകളെന്നുതോന്നാം
കോതിയൊതുക്കിയ
വാർമുടിത്തുമ്പുകൾ
കാർമുകിലെന്ന് തോന്നാം.

അത്ര ചിരിക്കില്ല
ഒന്ന് ചിരിക്കുകിൽ
അമ്പിളിയെന്ന് തോന്നാം
അത്ര കരയില്ല,
ഒന്ന് കരയുകിൽ
പൂമഴയെന്ന് തോന്നാം.

■

# ഒത്തൊരുമിച്ചാൽ

നിഖിൽ. എം

ഒരിടത്ത് ഒരു മഹാനായ ഒരു സന്യാസിയുണ്ടായിരുന്നു. സന്യാസിക്ക് മണ്ടന്മാരായ അഞ്ച് ശിക്ഷ്യന്മാരുണ്ടായിരുന്നു. അവർ ഏത് സമയത്തും വഴക്കാണ്. മനു, കൃഷ്ണൻ, അനന്തു, ജീവൻ, സുധീർ എന്നാണ് അവരുടെ പേര്. അങ്ങനെ ഒരു ദിവസം അവർ 'എനിക്കാണ് എല്ലാവരേക്കാളും ബുദ്ധിയുള്ളതെ'ന്ന് പറഞ്ഞ് പരസ്പരം തർക്കിക്കുന്നു. അപ്പോൾ സന്യാസി വന്ന് പറഞ്ഞു: "നിങ്ങൾ തർക്കിച്ചിട്ട് കാര്യമില്ല. നിങ്ങൾ ഒന്നിച്ച് നിന്നാൽ എന്തും നേടാം ഐകമത്യം മഹാബലം എന്നല്ലേ ചൊല്ല്.'' അങ്ങനെ അവർ ഒത്തൊരുമയോടെ കഴിയാൻ തുടങ്ങി. ഒരു ദിവസം ഗുരുപത്നി പറഞ്ഞു; ''എനിക്ക് തുന്നാൻ ഒരു സൂചി വാങ്ങിക്കൊണ്ടുവരണം'' സന്യാസി ശിക്ഷ്യന്മാരെ അയച്ചു. സൂചി വാങ്ങിയപ്പോൾ അനന്തു പറഞ്ഞു: "ഐകമത്യം മഹാബലം എന്നല്ലെ ചൊല്ല്. അവർ സൂചിയിൽ എല്ലാവരും പിടിച്ച് നടക്കാൻ തുടങ്ങി. പക്ഷേ, മൂന്ന് പേർക്ക് പിടിക്കാൻ സ്ഥലമില്ല. മനു പറഞ്ഞു: "ഇത് ഒരു മരക്കൊമ്പിൽ കുത്തി നമുക്കെല്ലാവർക്കും പിടിക്കാം." എല്ലാവരും അത് സമ്മതിച്ചു. അവർ മരം തൂക്കിപ്പിടിച്ച് വീട്ടിലെത്തി. ഗുരുചോദിച്ചു: സൂചി എവിടെ? സൂചി നോക്കുമ്പോൾ അതിൽ സൂചി കാണുന്നില്ല. അവർ അപ്പോഴും പറഞ്ഞു: "ഐകമത്യം മഹാബലം" എന്ന്. അവസാനം പാവം ഗുരുതന്നെ സൂചി വാങ്ങാൻ പോകേണ്ടിവന്നു.

■

ഐശ്വര്യ. ബി.പി.



# അമ്മു

ഒരു കൊച്ചു കുടുബത്തിലെ അംഗമായിരുന്നു അമ്മു. അവൾ മുന്നാം ക്ലാസിലായിരുന്നു പഠിച്ചിരുന്നത്.അവളുടെ സ്കൂൾ ഒരു കുന്നിന്റെ മുകളിലായിരുന്നു. അച്ഛന്റെ കൂടെയായിരുന്നു അവൾ സ്കൂളിൽപോകാറ്. അവളെ സ്കൂളിൽ വിട്ടിട്ട് അച്ഛൻ കുന്നിന്റെ താഴെയുള്ള മരക്കമ്പനിയിൽ ജോലിക്ക്പോകും. അതാണ് എന്നത്തേയും പതിവ്. അച്ഛൻ, അമ്മ, അമ്മു എന്നിവരടങ്ങുന്ന ഒരു കുട്ബമായിരുന്നു അവരുടേത് അവൾ ഒരു പ്രകൃതിസ്നേഹിയായിരുന്നത് കൊണ്ട് അവളുടെ വീട്ടുമുറ്റത്ത് ഒരു കൊച്ചു പൂന്തോട്ടവും അടുക്കളഭാഗത്ത് ഒരു കൊച്ചു പച്ചക്കറിത്തോട്ടവും അവളും അവളുടെ അമ്മയും കൂടി ഉണ്ടാക്കിയിരുന്നു. ഒരു ദിവസം അവൾ സ്കൂളിൽനിന്ന് വൈകുന്നേരം വരുമ്പോൾ അച്ഛനോട് നോട്ട്ബുക്ക് വേണമെന്ന് പറഞ്ഞു. അപ്പോൾ അച്ഛൻ പറഞ്ഞു, നാളെ മരം വെട്ടിയിട്ട് കിട്ടുന്ന കാശുകൊണ്ട് ബുക്ക് മേടിച്ചുതരാമെന്ന്. പക്ഷേ, അവൾ അവളുടെ അച്ഛനോട് പറഞ്ഞു; ''പ്രകൃതിയെ നശിപ്പിച്ചിട്ട് കിട്ടുന്ന കാശുകൊണ്ട് എനിക്ക് ബുക്ക് വേണ്ട " എന്ന് . അവൾ അച്ഛനോട് വേറെ വല്ല ജോലിയും അന്വോഷിച്ചൂടെ എന്ന് ചോദിച്ചു. "അച്ഛാ, എന്നാ എനിക്ക് ബുക്ക് മേടിച്ച് തരുക?" അപ്പോൾ അച്ഛൻ ഒന്നും പറഞ്ഞില്ല. അന്ന് വൈകുന്നേരം അമ്മയായിരുന്നില്ല അവളെ കൊണ്ടുപോകാൻ വന്നത്. അവൾ അച്ഛനെ അന്വേഷിച്ചു. അച്ഛൻ ടൗണിൽ പോയതാണെന്ന് അമ്മ പറഞ്ഞു. അങ്ങനെ അഞ്ചറ് ദിവസം അവളെ അച്ഛൻ സ്കുളിൽ ആക്കുകയോ കൂട്ടിക്കൊണ്ടുവരുകയോ ചെയ്തില്ല. എന്തിന് അവൾ അച്ഛനെ ഒന്ന് നേരിൽ കാണുകപോലും ചെയ്തില്ല. ഒരു ദിവസം അമ്മു സ്കൂളിൽ നിന്നും ഒറ്റയ്ക്കായിരുന്നു വന്നത്. അപ്പോൾ അവളുടെ അമ്മ പറഞ്ഞു "അമ്മു വേഗം ചെന്ന് മേലു കഴുകി പുതിയ ഉടുപ്പിട്ടോളൂ ഇന്ന് അച്ഛന്റെ പുതിയ കടയുടെ ഉദ്ഘാടനമാണ്" എന്ന്. അതു കേട്ടപ്പോൾ അമ്മു ചോദിച്ചു, 'എന്ത് കടയാണ്' അപ്പോൾ അമ്മ പറഞ്ഞു: "പുസ്തകങ്ങൾ വിൽക്കുന്ന കടയാണ്". ഇത് കേട്ടപ്പോൾ അമ്മുവിന് വളരെയധികം സന്തോഷം തോന്നി.അവർ വേഗം അച്ഛന്റെ പുതിയ കടയുടെ ഉദ്ഘാടനത്തിന് പോയി. അവിടെ വെച്ച് അച്ഛൻ അവൾക്കൊരു ബുക്ക് കൊടുത്തു. അപ്പോൾ അവൾക്ക് വളരെയധികം സന്തോഷംതോന്നി മരങ്ങളെ രക്ഷിച്ചതിൽ സംതൃപ്തിയും.

■

NAVIGATOR
INSTITUTE OF TECHNOLOGIES
23/1260 A6, Ist Floor, Ajantha Centre, Mini Byepass Road, Thiruvannur P.O., Kozhikode - 673 029
www.nitskerala.com, E-mail: info@nitskerala.com, infoatnits@gmail.com
Ph: 0495 3015230. Mob: 9895 197033
Get ready to be a professional...



എം. മഹേഷ്

# ഉപഭോഗ സംസ്കാരവും പരിസ്ഥിതിയും

കേരള സമൂഹം ഉപഭോഗ സംസ്കാരത്തിന്റെ പിടിയിൽ അമർന്നിരിക്കുന്ന കാഴ്ചയാണ് നാം ഇന്ന് കാണുന്നത്. നാം ഉപയോഗിക്കുന്ന സാധന സാമഗ്രികൾ യഥാർത്ഥത്തിൽ നമുക്ക് ആവശ്യമുള്ളത് തന്നെയാണോ എന്ന് എപ്പോഴെങ്കിലും നാം ചിന്തിച്ചിട്ടുണ്ടോ? ദിവസവും പത്ര മാധ്യമങ്ങളിലും ദൃശ്യപരസ്യങ്ങളിലും കാണുന്ന വസ്തുവഹകൾ വാങ്ങിച്ച്കൂട്ടുക എന്നത് ഒരു പറ്റം സമ്പന്നരുടെ വിനോദമായി മാറിയിരിക്കുകയാണ്. ഇത്തരം ആൾക്കാരോട് കിടപിടിക്കുന്നതിനുവേണ്ടി വരുംവരായ്കകൾ ആലോചിക്കാതെ സാധാരണ ജനങ്ങളും അനാവശ്യമായി പല തരത്തിലുള്ള ആധുനിക ഉപകരണങ്ങളും വാങ്ങിച്ചുകൂട്ടുന്ന പ്രവണതയാണ് നാം കാണുന്നത്.

തന്റെ അയൽക്കാർ വാങ്ങിച്ച ഒരു വസ്തു കണ്ടാൽ മാർക്കറ്റിൽനിന്ന് അതിനെ വെല്ലുന്ന, അതിലും മേന്മയേറിയ വസ്തു വാങ്ങുക എന്നത് കേരളീയരുടെ പതിവായി മാറിയിരിക്കുകയാണ്. ഇങ്ങനെ വാങ്ങുവാൻ ലോണെടുക്കുകയാണ് പലരും ചെയ്യുന്നത്. തുടർന്ന് വാങ്ങിയ കടം തിരിച്ചടയ്ക്കാൻ പറ്റാതെ, സമൂഹത്തിൽ അപഹാസ്യരായി ഇവർ മാറുന്നു. മത്സരബുദ്ധിയോടെ ആവശ്യത്തിനും അനാവശ്യത്തിനുമായി വാങ്ങിച്ചുകൂട്ടുന്ന പല ഉപകരണങ്ങളും സമൂഹത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. വാഹനങ്ങളുടെ എണ്ണത്തിൽ ഉണ്ടായ അമിതമായ വർദ്ധനവ് അന്തരീ

ക്ഷത്തിൽ ‘കാർബൺ ഡൈയോക്സൈഡി’ന്റെ വർദ്ധനവിനും റോഡപകടങ്ങൾക്കും ഇടയായിട്ടുണ്ട്. ശീതികരിണികൾ (ഫ്രിഡ്ജ്) ഉപയോഗിക്കാത്ത വീടുകളിന്ന് ദുർലഭമാണ്. ഇവ വമിപ്പിക്കുന്ന ‘ക്ലൂറോ ഫ്ളൂറോ കാർബൺ (സി എഫ് സി) അന്തരീക്ഷത്തിൽ കലരാനും അന്തരീക്ഷ ഊഷ്മാവ് അനിയന്ത്രിതമായി വർദ്ധിക്കാനും ജനങ്ങളിൽ അപൂർവ്വ രോഗങ്ങൾ വരുത്തുവാനും ഇടയാക്കുന്നു. നാം ഉപയോഗിക്കുന്ന എയർ കണ്ടീഷണർ (എ.സി.) തുടങ്ങിയ ഉപകരണങ്ങളും ഇത്തരത്തിലുള്ള അപകടങ്ങൾ സൃഷ്ടിക്കും.

വ്യവസായവൽക്കരണത്തിന്റെ ഭാഗമായി നിർമ്മിക്കുന്ന വൻകിട ഫാക്ടറികൾ അന്തരീക്ഷത്തെ മലിനമാക്കുന്നു. കൂടാതെ ഫാക്ടറികളിൽ നിന്നും തള്ളുന്ന വിഷാംശം കലർന്ന മലിനജലം പുഴകളിലും ജല സ്രോതസ്സുകളിലും കലർന്ന് പുഴകളും ജലാശയങ്ങളും മറ്റും മലിനമാകുന്നു. ലോകത്തിൽതന്നെ, അന്തരീക്ഷത്തിൽ ഏറ്റവും കൂടുതൽ ‘സൾഫർഡൈയോക്സൈഡ്’ കണ്ടുവരുന്നത് എറണാകുളം ജില്ലയിലെ ഏലൂർ എന്ന പ്രദേശത്താണ്. വ്യവസായ ശാലകളുടെ ആധിക്യമാണ് ഇതിന് കാരണം.

ഇതിനെല്ലാം പുറമെ ആധുനിക ലോകം അഭിമുഖീകരിക്കുന്ന ഏറ്റവും വലീയ വിപത്താണ് ഇലക്ട്രോണിക് മാലിന്യങ്ങൾ. നാം ഉപയോഗിച്ച് ഉപേക്ഷിക്കുന്ന മൊബൈൽ ഫോൺ, ടെലിവിഷൻ സെറ്റുകൾ, കാൽക്കുലേറ്ററുകൾ, കമ്പ്യൂട്ടറുകൾ, സിഡികൾ, എന്നിവയുടെ ഭാരം താങ്ങാനാവാതെ ഭുമി വീർപ്പ്മുട്ടുന്ന കാഴ്ച ഭാരതത്തിൽ സർവസാധാരണമായിട്ടില്ലെങ്കിലും വിദേശത്ത് സർവ്വസാധാരണമാണ്. മനുഷ്യർ ഉപജീവിതത്തിനായി ഉപയോഗിക്കുന്ന ഭൂപ്രദേശത്തേക്കാൾ കൂടുതൽ പ്രദേശം ഇത്തരം മാലിന്യങ്ങൾ സംരക്ഷിക്കാനായി ഭാവിയിൽ കണ്ടെത്തേണ്ടിവരും.

പരിസ്ഥിതി സംരക്ഷണം ഇത്തരം ഉപഭോഗസംസ്കാരത്തിന്റെ മറുവശത്തെയാണ് കാണിക്കുന്നത്. പ്രകൃതിയിലെ കുളങ്ങളും, പുഴകളും നീരുറവകളും വയലുകളും കാടുകളും പ്രകൃതിതന്നെ കനിഞ്ഞരുളിയ ജലസംഭരണികളാണ്. മനുഷ്യർ തത്വദീക്ഷയില്ലാതെ ഇവ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇത് വഴി മനുഷ്യൻ തന്റെ ശവക്കുഴി തോണ്ടുകയാണ്. പരിസ്ഥിതി സംരക്ഷിക്കാൻ നാം ഒരോരുത്തരും ഉത്തരവാദപ്പെട്ടവരാണ്.

വ്യവസായക ശാലകളും വാഹനങ്ങളും മറ്റും പുറന്തള്ളുന്ന കാർബൺ ഡയോക്സൈഡി‘ നെ മരങ്ങൾ ആഗികരണംചെയ്ത് ഒക്സിജൻ അന്തരീക്ഷത്തിലേക്ക് വിടുന്നു. ഇതിനാൽ മരങ്ങൾ കൂടുതലായി നട്ടുപിടിപ്പിക്കാനും സംരക്ഷിക്കാനും നാം ശ്രദ്ധിക്കണം. ജൈവരീതിയിലുള്ള കൃഷി പ്രചരിപ്പിക്കുകവഴി വിനാശകാരികളായ വളങ്ങളെയും കീടനാശിനികളെയും ഉപേക്ഷിക്കാൻ നമുക്ക് കഴിയും. ‘കമ്പോസ്റ്റ്’ വള നിർമ്മാണവും ഉപയോവും പ്രോത്സാഹിപ്പിക്കേണ്ടതാണ്.ചിട്ടയായ ജീവിതക്രമം തന്നെയാണ് പരിസ്ഥിതി സംരക്ഷണത്തിന്റെ മുഖ്യ ഘടകം.

■

**airtickets@lowest possible rate**



Riya

Travel & Tours (India) Pvt. Ltd.

**Arayadathpalam, Mavoor Road, Calicut. Phone : 4085000 (30 lines)**

RIYA TRAVELS-FOR VISA PROCESSING • RIYA HOLIDAYS - TOUR PACKAGE

RIYA FOREX - MONEY CHANGER • RIYA CONNECT - ONLINE AIR TICKET BOOKING

**www. riyagroup.travel**

നാദിർ

# യഥാർത്ഥ അവകാശി



**ബ**സറയിൽ ഷാജഹാൻ എന്ന ഒരു രാജാവുണ്ടായിരുന്നു. ആ രാജാവ് വളരെ സമർത്ഥനും തന്ത്രശാലിയുമായിരുന്നു. രാജ്യകാര്യങ്ങളിൽ അദ്ദേഹത്തിനെന്നും ഉൻമേഷമുണ്ടായിരുന്നു. അതുകൊണ്ട്തന്നെ രാജ്യം വികസിച്ചിട്ടുമുണ്ട്.

ഒരു ദിവസം ഒരു സംഘം ഗ്രാമീണർ അദ്ദേഹത്തെ മുഖംകാണിച്ച് പരാതിപ്പെട്ടു:“പ്രഭോ, ഞങ്ങളുടെ ഗ്രാമത്തിലിപ്പോൾ കടുത്ത ക്ഷാമമാണ്. ഞങ്ങൾക്കെല്ലാം ഏക ആശ്രയം ഗ്രാമാതിർത്തിയിലെ ഒരേയൊരു കിണറാണ്. പക്ഷേ, അതും ഇപ്പോൾ വറ്റുമെന്ന അവസ്ഥയിലാണ് നിൽക്കുന്നത്. ആയതിനാൽ തിരുമനസ്സ് മുൻകയ്യെടുത്ത് ഒരു നല്ല പൊതുകിണർ കുഴിപ്പിച്ചുതരണം.” നല്ലവനായ രാജാവ് പുതിയ കിണർ നിർമ്മിക്കാൻ ഉത്തരവിടുകയും ചെയ്തു. ആളുകൾ ആവേശഭരിതരായി.

ആഴ്ചകൾ കഴിഞ്ഞു. കിണർ നിർമ്മാണം പൂർത്തിയായി. അതിന്റെ ഉദ്ഘാടനത്തിനായി രാജാവും പരിവാരങ്ങളും വന്നു. കിണറിന്റെ അടുത്തെത്തി അതിന്റെ ചുറ്റും കണ്ണോടിച്ച അദ്ദേഹം സന്തോഷവാനായി. പക്ഷെ, പെട്ടെന്ന് അദ്ദേഹത്തിന്റെ മുഖഭാവം മാറി.സന്തോഷത്തിനു പകരം ദേഷ്യമായി. ഒന്തിന്റെ നിറം മാറുന്ന പോലെ!

കിണറിലെത്തിനോക്കിയ അദ്ദേഹം കോപംകൊണ്ട് വിറച്ചു. അദ്ദേഹം അലറി: “ഹും, ആരാണ് ഈ കിണർ പണികഴിപ്പിച്ചത്? എത്രയും പെട്ടെന്ന് അയാളെ നമ്മുടെ മുമ്പിൽ ഹാജരാ

ക്കുക!'' അവിടെ കൂടിയവരെല്ലാം രാജാവിന്റെ കോപത്താലുള്ള നോട്ടം കണ്ട് ഭയന്നു പോയി. കാരണം, ഇന്നേവരെ രാജാവ് ആരെയും കോപത്തോടെ നോക്കിയിട്ടില്ലായിരുന്നു.

രാജാവ് വീണ്ടും സേനാനായകനോട് കോപിച്ച്കൊണ്ട് പറഞ്ഞു. "എന്താ ചോദിച്ചത് കേട്ടില്ലേ? ഇതിത്രയും മോശമായ രീതിയിൽ നിർമ്മിച്ചതാരാണെന്ന്? പേടിച്ചു വിറച്ച സേനാനായകൻ ഗ്രാമത്തലവനെ കാണിച്ച് അദ്ദേഹമാണിതിന് മേൽനോട്ടം വഹിച്ചതെന്ന് തീർത്ത്പറഞ്ഞു. എന്നാൽ ഗ്രാമത്തലവൻ ഒഴിഞ്ഞ്മാറിക്കൊണ്ട് കൊട്ടാരം സെക്രട്ടറിയാണ് ഇത്പ്രകാരം പണിയാനാജ്ഞാപിച്ചതെന്ന് പറഞ്ഞ് അയാൾ രക്ഷപ്പെട്ടു. ഒടുവിൽ ഇതിന്റെ ഉത്തരവാദിത്തം കൊട്ടാരം കോൺട്രാക്റ്റർ അബുവിലെത്തി. ഗത്യന്തരമില്ലാതെ അബുവിനത് സമ്മതിക്കേണ്ടിവന്നു.

ഉടനെ രാജാവിന്റെ മുഖഭാവം മാറി. അദ്ദേഹം അബുവിനെ തന്നിലേക്ക് അടുപ്പിച്ചു കൊണ്ട് പറഞ്ഞു: "അബൂ!, തന്റെ പ്ലാനിംഗ് നന്നായിട്ടുണ്ട്. നമുക്ക് വലിയ സന്തോഷമുണ്ട്. ഇതാ ഒരു ചെറിയ സമ്മാനം! ഒരു വലിയ പണക്കിഴിനീട്ടിക്കൊണ്ട് രാജാവ് തുടർന്നു."ഈ സമ്മാനത്തിന്റെ യഥാർത്ഥ അവകാശി ആരാണെന്നറിയാൻ ഒരു പരീക്ഷണം നടത്തിയതാണ് നാം". അതാണ് നാം ക്ഷോപിച്ചത്. മറിച്ച്, ഇത് നന്നായി എന്ന് പറഞ്ഞുകൊണ്ടാണ് നിർമ്മാതാവിനെ അന്വേഷിച്ചതെങ്കിൽ നിർമ്മാതാവാണെന്ന് പറഞ്ഞ് ഒട്ടേറെ പേർ രംഗത്ത് വരുമായിരുന്നു. അപ്പോൾ യഥാർത്ഥ നിർമ്മാതാവാരാണെന്ന് മനസ്സിലാവുകയും ഇല്ല."

മറ്റുള്ളവർ ഇളിഭ്യരായി നോക്കിനിൽക്കേ, അബു സമ്മാനവും സ്വീകരിച്ച് രാജാവിന് നന്ദി പറഞ്ഞുകൊണ്ട് അഭിമാനപൂർവ്വം നിവർന്നുനിന്നു. ■

*With Best Compliments from...*

**കാലിക്കറ്റ് സിറ്റി സർവ്വീസ് കോ–ഓപ്പറേറ്റീവ് ബാങ്ക്**

**സാമൂതിരിയൻസ് സ്ക്വയർ, റെയിൽവേ സ്റ്റേഷൻ ലിങ്ക് റോഡ്, കോഴിക്കോട്**

**ഫോൺ: 2306311, 3253500.**

**ഒരു ക്ലാസ് 1 സ്പെഷൽ ഗ്രേഡ് ബാങ്ക്** | **ISO 9001-2000 Certified Bank**

**Branches :**

| | | | |
|---|---|---|---|
| Main Branch | - 3253500 | Payyanakkal Br. | - 3253544 |
| Thiruvannur Br. | - 3253511 | Chevarambalam Br. | - 3244155 |
| NGO Quarters | - 3253522 | Mavoor Road Br. | - 3266166 |
| Francis Road Br. | - 3253533 | Karaparamba Br. | - 3266177 |
| | | Kuttiyil Thazham Br. | - 3266288 |

- **രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെ പണമിടപാടു സൗകര്യം**
- ഇന്ത്യയിലെവിടേക്കും ഏറ്റവും കുറഞ്ഞ നിരക്കിൽ **ഡിമാന്റ് ഡ്രാഫ്റ്റ് സൗകര്യം**
- എല്ലാ ബ്രാഞ്ചുകളിലും (കാരപ്പറമ്പ് ബ്രാഞ്ച് ഒഴികെ) സേഫ് ഡിപ്പോസിറ്റ് ലോക്കർ സൗകര്യം
- **സിറ്റി ഗോൾഡ് പവന് 7000 രൂപവരെ നിമിഷങ്ങൾക്കുള്ളിൽ വായ്പ**
- **സ്വർണ്ണപണയ ഇടപാടുകൾ 9.30 മുതൽ 5 മണിവരെ**
- 24 മണിക്കൂറും തുറന്നു പ്രവർത്തിക്കുന്ന **നീതി മെഡിക്കൽ സ്റ്റോർ**
  (കോഴിക്കോട് മെഡിക്കൽ കോളജിന് സമീപം, **ഫോൺ: 3204378**)

*ഭരണസമിതിക്കുവേണ്ടി*

**സി.എൻ. വിജയകൃഷ്ണൻ**
പ്രസിഡണ്ട്

**"ഈ നഗരം സിറ്റി ബാങ്കിനൊപ്പം"**

**സാജു ജെയിംസ്**
സെക്രട്ടറി

# ഓർമ്മയുടെ അഴിക്കൂട്ടിൽ

റൂബി പർവ്വീൺ

ഓർത്തു സതീർത്ഥ്യരെ, ഒരിക്കൽകൂടി ഞാൻ
ആ ചുടുകാറ്റെന്നിൽ വന്ന് തഴുകുമ്പോൾ
അകലെ ഉയർന്ന്പൊങ്ങുന്നൊരുകൂട്ടം
കെട്ടിടം എന്നെ നോക്കി ചിരിക്കുന്നിതാ വീണ്ടും
നാളെ എന്നെയും തകർത്തെറിഞ്ഞുകൊണ്ടവനുടെ
സോദരനിവിടെ ഉയർന്ന്പൊങ്ങുമെന്നോർത്തിട്ടോ?
ഭീതിതൻ അസുഖമേകിടും ഇരുളിന്ന് എൻ ചിത്തമാകെ
നിറഞ്ഞൊഴുകീടുമ്പോൾ, ഓർത്തുഞാനൊരിക്കൽകൂടിയാ-
നല്ല നാളുകൾ എനിക്കേകിയ സതീർത്ഥ്യരെ; തണുപ്പാർന്ന
കൈകളാൽ എന്നെ പുണർന്നുക്കൊണ്ടിക്കിളികൂട്ടിയ മന്ദമാരുതനെ.
ഓർത്തുനോക്കുന്നുഞാൻ, പച്ചപട്ടുടുത്ത എൻ ദേഹമാകെയും,
മഞ്ഞപ്പുള്ളികളും വന്ന്ചേരുന്നിതാ, ഇരുട്ടിലും മാരിയിലും
ഭീതി നിറയ്ക്കുന്നൊരു ഇടിമിന്നൽ പിണറിലും
എൻ മനതാരിൽ ധൈര്യമേകിയ ശക്തിപോലും
ഇന്നെന്നുടെ ഈയവസ്ഥയിൽ പരിതപിക്കുന്നതില്ല.
ദുഷ്ടരുടെ കൈകളിൽനിന്നെന്നെ കാത്തൊരെൻ
താതനാം മലനിരകൾ ഇന്നെൻ നിലവിൽ മാത്രം.
പ്രകൃതിയാം എന്നുടെ കുടുംബത്തിലന്നൊരാട്ടിൻ-
തോലന്നിഞ്ഞൊരു ചെന്നായ വന്നു,
മധുവൂറും അവനുടെ വാക്കുകൾ എന്നുടെ മനസ്സാകെയന്ന് കവർന്നെടുത്തു.
മാനവനാമവനെ നമ്പിക്കൊണ്ടന്ന് മമ നെല്ല്
വിളയാം തനയരെ അവന് സമർപ്പിച്ചു ഞാൻ
സ്നേഹമൂറും പരിചരണങ്ങൾ എനിക്കേകി വളർന്ന അവനുടെ
മനസ്സിലെന്നോ ഞാനോരു ശാപമായി തോന്നിപ്പോയി.
അവന്റെ വികസനസങ്കൽപജാലകങ്ങളുടെ മുന്നിൽ
ശാപമാമൊരാഴിയായെന്നെ കരുതിയവൻ
എൻ അരുമ സോദരരെ ഒന്നൊന്നായി നശിപ്പിച്ചവനൊരുനാ-
ളെന്നെയും കുരുതി നൽകിടും നാശത്തിന്
അവനുടെ നീരാളിപ്പിടുത്തത്തിൽനിന്നെന്നെ
രക്ഷിക്കുവാനൊരു രക്ഷകനില്ലെനിക്ക്
ഇന്ന് ഞാൻ ആശിപ്പൂ അമൃതവർഷതുല്യമാം
തെളിനീരുകൊണ്ടെൻ മാരിയാം സോദരൻ
ഒന്നു വന്നെന്നരികിൽ അണഞ്ഞെങ്കിലെന്ന്
തണുപ്പാർന്ന കൈകളാൽ എന്നെ പുണർന്നിരുന്നെൻ
മന്ദമാരുതൻ ഇന്ന് വന്നെന്നരികിലൂടെ
വിഷപ്പൂകയേന്തിയ ചൂടാർന്ന കൈകളാൽ
തഴുകി കടന്ന്പോയിടുമ്പോൾ, ശപിപ്പൂ ഞാൻ
ലോകനാഥനെ, എന്തെന്നാൽ എനിക്കേകിയവൻ
ഈ നരകതുല്യജീവിതം, എങ്കിലുമിന്നീ
ജീവിതത്തിൽ എനിക്കാശ്രയം ആ
പഴയകാലത്തിൽ മധുരമാമോർമ്മകൾ മാത്രം...

**അഞ്ജന. ടി**

## മഴ വന്നപ്പോൾ

മഴ വന്നേ, മഴ വന്നേ
പാറമുകളിൽ മഴ വന്നേ
മഴയെത്തേടി വന്ന മരങ്ങൾ
നൃത്തംചെയ്യാൻ തുടങ്ങുന്നേ
ഇടിമുഴക്കം കേട്ട് കിളികൾ
തൻ കൂട് തേടി പറക്കുന്നേ
മഴ വന്നേ, മഴ വന്നേ
മലമുകളിൽ മഴ വന്നേ.

■

**അഞ്ജു**

## കൂടില്ലാത്തണ്ണാൻ

കൂടില്ലാത്തണ്ണാനെ വാവാവാ....
കൂടുവാൻ ഞാനൊരു കൂട്തരാം
ആടിയും പാടിയും മാമരച്ചില്ലയിൽ
ഒടിക്കളിക്കുവാൻ ഒന്ന്വായോ.
മാമ്പഴച്ചില്ലയിൽ നിന്ന് വേഗം
മാമ്പഴം ഒന്നിങ്ങിട്ടുതായോ
അണ്ണാരക്കണ്ണാ ഒന്ന്വേഗം
എൻകൂടെ ഓടിക്കളിക്കൂ വായോ.

■

**കശ്യപ് വർമ്മ. കെ. സി.**

## ആനക്കാഴ്ച

ആന വരുന്നേ, ആന വരുന്നേ
ആനേടെ മുകളിൽ ഞാനും
ആയിരം ആളുകൾ കാണുന്നു
അമ്മേ അമ്മേ ഞാൻ വന്നു
ആളുകൾ കൊട്ടിരസിക്കുന്നു
ഞാനും കൊട്ടിരസിക്കുന്നു
ആളുകൾ ചിൽ ചിൽ പാടുന്നു
ഞാനും ചിൽചിൽ പാടുന്നു.
വാണവും പടക്കവും പൊട്ടുന്നു
ഞാനുമതിൽ രസിക്കുന്നു
വെളിച്ചപ്പാടുകൾ തുള്ളുന്നു
എന്റെ മനസ്സും തുള്ളുന്നു
ആറാട്ടു കടവിൽ ചാടുന്നു
ഞാനും കൂടെ ചാടുന്നു.

■

**ഹെന്ന സുൽത്താന**

## സ്വപ്നം

വാനത്തിലേക്ക് ഞാൻ നോക്കിയ നേരം
വാനമാകെ നിറം മങ്ങിനിന്നു
കാർമേഘം മൂടിപ്പുതച്ചുറങ്ങുന്ന
വാനത്തിൽ നിന്നും
ഒരിറ്റു മഴത്തുള്ളി താഴേക്ക് പോന്നു
മഴത്തുള്ളി എൻ ശിരസിൽ വീഴ്കെ,
എൻ ശരീരമാകെ കോരിത്തരിച്ചുപോയി.
ഒരു ചെറു പുഞ്ചിരിയുമായി ഞാൻ നിൽക്കവെ
പെട്ടെന്നതാ ഒരു വെട്ടവുമായ് മിന്നൽ
മിന്നലിൻകൂടെയോ, ഗംഭീര ശബ്ദമിടിമുഴക്കി
ഞെട്ടി ഞാൻ നോക്കവേ
എൻ ചുറ്റും കൂരിരുട്ടല്ലാതൊന്നുമില്ല.
അമ്മയുമച്ഛനുമോടിവന്നെന്നരികെ ഇരുന്നു.
അമ്മയുടെ മധുരം നിറഞ്ഞ താരാട്ട് കേട്ടഞാൻ
പിന്നെയും സ്വപ്നത്തിൽ
മുങ്ങിമയങ്ങിപ്പോയ്.

■

**സലീന ഫാത്തിമ**

## എന്റെ ജീവിതം

കരയുകയാണെൻ ജീവിതം!
സ്നേഹിക്കാനാരുമില്ല! എന്നെ,
ഓമനിക്കാനാരുമില്ല! സ്നേ-
ഹത്തിൻ വാക്കുകളില്ല. പകരം
ദുഃഖത്തിൻ വാക്കുകൾ മാത്രം
എപ്പഴും കേൾക്കുന്ന ദുഃഖം,
വാക്കുകൾ, എന്നും മന-
സ്സിൽ മായാതെ കിടന്നുപോയി
എൻ ജീവിതമേ,
ഞാൻ പാടിടുന്ന, എന്തിന്
നീവന്നു ശപിക്കുന്ന ജീവിതമേ!
എന്നെ മാറ്റിമറിക്കുന്ന ജീവിതമേ
ഒരിക്കലും സ്മരിക്കില്ല നിന്നെ ഞാൻ,
കരയുകയാണെൻ ജീവിതം,
ആശിച്ചതുകിട്ടാതെ-
അലയുകയാണ് ഞാൻ!

■



ആതിര. ഡി.

# മാനവ സമുദായവും ലോക സമാധാനവും

നാമേവരും മനുഷ്യസമുദായത്തിൽ ഉൾപ്പെട്ടവരാണ്. അതുകൊണ്ട് നാം ലോകത്തിന്റെ നന്മയ്ക്കും സമാധാനത്തിനും വേണ്ടി പ്രവർത്തിക്കേണ്ടവരുമാണ്. മനുഷ്യരെല്ലാവരും സ്വന്തം വർഗ്ഗത്തിൽപെട്ടവരെത്തന്നെ ഇല്ലായ്മചെയ്തുകൊണ്ടിരിക്കുന്നു. ഇങ്ങനെ പോയാൽ ലോകസമാധാനം എന്ന് പറയുവാനേ നമുക്കാകൂ. അതൊരിക്കലും ഉൾക്കൊള്ളുവാൻ സാധിക്കില്ല.

മാവേലി നാടുവാണീടും കാലം
മാനുഷ്യരെല്ലാരുമൊന്നുപോലെ

എന്ന ഈ ഈരടികൾ മലയാളികൾക്ക് ഹൃദിസ്ഥമാണ്. പക്ഷേ, ഇന്നത്തെ സ്ഥിതി വളരെ വ്യത്യസ്ഥമാണ്. ജാതി, മതം, വർഗ്ഗം, രാഷ്ട്രീയം തുടങ്ങിയവ നമ്മുടെ സമൂദായത്തെ ബന്ധിച്ചിടുകയാണ് ചെയ്യുന്നത്. അതിനാൽ ആ ബന്ധനത്തിൽനിന്ന് നമ്മുടെ സമുദായത്തെ മോചിപ്പിക്കുവാൻ നാം ഒറ്റക്കെട്ടായി പ്രവർത്തിക്കേണ്ടതുണ്ട്. നമ്മുടെ നാട്ടിലെ മുഴുവൻ ജനങ്ങളും മനുഷ്യസമാധാനം നിലനിർത്താൻ ശ്രമിക്കണം. മുതിർന്ന ജനതയെ നമുക്ക് ഒരിക്കലും മാറ്റിയെടുക്കാൻ സാദ്ധ്യമല്ല. അഥവാ, സാധി

ക്കുമെങ്കിൽ അത് വളരെ കഠിനമാണ്. അതുകൊണ്ട് ഈ ആശയം നമ്മൾ കൊച്ചുകുട്ടികൾക്ക് പഠിപ്പിച്ചു കൊടുക്കണം. മുതിർന്നവരേക്കാൾ ഏറെ കുട്ടികൾക്ക് അത് മനസ്സിലാക്കാനുള്ള കഴിവുണ്ട്.

ലോകപ്രശസ്ത കവിയായ രവീന്ദ്രനാഥ ടാഗോർ തന്റെ സാഹിത്യസപര്യക്ക് പുറമെ ഒരു നല്ല വിദ്യാഭ്യാസ വിദഗ്ദ്ധൻ കൂടിയായിരുന്നു. അദേഹം മനുഷ്യ സമുദായത്തിന്റെ മോചനത്തിന്വേണ്ടി ഏറെ പ്രയത്നിക്കുകയും ചെയ്തു. സമുദായം ഒന്നേയുളളുവെന്നും അത് മാനവസമുദായമാണെന്നും ലോകമാകുന്ന കുടുംബത്തിലെ അംഗങ്ങളാണ് തങ്ങളെന്നുമുളള ബോധം ഒരോ വിദ്യാർത്ഥിയിലും സൃഷ്ടിച്ചെടുക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു.

ലോക സമാധാനത്തിനെപ്പറ്റിയും ഒട്ടനവധി ഗ്രന്ഥങ്ങൾ രചിച്ചിട്ടുള ഒരു മഹാവ്യക്തികൂടിയാന് അദ്ദേഹം. ഇതിനുപുറമെ അദ്ദേഹം സ്ഥാപിച്ച വിശ്വഭാരതി എന്ന കലാലയം ഒട്ടനവധി ഇന്ത്യൻ പൗരൻമാർക്ക് മാർഗ്ഗദർശിയായിത്തീർന്നു. യത്ര വിശ്വം ഭവത്യേകനീഡം (ലോകം ഇവിടെ ഒരു പക്ഷിക്കുട് പോലെ ഭവിക്കുന്നു) എന്ന് അദേഹം വിശ്വഭാരതിയുടെ കവാടത്തിൽ എഴുതിവെച്ചിട്ടുണ്ട്. മലയാളത്തിന്റെ പ്രിയ കവിയായ വളളത്തോൾ ലോകമേ തറവാട്, അതായത്, ലോകമാകുന്ന തറവാട്ടിലെ അംഗങ്ങളാണ് നമ്മൾ എന്ന് ഉദ്ഘോഷിച്ചു. അമേരിക്കൻ രാഷ്ട്രതന്ത്രജ്ഞനായ എച്ച്. ജി. വെൽസ് ലോകചരിത്ര സംഗ്രഹം എന്ന ഗ്രന്ഥം എഴുതുകയുണ്ടായി.

മാറ്റുവിൻ ചട്ടങ്ങളെ സ്വയം അല്ലെങ്കിൽ മാറ്റുമത് നിങ്ങളെത്താൻ എന്ന് കുമാരനാശാൻ പറഞ്ഞിട്ടുണ്ട്. അദേഹം എഴുത്തിയ ഈ രണ്ട് വരികൾ ലോകജനത അംഗീകരിക്കേണ്ടതാണ്. കാരണം, അദേഹം പറഞ്ഞതുപോലെ നമ്മുടെ ശീലങ്ങൾ മാറ്റണം, അല്ലെങ്കിൽ അത് നമ്മളെത്തന്നെ മാറ്റുമെന്നാണ്. ഈ വരികൾ വളരെ അർത്ഥവത്തായതാണ്. നമ്മുടെ ചുറ്റുപാടുകളിലേക്ക് നാം തിരിഞ്ഞ്നോക്കിയാൽ ഒട്ടനവധി പരിവർത്തനങ്ങൾ വരുത്തേണ്ടിവരും. അതുപോലെത്തന്നെ ലോകസമാധാനത്തിനുവേണ്ടി നാം പരിശ്രമിക്കണം. ■

അർത്ഥന

# സഹോദരങ്ങൾ



**മീ**നുവിന് വയസ്സ് പതിനൊന്നേയുള്ളൂ. അവളൊരു കുടുംബനാഥയാണ്. കഴിഞ്ഞ രണ്ട് വർഷമായി അവളുടെ കുടുംബത്തിന്റെ ചുമതല അവൾക്കാണ്. കരിങ്കൽ തൊഴിലാളികളായിരുന്ന മുരുകന്റെയും മല്ലികയുടെയും മകളാണ് മീനു. ചിന്തുവും അമ്മുവുമാണ് അവളുടെ സഹോദരങ്ങൾ, ഒരു ദിവസം പണിക്കപോയ അമ്മയും അച്ഛനും കരിങ്കൽമടയിലുണ്ടായ ഒരു അപകടത്തിൽ മരിച്ചു. പണ്ടെങ്ങോ കയറിവന്ന ഒരു പൈക്കിടാവ് അവരെ പട്ടിണിയിൽനിന്ന് രക്ഷിച്ചു. ഇപ്പോൾ മീനു പാലുവിറ്റിട്ടാണ് അവളുടെ അവളുടെ കുടുബം നോക്കുന്നത്. എല്ലാ വിട്ടിലും പതിവ് പോലെ പാല് വിറ്റ് വരുമ്പോൾ, അവസാനം പാല് കൊടുത്ത വീട്ടിൽനിന്ന് അവൾക്ക് അവളുടെ കൂലി കിട്ടി. വീട്ടിലേക്ക് വരുന്ന വഴി വെള്ളം.. വെള്ളം... എന്ന് പറഞ്ഞ് കരയുന്ന ഒരു ചെറിയ കുട്ടിയെണ്ടു. ആ കുഞ്ഞ് അവളുടെ അടുത്തേക്ക് വന്നു. അന്ന് കിട്ടിയ കൂലിയെടുത്ത് അവൾ ആ കുഞ്ഞിന് ഭക്ഷണം വാങ്ങിക്കൊടുത്തു. നിന്റെ അമ്മ എവിടെയാണെന്ന് ചോദിച്ചപ്പോൾ, എനിക്ക് അമ്മയും അച്ഛനുമില്ലെന്ന് കുട്ടി ഉത്തരം നൽകി. അന്ന് മുതൽ അവൾ ആ കുട്ടിയെ താൻ താമസിക്കുന്ന കൊച്ചുകുടിലിലേക്ക് വിളിച്ചുകൊണ്ട്പോയി. അവളുടെ സഹോദരങ്ങൾ ആ കുട്ടിയെ രണ്ട്കൈയും നീട്ടി സ്വീകരിച്ചു. അന്ന് മുതൽ മീനു ആ കുഞ്ഞിനെ തന്റെ കൂടപ്പിറപ്പിനെപോലെ സ്നേഹിച്ച് സംരക്ഷിച്ചു. അനു എന്ന പേരും നൽകി. ■

ഷാരോലിൻനാഥ് പി.



# ആലിലക്കണ്ണൻ

ആലിലതന്നിൽ പളളിയുറങ്ങുന്ന
പീലിക്കണ്ണുകളുള്ളൊരു മായക്കണ്ണാ
നിൻ ഓടക്കുഴലിന്റെ നാദത്തിൻ കൂടെയെൻ
ശ്വാസത്തിൻ താളവും ചേർന്നിടട്ടെ
നിയൊരു ജന്മമുണ്ടെങ്കിൽ ഞാൻ നിന്നുടെ
തൃക്കൈയിൽ വെണ്ണയായ് മാറിടട്ടെ
കാർമേഘവർണ്ണാ നിൻ വൃന്ദാവനത്തിലെ
ഒരു നറു പുഷ്പമായി മാറിടട്ടെ.

അശ്വിൻ ജെ. പി

# പൂന്തോട്ടം

ഒരോ മലരും വിരിഞ്ഞു നിന്നു
ശലഭങ്ങളെല്ലാം പറന്നു വന്നു
ചോമ്പകം, പൂമുല്ല, ചെട്ടിച്ചെടികളും
തെച്ചിയും പിച്ചിയും പൂത്തുലഞ്ഞു.
വണ്ടുകളാനന്ദപ്പാട്ട് പാടി
ചെമ്പകപ്പൂവിലിരുന്നുകൊണ്ട്
പൂത്തുമ്പി പാറിപ്പറന്ന് വന്നു
പുന്തേൻ കുടിച്ച് രസിച്ചുനിന്നു.
കാർതെന്നലങ്ങിങ്ങ് വീശിയപ്പോൾ
പൂവുകൾ ആനന്ദനൃത്തമാടി
പക്ഷികളാഹ്ലാദപ്പാട്ട് പാടി
മയിലുകൾ സന്തോഷനൃത്തമാടി
കുട്ടികൾ പാടിക്കളിച്ചിരുന്ന
പൂന്തോട്ടമെന്തൊരു ഭംഗിയാണ്.

ലിജു ജോസ്

# നമ്മുടെ ഭാഷ

നമുക്കെല്ലാം അറിയാവുന്നതുപോലെ നമ്മുടെ ഭാഷ, മലയാളം, വളരെ മനോഹരമാണ്. ഭാഷകളിൽ ഏറ്റവും നല്ലത് എന്ന വിശേഷണംപോലും മലയാളത്തിന് ചേരും. മലയാളത്തെ പുകഴ്ത്തി പല കവികളും പാടിയിട്ടുണ്ട്. അതേ, അത്രസുന്ദരമാണ് നമ്മുടെ ഭാഷ. എന്നാൽ, ചിലപ്പോഴെങ്കിലും നാം നമ്മുടെ മലയാളത്തെ മാറ്റിനിർത്തി അതിനെ തരംതാഴ്ത്തുന്നില്ലേ? തീർച്ചയായും, ക്ഷണിക്കാത്ത അതിഥിയെപ്പോലെ കയറിവരുന്ന ആംഗലേയം നമ്മുടെ മലയാളത്തെ തരംതാഴ്ത്തുന്നു. മാറുന്ന ജീവിതശൈലികളും സംസ്കാരവും സമ്പ്രദായങ്ങളും, പാഠപുസ്തകങ്ങളും ഇതിൽ ഒരു പങ്ക്വഹിക്കുന്നുണ്ടെങ്കിലും പ്രധാനമായും മലയാളികൾതന്നെയാണ് ഇതിനെല്ലാം വളംവെച്ച്കൊടുക്കുന്നത്. ഇങ്ങനെ പോയാൽ നാം സ്നേഹിക്കുന്ന ഇംഗ്ലീഷ് നമ്മളെയും നമ്മുടെ മനോഹരമായ മലയാളത്തെയും പിടിച്ചെടുക്കും. പണ്ട് ഇംഗ്ലീഷുകാർ നമ്മുടെ നാട് കൈക്കലാക്കിയതുപോലെ. അതുകൊണ്ട്, നാം നമ്മുടെ മലയാളത്തെ സ്നേഹിക്കണം. നമുക്കേ നമ്മുടെ ഭാഷയെ രക്ഷിക്കാനാവു.

നിരുപമ. കെ



# മലയാളികളിൽ വായനാശീലം കുറയുന്നു

"വായന മനുഷ്യനെ പൂർണ്ണനാക്കുന്നു" എന്നൊരു മഹാൻ പറഞ്ഞിട്ടുണ്ട്. പക്ഷേ, മലയാളികളെ സംബന്ധിച്ച് വായനാശീലം ദൈനംദിനം കുറഞ്ഞുവരുകയാണ്. അതിന്റെ കാരണങ്ങളെക്കുറിച്ച് പഠനം നടത്തുമ്പോൾ നിരവധി വസ്തുതകൾ നമുക്ക് മുമ്പിൽ തെളിഞ്ഞ്‌വരുന്നു. അവയിൽ പ്രധാനവും പ്രഥമവുമായ കാര്യം നമ്മുടെ ദൃശ്യശ്രാവ്യ മാധ്യമങ്ങളുടെ വളർച്ചതന്നെയാണ്.

ആധുനിക മനുഷ്യന്റെ ജീവിതം തിരക്കേറിയതാണ്. ഒന്ന് സ്വസ്ഥമായി നിൽക്കാൻ നേരമില്ലാത്ത അവസ്ഥയിൽ അവനുണ്ടോ വായിച്ച് മെനക്കടാൻ പോകുന്നു. നൂറ്കൂട്ടം കാര്യങ്ങൾ ചുറ്റിലും കിടക്കുമ്പോൾ പുസത്കവായനയിലൂടെ സമയം നഷ്ടപ്പെടുത്തുവാൻ അവൻ ആഗ്രഹിക്കുന്നില്ല. വിവരസാങ്കേതിക വിദ്യയുടെയും വിനോദോപാധികളുടെയും വളർച്ച തിരക്കേറിയ ജീവിതത്തെ സുഗമമാക്കുന്നു.

മറ്റൊരു പ്രധാന കാര്യമുള്ളത്, ഇന്നിറങ്ങുന്ന പുസ്തകങ്ങളുടെ നിലവാരത്തകർച്ചയാണ്. വിഷയദാരിദ്ര്യവും ഭാവനാശക്തിയുടെ അഭാവവും മൂലം പല പുസ്തകങ്ങളും വിരസങ്ങളായി മാറുന്നു. അനുകരണവും ആവർത്തനവും പുസ്തകങ്ങളുടെ കെട്ടിനെയും മട്ടിനെയും പ്രതികൂലമായി ബാധിക്കുന്നു.

അറിവ് നേടാനും ആനന്ദം കൈവരിക്കാനും മറ്റു മാർഗ്ഗങ്ങൾ ധാരാളമുള്ളപ്പോൾ വൻ വിലകൊടുത്ത് കഴമ്പില്ലാത്ത പുസ്തകങ്ങൾ വാങ്ങിവായിച്ച് സമയം കളയുവാൻ ആരാണൊരുങ്ങുക? നമ്മുടെ വായനാശീലം തളർന്നുപോയതിന്റെ ഏതാനും കാരണങ്ങളാണിവിടെ കണ്ടെത്തുവാൻ ശ്രമിച്ചത്. സൂക്ഷ്മ നിരീക്ഷണത്തിൽ ഇവ യാഥാർത്ഥ്യങ്ങളെന്ന് മനസ്സിലാക്കാം.

■